# സത്യദൂതൻ

2018 സെപ്തംബർ | ലക്കം 9

വില ₹ 30



## പ്രകൃതി ക്ഷോഭവും ശാസ്ത്ര യാഥാർത്ഥ്യങ്ങളും

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ

2018 സെപ്തംബർ
ഹി.ശ.1398 - തബൂഖ്
1439 ദുൽഹജ് - 1440 മുഹറം
പുസ്തകം 90 ലക്കം 9
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം
**അല്ലാഹുവിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നിറവേറ്റുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 26-06-2017 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ഈദ് ഖുത്ബയുടെ സംഗ്രഹം. വിവ: മൗലവി ആരിഫ് മുഹമ്മദ്

**12**
**ജീവിപരിണാമം ആകസ്മികമോ?**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**18**
**അറബിയിൽ നിന്ന് ഇംഗ്ലീഷിലേക്ക്**
അലൻ പിം സ്മിത്ത്

**22**
**ടൂറിനിലെ തിരുശ്ശീല: അനാവരണം ചെയ്യപ്പെടുന്ന രഹസ്യങ്ങൾ**
നകാശാ അഹ്മദ്, ന്യൂ ജേഴ്സി, യു എസ് എ

**26**
**സ്നേഹം എന്ന വികാരം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹമദ് (റ)

**28**
**ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ശത്രുക്കളും ദൈവീക വാഗ്ദാനങ്ങളും**
ഇബ്നു വഫ, കോഴിക്കോട്

**33**
**സംസം നീരിന്റെ വിശുദ്ധിയുള്ള കവിതകൾ**
കെ. ടി രാധാകൃഷ്ണൻ കൂടാളി

**35**
കുറിപ്പുകൾ
**പ്രകൃതി ക്ഷോഭവും ശാസ്ത്ര യാഥാർത്ഥ്യങ്ങളും**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അപ്പോൾ കുത്തിയൊലിക്കുന്ന വെള്ളത്തോടുകൂടിയ ആകാശത്തിന്റെ കവാടങ്ങൾ നാം തുറന്നു വിട്ടു. നാം ഭൂമിയിൽ നിന്ന് ഉറവകളൊഴുക്കുകയും ചെയ്തു. അപ്പോൾ (ആകാശത്തു നിന്നും ഭൂമിയിൽ നിന്നുമുള്ള) വെള്ളം നിർണിതമായ ഒരു കാര്യത്തിന് വേണ്ടി കൂടിച്ചേർന്നു... തീർച്ചയായും നാം അതിനെ ഒരു ദൃഷ്ടാന്തമായി വിട്ടിരിക്കുന്നു. എന്നാൽ ഉപദേശം സ്വീകരിക്കുന്ന വല്ലവരുമുണ്ടോ? (54:12– 16)



## നബിവചനം

യഥാർഥ ദാനങ്ങൾ ആപത്തുകൾ തടയുന്നു.

(തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം

### നൂഹിന്റെ കാലം കൺമുമ്പിൽ വരും



തന്റെ മുമ്പാകെ പല നിന്ദ്യമായ കർമങ്ങളും ചെയ്യപ്പെട്ടിട്ടും ഒരു ദീർഘകാലം വരെ ദൈവം മൗനം അവലംബിച്ചു. ഇനി അവൻ അത്യന്തം ഭയങ്കരതയോടുകൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂരമല്ല. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ. ഞാൻ എല്ലാവരെയും ദൈവത്തിന്റെ രക്ഷയിൽ തെളിച്ചു കൂട്ടുന്നതിന് ആവുന്നതും ശ്രമിച്ചു, എന്നാൽ നിയതി നിയമം പൂർത്തിയാകേണ്ടത് ആവശ്യമാണല്ലോ! ഞാൻ സത്യമായും നിങ്ങളോട് പറയുന്നു: ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചു കൊണ്ടിരിക്കയാണ്. നൂഹിന്റെ കാലം നിങ്ങളുടെ കൺ മുമ്പാകെ വരും. ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ട് കാണും. എന്നാൽ ദൈവം ക്രോധത്തെ വെളിപ്പെടുത്തുന്നതിൽ സാവധാനിയാകുന്നു. തന്മൂലം നിങ്ങൾ ദൈവകാരുണ്യത്തിന് പാത്രമായി ത്തീരുന്നതിന് പശ്ചാത്തപിച്ച് മാനസാന്തരപ്പെടുവീൻ. ഏതൊരുവൻ ദൈവത്തെ കൈവെടിയുന്നുവോ അവൻ മനുഷ്യനല്ല. വെറുമൊരു കീടമാകുന്നു. ഏതൊരുവൻ സർവശക്തനെ ഭയപ്പെടുന്നില്ലയോ അവൻ മൃതപ്രായനാകുന്നു; ജീവനുള്ളവനല്ല.

*(ഹഖീഖത്തുൽ വഹ്‌യ് –1905)*

എഡിറ്റോറിയൽ

# പരിസ്ഥിതിയും മനുഷ്യന്റെ പ്രവർത്തനങ്ങളും

***'മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു.'(30:42)***

സ്രഷ്ടാവായ അല്ലാഹു സമാധാനത്തോടും ശാന്തമായും ജീവിക്കാനാണ് നമുക്ക് ഭൂമി അനുവദിച്ചിട്ടുള്ളത്. ഭൂമിയിലെ സ്വാഭാവിക പരിസ്ഥിതിയെ തകിടം മറിക്കുമാറ് മനുഷ്യന്റെ നിർമ്മാണവും വികസനപ്രവർത്തനങ്ങളും എറിവന്നത് ആധുനിക കാലഘട്ടത്തിലാണ്. അവധാനതയും പഠനങ്ങളും ദീർഘവീക്ഷണവുമില്ലാതെ താൽക്കാലിക ഉപഭോഗം മാത്രം ലക്ഷ്യം വെച്ചുകൊണ്ടുള്ള വിവേകശൂന്യമായ  മനുഷ്യ പ്രവർത്തനങ്ങൾ അത്യന്തം ചലനാത്മകമായ കാലാവസ്ഥയേയും ഭൂജലത്തിന്റെ ചാക്രിക വ്യവസ്ഥയെയും പ്രക്ഷുബ്ധമാക്കുമാറ് സാരമായി ബാധിക്കുന്നു.

ഭൂമിയും ആകാശവുമെല്ലാം ഒരുജൈവവ്യവസ്ഥപോലെ അല്ലാഹുവിനെ പ്രകീർത്തനം ചെയ്യുന്നതായി ഖുർആൻ പറയുന്നു. പക്ഷേ പലപ്പോഴും മനുഷ്യൻ അത് ഗ്രഹിക്കുന്നില്ല.

**'ഏഴ് ആകാശവും ഭൂമിയും അവയിലുള്ളവയുമെല്ലാം അവന്റെ പരിശുദ്ധിയെ പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു. അവനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കാത്ത ഒരു വസ്തുവും ഇല്ല തന്നെ. പക്ഷേ അവയുടെ പ്രകീർത്തനങ്ങൾ നിങ്ങൾ ഗ്രഹിക്കുന്നില്ല. തീർച്ചയായും അവൻ എത്രയും സഹനശീലനും സർവഥാ പൊറുക്കുന്നവനുമാണ്.'(17 45) 'ഭൂതലത്തെ വികസിപ്പിക്കുകയും അതിൽ ഉറച്ച് നിൽക്കുന്ന പർവതങ്ങളെ നാട്ടുകയും നദികളെ ഒഴുക്കുകയും ചെയ്തവനത്രേ അവൻ.  എല്ലാതരം കായ്കനികളിൽ നിന്നും അവൻ ഈരണ്ട് ഇണകളെ സൃഷ്ടിച്ചു. പകലിനെ രാവിനാൽ അവൻ മൂടുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനതക്ക് ഇതിൽ ദൃഷ്ടാന്തമുണ്ട്.'(13:4)**

പ്രകൃതി നമുക്ക് മാത്രം അനുഭവിക്കാനുള്ളതല്ല. നമ്മുടെ  വരും തലമുറക്കും മറ്റു ജീവജാലങ്ങൾക്കും കൂടി അവകാശമുള്ളതാണ്. ആ അവബോധത്തോടെയായിരിക്കണം നാം ഭൂമിയിൽ ജീവിക്കേണ്ടത്. ഖുർആൻ പറയുന്നു:

**'ഭൂമിയെ എല്ലാ ജീവജാലങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചു.'(55: 8-11)**

കോടാനുകോടികൊല്ലങ്ങളായി മനുഷ്യനും മറ്റു ജീവികൾക്കും ജീവിക്കാൻ വേണ്ടി അല്ലാഹുവിന് സ്തോസ്ത്രം ചെയ്യുന്ന ഭൂമിയേയും അതിന്റെ പരിസ്ഥിതിയേയും അല്ലാഹു ഒരുക്കികൊണ്ടു വന്നത് ഒരു മനുഷ്യായുസ്സ് ഇവിടെ ജീവിച്ച് അടുത്ത തലമുറക്ക് നാം കൈമാറേണ്ടതുണ്ട്. അത് കൊണ്ട് ഭൂമിയിലെ നിർമാണങ്ങളും വികസന പ്രവർത്തനങ്ങളും പ്രകൃതിയുടെ സ്വഛവും സ്വാഭാവികവുമായ വ്യവസ്ഥയെ നശിപ്പിക്കുന്ന രീതിയിലോ താളം തെറ്റിക്കുന്ന രീതിയിലോ ആക്കാൻ നമുക്ക് ധാർമികമായി അവകാശമില്ല. അല്ലാഹു ബുദ്ധി തന്ന് അനുഗ്രഹിച്ച മനുഷ്യൻ പ്രകൃതിയിൽ ഇടപെടുമ്പോൾ അതിന്റെ സന്തുലന സംവിധാനങ്ങൾ ലംഘിക്കാനോ അതിക്രമിക്കാനോ പാടില്ല. ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ  നടത്തുമ്പോൾ ഖുർആന്റ ഈ ഉപദേശങ്ങൾ  നാം ശ്രദ്ധിക്കേണ്ടതുണ്ട്. ***'നിങ്ങൾ നീതിപൂർവ്വം തുലനം നിലനിർത്തുക. (55: 10)'*** എന്നതാണ് ആ ഉപദേശം.

വ്യവസ്ഥകളെ ലംഘിച്ചുകൊണ്ടും അനന്തര ഫലങ്ങളെ അവഗണിച്ചുകൊണ്ടും ഭൂമിയിൽ ജീവിക്കുന്ന മനുഷ്യനെ അല്ലാഹു ഉണർത്തുന്നു: 'നാം ആ അമാനത്ത് ആകാശങ്ങളുടെയും പർവതങ്ങളുടെയും മുമ്പിൽ വെച്ചുകാട്ടി. പക്ഷേ അതേറ്റെടുക്കുന്നതിന് അവ വിസമ്മതിക്കുകയും അതിനെ സംബന്ധിച്ച് ഭയപ്പെടുകയും ചെയ്തു. എന്നാൽ മനുഷ്യൻ അതേറ്റെടുത്തു. തീർച്ചയായും അവൻ ക്രമം തെറ്റിക്കുന്നവനും അനന്തര ഫലത്തെ അവഗണിക്കുന്നവനുമാണ്.'(34:73)



ഹദ്റത്ത് അഹ്മദ് (അ)

# കേവല നിഷേധം കൊണ്ട് മാത്രം ഈ ലോകത്ത് ശിക്ഷയില്ല


ശ്രദ്ധേയമായ കാര്യമെന്തെന്നാൽ മക്കക്കാർ റസൂൽ തിരുമേനിയെ (സ) യെ കേവലം നിഷേധിക്കുക മാത്രമായിരുന്നില്ല. ഒരാൾ തന്റെ അറിവില്ലായ്മ കൊണ്ട് കേവലം നിഷേധിക്കുകയാണെങ്കിൽ ഈ ലോകത്ത് അവന് ശിക്ഷ ലഭിക്കുകയില്ല. പക്ഷേ അവിശ്വാസി മനുഷ്യത്വത്തിന്റേയും സൽസ്വഭാവത്തിന്റേയും പരിധി ലംഘിച്ച് ലജ്ജാവിഹീനനായിക്കൊണ്ട് അധാർമികതയിൽ വർത്തിക്കുകയും സർവപീഡനങ്ങളും ആസൂത്രണം ചെയ്യുകയും അതിൽ അങ്ങേയറ്റം മുന്നോട്ട് പോകുകയും ചെയ്യുമ്പോൾ ദൈവകോപം പതച്ച് പൊങ്ങുകയും ദൈവം നൂഹിന്റെ ജനതയേയും ലൂത്തിന്റെ ജനതയേയും നശിപ്പിച്ചത് പോലെ അവന്റെ ദൂതന് വേണ്ടി അതിക്രമകാരിയെ നശിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ദൂതനും അനുയായികളും അത്തരം പീഢനങ്ങൾക്കും ക്രൂരതകൾക്കും വിധേയമാവുമ്പോൾ മാത്രമാണ് ദൈവം ഇങ്ങനെ ശിക്ഷയിറക്കാറ്. വെറും നിഷേധം കൊണ്ട് മാത്രം ദൈവം ഈ ലോകത്ത് ശിക്ഷിക്കാറില്ല. അത്തരം ശിക്ഷകൾക്കായി ദൈവം പരലോകം ഒരുക്കിവെച്ചിരിക്കുന്നു. പരിഹാസം, നിന്ദിക്കൽ, പീഢനം എന്നിവയെ തുടർന്നാണ് ഈ ലോകത്ത് ശിക്ഷയിറക്കുക.

കാര്യം പൂർണമായും ബോദ്ധ്യമാകാത്തത് കാരണം ഒരാൾക്ക് വിശ്വാസം സ്വീകരിക്കാൻ കഴിയാതെ മാറിനിൽക്കാവുന്നതാണ്. അത്തരം നിഷേധം ഒരിക്കലും ലോകത്ത് ശിക്ഷ വിളിച്ചുവരുത്തുന്നില്ല. കാരണം അത് അൽപ്പത്വം കൊണ്ടോ ധാരണാ ശക്തിയുടെ കുറവ് കൊണ്ടോ സംഭവിക്കാവുന്നതാകാം. ഞാൻ ദൃഢമായി വിശ്വസിക്കുന്നത്, നൂഹ് നബി (അ) യുടെ ജനത മാന്യമായ രീതിയിലാണ് അദ്ദേഹത്തെ എതിർത്തതെങ്കിൽ സർവശക്തനായ ദൈവം അദ്ദേഹത്തിന്റെ ജനതയെ പിടിക്കില്ലായിരുന്നു. ജനങ്ങൾ അവരുടെ അതിക്രമ ശീലം കൊണ്ടാണ് ശിക്ഷിക്കപ്പെടുന്നത്. വിശുദ്ധ ഖുർആൻ വായിക്കുന്ന ശത്രുവിനും അവന്റെ സുരക്ഷിത സ്ഥാനത്തെ സംബന്ധിച്ച് സർവശക്തനായ ദൈവം അറിയിക്കുന്നു അതായത് മതത്തിൽ യാതൊരു നിർബന്ധമോ പ്രേരണയോ ഇല്ല എന്ന് (അതിനാൽ നിഷേധി സുരക്ഷിതനാണ്) ഖുർആൻ പറയുന്നു: **'ലാ ഇക്റാഹ ഫി ദ്ദീൻ'** എന്നാൽ ഏതൊരുവൻ വധിക്കാനോ വധിക്കാനുള്ള ഗൂഢാലോചനക്ക് പുറപ്പെടുകയോ അക്രമവും പീഢനവും നടത്തുകയോ ആണെങ്കിൽ അയാൾ കഠിന ശിക്ഷക്ക് വിധേയനാകും .

**(മൽഫൂസാത്ത് വാ. മൂന്ന്, പേ 162–165)**

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 26-06-2017 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ഈദ് ഖുത്ബയുടെ സംഗ്രഹം. വിവ: മൗലവി ആരിഫ് മുഹമ്മദ്

# അല്ലാഹുവിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നിറവേറ്റുക




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഇന്ന് പെരുന്നാൾ ദിവസമാണ്. ഇത് സന്തോഷത്തിന്റെ ദിവസമാണ്. അല്ലാഹുവിന്റെ കല്പനയാൽ അവൻ മനുഷ്യപ്രകൃതിയെ മുന്നിൽ കണ്ടുകൊണ്ട് പെരുന്നാളിന്റെ സന്തോഷങ്ങൾ ആഘോഷിക്കാൻ ദിവസം നിശ്ചയിച്ചിട്ടുള്ളതുകൊണ്ടാണ് നമ്മൾ സന്തോഷമാഘോഷിക്കുന്നത്; മനുഷ്യൻ തന്റെ ആളുകളോടും സുഹൃത്തുക്കളോടും ചേർന്നുകൊണ്ട് സന്തോഷമാഘോഷിക്കണമെന്നും ഇങ്ങനെ കൂടിച്ചേർന്ന് സന്തോഷമാഘോഷിക്കാനുള്ള അവസരം കിട്ടുന്നതിനുള്ള അവസരമുണ്ടാകണമെന്നുമാണ് മനുഷ്യപ്രകൃതി ആഗ്രഹിക്കുന്നത്. ലോകത്ത് മറ്റു ജനതകളും മതങ്ങളും ഈ മനുഷ്യപ്രകൃതി അനുസരിച്ച് തങ്ങളുടെ സന്തോഷമാഘോഷിക്കാനുള്ള ദിനം നിശ്ചയിച്ചിട്ടുള്ളതായി നമ്മൾ കാണുന്നു. പക്ഷേ, ഇസ്ലാം സംഘടിക്കാൻ വെച്ചിട്ടുള്ള ആ വർണം ആ ജനതകളുടെ സന്തോഷത്തിന്റെ സമ്മേളന ദിനങ്ങളിൽ ഇല്ല.

ഇപ്രകാരംതന്നെ ഇസ്ലാമിക പെരുന്നാളും മറ്റു സന്തോഷത്തിന്റെ ദിവസവും തമ്മിലുള്ള വ്യത്യാസം, ആ ദിവസം ഈദുപ്രഭാഷണവും ഈദു നമസ്കാരങ്ങളും കൂടുതലായി ഉണ്ടാകുന്നു എന്നതാണ്. നബി(സ)തിരുമേനി നമ്മളോടു ഈദ്ഖുത്ബ നിർവഹിച്ചുകൊണ്ടു പറഞ്ഞത്, ജനങ്ങൾ ഈദിന്റെ സന്തോഷം ആഘോഷിക്കുന്നതിനോടൊപ്പം അല്ലാഹുവിന്റേയും കാര്യങ്ങൾ കേൾക്കുകയും അവനെ ആരാധിക്കുന്നതിനുവേണ്ടി സംഘടിക്കുകയും ചെയ്യുക എന്നാണ്. അല്ലാഹു മനുഷ്യന്റെ ചുമതലയിലാക്കിയിട്ടുള്ള രണ്ട് ഉത്തരവാദിത്വം പ്രകടമാകണം. ആ ഉത്തരവാദിത്വങ്ങൾ എന്താണ്? അല്ലാഹുവിനോടുള്ള കടമ നിറവേറ്റുകയും അവന്റെ ദാസരോടുള്ള കടമ നിറവേറ്റലുമാണത്. ഇപ്പോൾ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന് നമ്മൾ സാധാരണദിവസങ്ങളിൽ ആരാധനകളിലേക്ക് ശ്രദ്ധിക്കാറുണ്ട്. നിർബന്ധമാക്കപ്പെട്ട അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കുന്നു. പെരുന്നാൾ ദിവസം, ആ സന്തോഷം ആഘോഷിക്കുന്ന ദിവസത്തോടൊപ്പം നമ്മളിൽ 6 നമസ്കാരം നിർബന്ധമാക്കപ്പെടുന്നു. ഈ പെരുന്നാൾകൊള്ളാമല്ലോയെന്നും, ഇതിൽ സന്തോഷങ്ങളും കളിതമാശകളും ആസ്വദിക്കേണ്ടതിനുപകരം വീണ്ടും നമസ്കാരങ്ങൾ നിർബന്ധമാക്കിയെന്നും വീണ്ടും ആരാധനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുവെന്നും

ലൗകികനായ ഒരാൾ പറയും. പക്ഷേ, അല്ലാഹുവിനെ ആരാധിക്കുന്നതിലും അവന് നന്ദി പറയുന്നതിലുമാണ് യഥാർഥ സന്തോഷമെന്നാണ് ഒരു മുഅ്മിൻ മനസ്സിലാക്കുന്നത്. തന്റെ ആരാധനയോടുള്ള കടമ നിറവേറ്റാനും തന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റാനും അവൻ നമുക്ക് അവസരം പ്രദാനം ചെയ്തു. സ്വന്തം സന്തോഷങ്ങൾ സ്വന്തം സുഹൃത്തുക്കളോടൊപ്പം ചേർന്ന് ആഘോഷിക്കാനും പറഞ്ഞു.

പെരുന്നാൾ ദിവസം നമ്മളിൽ 6 നമസ്കാരം നിർബന്ധമായിത്തീരുന്നു. അതിനോടൊപ്പം നമ്മൾ അറിയുന്നതുപോലെ സൂറഃഫാതിഹായും കൂടുതൽ ഓതുന്നു. എല്ലാ നമസ്കാരത്തിലും സൂറഃഫാത്തിഹ ഓതേണ്ടത് നിർബന്ധമാണ്. ഓരോ റക്അത്തിലും ഓതേണ്ടത് നിർബന്ധമാണ്. സൂറഃഫാത്തിഹായിൽ നമ്മൾ **അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ** എന്ന് ഓതുമ്പോൾ, അല്ലാഹുവിനു നന്ദി പറയുമ്പോൾ ഇത് അല്ലാഹുവിനെ പ്രശംസിക്കലാണ്; തസ്ബീഹാണ്, തഹ്മീദാണ്. സാധാരണ ദിനങ്ങളിൽ നിർബന്ധനമസ്കാരങ്ങളിലും സൂറത്തുകളിലും നമ്മൾ 32 പ്രാവശ്യം സൂറഃഫാത്തിഹ ഓതുന്നുണ്ട്; **അൽഹംദുലില്ലാഹിറബ്ബിൽ ആലമീൻ** പറയുന്നുണ്ട്. അല്ലാഹുവിനോടുള്ള നന്ദി പ്രകടിപ്പിക്കുന്നുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മുസ്‌ലിംകളോടു അവരുടെ ആരാധ്യൻ ആരാണെന്ന് ചോദിക്കുമ്പോൾ അവർ നിർ ബന്ധമായും തന്റെ ആരാധ്യൻ, സർവ സ്തുതിക്കും അർഹനും സർവശക്തനും എല്ലാത്തിനും കഴിവുള്ളവനുമാണെന്ന മറുപടി നല്കണമെന്ന പാഠമാണ് **അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ** എന്ന വാക്കുകളിൽ നല്കപ്പെട്ടിട്ടുള്ളത്." അതായത് എല്ലാതരത്തിലുള്ള സമ്പൂർണതയും സർവശക്തിയും അല്ലാഹുവിൽമാത്രം സ്ഥാപിതമാണ്, അവന് മാത്രമുള്ളതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "കാരണം അല്ലാഹു സമ്പൂർണമായ എല്ലാ സവിശേഷ ഗുണങ്ങളുടേയും സമുച്ചയമാണ്. അതുകൊണ്ട് എല്ലാതരത്തിലുള്ള സവിശേഷഗുണങ്ങളും അവനിലുണ്ട്. അതുമുഖേന അവന്റെ സൗന്ദര്യം പ്രകടമായി." എന്തുകൊണ്ടെന്നാൽ എല്ലാ സവിശേഷഗുണങ്ങളും അവനിലുണ്ട്. അതുകൊണ്ടാണ് അവന്റെ സൗന്ദര്യം പ്രകടമായത്. എല്ലാ സവിശേഷഗുണങ്ങളും അവനിൽ സമ്മേളിച്ചിരിക്കുന്നുവെന്നത് മനുഷ്യൻ അറിഞ്ഞാലും വേണ്ടില്ല അറിഞ്ഞില്ലെങ്കിലും വേണ്ടില്ല. ആ സവിശേഷഗുണങ്ങൾ അവനിൽ സമ്മേളിച്ചിരിക്കുന്നതുകൊണ്ടാണ് അവന്റെ സൗന്ദര്യം പ്രകടമായത്. "ഉപകാരത്തെ സംബന്ധിച്ചിടത്തോളം അവന്റെ ഉപകാരത്തിന്റെ ഏറ്റവുമധികം ഫലം മനുഷ്യനാണുണ്ടാകുന്നത്. കാരണം അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളിൽനിന്നും മനുഷ്യൻ ഫലമെടുക്കുന്നു.' മനുഷ്യന്റെമേൽ അല്ലാഹുവിന്റെ ഉപകാരമുണ്ട്. ഏതേതെല്ലാം സൃഷ്ടികളാണോ അല്ലാഹു ഉണ്ടാക്കിയിട്ടുള്ളത് അതെല്ലാം മനുഷ്യന്റെ ഗുണത്തിനുവേണ്ടിയാണ്. മനുഷ്യൻ ആഗ്രഹിക്കുമ്പോൾ അതിൽ നിന്ന് അവന് ഫലമെടുക്കാൻ കഴിയും. സൗന്ദര്യത്തിന്റെ രൂപത്തിൽ വെളിപ്പെടുന്ന സവിശേഷഗുണങ്ങളിൽനിന്നും ലോകത്തി ലെ ഓരോ വസ്തുവിലും ഗുണത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്ന അവന്റെ ഉപകാരത്തിൽനിന്നും ഏറ്റവുമധികം ഫലമെടുക്കുന്നത് മനുഷ്യനാണ്. അവയുടെ ഫലം ഏറ്റവും കൂടുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത് മനുഷ്യനാണ്. നമ്മൾ സന്തോഷത്തോടെ അവന്റെ ദാസത്വത്തിന്റെ കടമ നിറവേറ്റുക എന്നത് നമ്മുടെ നിർബന്ധകടമയാണ്. ഇക്കാര്യങ്ങൾ അവനെ ശരിയായ നിലയിൽ ആരാധിക്കണമെന്നും നമ്മളോടു വിളിച്ചോതുന്നു. അവന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാകണം.

ഒരു സാധാരണ മനുഷ്യനെ അപേക്ഷിച്ച് മുസ്‌ലിം എന്ന നിലയിൽ, അല്ലാഹുവിനെ സ്തുതിക്കുകയും അവനോട് നന്ദികാണിക്കുകയും ചെയ്യേണ്ടത് നമുക്ക് കൂടുതൽ നിർബന്ധമാണ്. സ്തുതിക്കുകയും അവനോട് നന്ദി പറയുകയും ചെയ്യേണ്ടതാണ്.

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ധാരാളം നിർദേശങ്ങളുണ്ട്. അവയിൽ ചിലത് സമർപിക്കുകയാണ്. ദിവ്യസൗന്ദര്യത്തിന്റേയും ഉപകാരത്തിന്റേയും കയറ്റം നമുക്ക് നമ്മുടെ കഴിവനുസരിച്ച് എങ്ങനെ കരസ്ഥമാക്കാൻ കഴിയുമെന്ന് അത് നമുക്ക് പറഞ്ഞുതരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: "അല്ലാഹുവുമായി പരിശുദ്ധമായ ബന്ധങ്ങൾ സ്ഥാപിക്കുക എന്നതാണ് നന്മ. അവനോടുള്ള വ്യക്തിപരമായ സ്നേഹം നാഡി ഞരമ്പുകളിൽ പ്രവഹിക്കുക. **ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽഇഹ്സാനി വ ഈത്താഇദിൽ ഖുർബാ** (16:91) എന്ന് അല്ലാഹു പറഞ്ഞതുപോലെ. അല്ലാഹുവിനോടുള്ള നീതി എന്നത് അവന്റെ നിഅ്മത്തുകളെ സ്മരിച്ചുകൊണ്ട് അവനെ അനുസരിക്കുക എന്നതാണ്."

"അതിൽ അഭിവൃദ്ധിപ്പെടാൻ ആഗ്രഹിക്കുന്നെങ്കിൽ (അതിന്റെ അടുത്ത പടി പറയുകയാണ്) ഉപകാരത്തിന്റെ പദവിയാണ്." (അല്ലാഹുവിന് മനുഷ്യൻ എന്ത് ഉപകാരം ചെയ്യാനാണ്). ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:"അത് എന്താണെന്നാൽ, അവനെ കാണുന്നു എന്നപോലെ അവനിൽ ദൃഢമായി വിശ്വസിക്കുക."(അല്ലാഹുവിന്റെ സത്തയിൽ താൻ എപ്പോഴും അല്ലാഹുവിനെ കണ്ടുകൊണ്ടിരിക്കുന്നു എന്ന നിലയിൽ മനുഷ്യൻ ദൃഢമായും വിശ്വസിക്കണം). "നിങ്ങളോട് സൽപെരുമാറ്റം കാണിക്കാത്തവരോട് സൽപെരുമാറ്റം കാണിക്കുക. അതിനേക്കാളുപരി പെരുമാറാൻ ആഗ്രഹിക്കുന്നെങ്കിൽ നന്മ

യുടെ മറ്റൊരു സ്ഥാനമുണ്ട്. സ്വർഗ ത്തിനോടുള്ള അത്യാഗ്രഹം കൊണ്ടോ നരകത്തിനോടുള്ള ഭയം കൊണ്ടോ ആകാതെ അല്ലാഹുവിനെ സ്വാഭാവികമായ നിലയിൽ സ്നേഹിക്കുക."

അവിടന്ന് പറയുന്നു: അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്മരിച്ചുകൊണ്ട് അവനെ അനുസരിക്കുകയും മറ്റാരെയും അവനോട് പങ്കു ചേർക്കാതിരിക്കാതെ അവനെ തിരിച്ചറിയുകയും ചെയ്യുക എന്നതാണ് അവനോടുള്ള അദ്ൽ(നീതി). അതിലും പുരോഗതി പ്രാപിക്കണമെങ്കിൽ ഇഹ്സാൻ (ഔദാര്യം)ന്റെ പദവിയാണുള്ളത്. അതായത്, അവന്റെ സത്തയിൽ അവനെ കാണുന്നതുപോലെ ദൃഢമായി വിശ്വസിക്കുക. നിങ്ങളോട് നല്ല രീതിയിൽ പെരുമാറാ ത്തവരോട് നല്ല രീതിയിൽ പെരുമാറുക. ഇനി ഇതിനേക്കാളധികം സൽപെരുമാറ്റം ആഗ്രഹിക്കുന്നുവെങ്കിൽ നന്മയുടെ മറ്റൊരു പദവികൂടിയുണ്ട്; അല്ലാഹുവിനെ നൈസർഗികമായ നിലയിൽ സ്നേഹിക്കുക. സ്വർഗം മോഹിച്ചോ, നരകത്തെ ഭയന്നോ ആകരുത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞു: "ഇനി സ്വർഗവും നരകവുമില്ലെന്ന് സങ്കല്പിക്കുകയാണെങ്കിൽത്തന്നെ സ്നേഹാവേശത്തിലും അനുസരണത്തിലും വ്യത്യാസമൊന്നുമുണ്ടാകാൻ പാടില്ല. അത്തരം സ്നേഹം അല്ലാഹുവിനോടുണ്ടെങ്കിൽ അതിൽ ഒരു ആകർഷണമുണ്ടാകുന്നു. ഒരു വിള്ളലും ഉണ്ടാവുകയില്ല."

''ദൈവസൃഷ്ടികളോട് നിങ്ങൾ അവരുടെ യഥാർഥ ബന്ധുക്കളാണെന്നപോലെ പെരുമാറുക. ഈ പദവി ഏറ്റവും ശ്രേഷ്ഠമാണ്. കാരണം പ്രത്യുപകാരത്തിൽ അഹംഭാവത്തിന്റെ ഒരു ബീജമുണ്ടാകാറുണ്ട്. ആരെങ്കിലും നന്ദികേട് കാണിക്കുകയാണെങ്കിൽ ഉപകാരം ചെയ്യുന്നവൻ ഞാൻ നിനക്ക് ഉപകാരം ചെയ്തിരുന്നുവെന്ന് ക്ഷണത്തിൽ വിളിച്ചു പറയുന്നു. എന്നാൽ, മാതാവിന് കുട്ടിയോടെന്നപോലെയുള്ള സ്വാഭാവികമായ സ്നേഹമാണെങ്കിൽ അതിൽ നന്ദികേടൊന്നുമുണ്ടാവുകയില്ല.'' (മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടി ചെയ്യുകയില്ല. എന്തെങ്കിലും ഉദ്ദേശ്യത്തിനുവേണ്ടിയും ചെയ്യുകയില്ല). "എന്നല്ല ഒരു രാജാവ് നീ നിന്റെ കുട്ടിയെ കൊല്ലുക എന്ന് ഒരു മാതാവിനോട് കല്പിക്കുകയും നീ ചോദ്യം ചെയ്യപ്പെടുകയില്ലെന്ന് പറയുകയും ചെയ്താലും അവർ ഒരിക്കലും അത് കേൾക്കാൻതന്നെ ഇഷ്ടപ്പെടുകയില്ല. ആ രാജാവിനെ ചീത്തപറയുകയും ചെയ്യും. വാസ്തവത്തിൽ അവൻ യുവത്വം പ്രാപിക്കുമ്പോഴേക്കും താൻ മരിക്കുമെന്ന് മാതാവിനറിയാം. എന്നിട്ടും വ്യക്തിഗതമായ സ്നേഹം കാരണത്താൽ ആ കുട്ടിയുടെ പരിപാലനം ഉപേക്ഷിക്കുകയില്ല."

അവിടന്ന് പറയുന്നു: ''അല്ലാഹു നിങ്ങളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നത്? നിങ്ങൾ മനുഷ്യകുലത്തോട് നീതിയോടെ പെരുമാറുക എന്നുതന്നെ! അതിനേക്കാളുപരി നിങ്ങളോട് നന്മയോടെ പെരുമാറാത്തവരോടും നിങ്ങൾ നന്മയോടെ പെരുമാറുക. അതിലുമുപരി അല്ലാഹുവിന്റെ സൃഷ്ടികളോട് നിങ്ങളുടെ രക്തബന്ധുക്കളോടെന്നപോലെ സഹതാപത്തോടെ പെരുമാറുക."

നന്മകളുടെ ഉയർച്ചയ്ക്ക് എന്താണ് പറഞ്ഞത്? നന്മയോടെ പെരുമാറാത്തവനോടും നന്മയോടെ പെരുമാറുക. ഇത് യഥാർഥ സത്യവിശ്വാസിയുടെ സവിശേഷതയാണ്. ആരാണോ നിങ്ങളോട് നന്മയോടെ വർത്തിക്കുന്നത്, നിങ്ങളോട് ഔദാര്യത്തോടെ പെരുമാറുന്നത് അവനോട് നിങ്ങൾ എന്തായാലും നന്മയോടെ പ്രവർത്തിക്കണം. പക്ഷേ, നന്മ ചെയ്യാത്തവനോടും നിങ്ങൾ നന്മ പ്രവരത്തിക്കുന്നതാണ് യഥാർഥ നന്മ.

മനുഷ്യകുലത്തോടുള്ള സഹതാപത്തിന്റേയും സൽപെരുമാറ്റത്തിന്റേയും വിശുദ്ധഖുർആനിന്റെ അധ്യാപനം വ്യക്തമാക്കിക്കൊണ്ട് ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നിങ്ങളുടെ സഹോദരങ്ങളോടും മനുഷ്യകുലത്തോടും നീതിപുലർത്തുക. സ്വന്തം അവകാശങ്ങളേക്കാൾ കൂടുതൽ അവരിൽനിന്ന് അധികമായി ഒന്നും എടുക്കരുത്. നീതിയിൽ നിലകൊള്ളുക. ഒരുതരത്തിലുള്ള അതിക്രമവും അവരോടു ചെയ്യരുത്. നിങ്ങൾക്ക് അവകാശപ്പെട്ടതുമാത്രം എടുക്കുക. "നിന്നോടു തിന്മ ചെയ്തുകൊണ്ടിരിക്കുന്നവരോടും ദോഷം ചെയ്തുകൊണ്ടിരിക്കുന്നവരോടും നഷ്ടം വരുത്തിക്കൊണ്ടിരിക്കുന്നവരോടും നീ നന്മ ചെയ്യുക. ഇതാണ് ഇഹ്സാൻ അഥവാ നന്മ. അവനെ ദ്രോഹിക്കുന്നതിനുപകരമായി നീ അവന് സൗഖ്യം പകരുക. അവൻ നിന്നെ വിഷമിപ്പിക്കുന്നു; നീ അവന് സന്തോഷം നല്കുക. നിങ്ങൾ അവന് സൗഖ്യം നല്കുക." മനുഷ്യത്വവും നന്മയും എന്ന നിലയിൽ സഹായിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞു: അതിനുശേഷം **ഈത്താഇദിൽഖുർബാ**യുടെ സ്ഥാനമാണ്. നിനക്ക് എത്രത്തോളം നിന്റെ സഹോദരനോടു നന്മ പ്രവർത്തിക്കാൻ കഴിയുമോ അല്ലെങ്കിൽ എത്രത്തോളം മനുഷ്യകുലത്തിന് നന്മ ചെയ്യാൻ കഴിയുമോ ചെയ്യുക. അതിൽനിന്ന് മറ്റുതരത്തിലുള്ള നന്മ ആഗ്രഹിക്കരുത്. മറിച്ച്, സ്വാഭാവികമായ നിലയിൽ, ഒരു ഉദ്ദേശ്യവും കൂടാതെയുള്ള നന്മ നിന്നിൽനിന്നുണ്ടാകണം; അടുത്ത ബന്ധം കാരണത്താൽ ഉത്സാഹത്തോടെ നന്മ ചെയ്യുന്നതുപോലെ."

ഹദ്റത്ത് മസീഹ് മൗഊദ്(അ) സൃഷ്ടികളോടുള്ള സഹതാപത്തെ കുറിച്ച് ആവർത്തിച്ചാവർത്തിച്ച് നിരവധി സ്ഥലങ്ങളിൽ നമ്മെ ഉപദേശിച്ചിട്ടുണ്ട്. എന്നല്ല ഒരിടത്ത് ഇങ്ങനേയും പറഞ്ഞു: ചില യാളുകൾ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റാറുണ്ട്. നമസ്കരി

ക്കുന്നവരുമുണ്ട്. നോമ്പുപിടിക്കുന്നവരുമുണ്ട്. ബാഹ്യമായി നോക്കുമ്പോൾ വലിയ ആരാധകനും നന്മ ചെയ്യുന്നവനുമായി കാണുന്നു. പക്ഷേ, സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റേണ്ട കാര്യം വരുമ്പോൾ അവിടെ ഇവരുടെ കാഴ്ചപ്പാട് മാറിപ്പോകുന്നു. അവരുടെ നന്മകളുടെ നിലവാരം മാറിപ്പോകുന്നു. ഇത് വസ്തുതയാണ്. എനിക്കും ചിലപ്പോൾ ആളുകൾ എഴുതാറുണ്ട്. ആളുകളുടെ യഥാർഥ പെരുമാറ്റത്തിൽനിന്ന് ഇതുതന്നെയാണ് പ്രകടമാകുന്നത്. മറ്റുള്ളവരിൽനിന്ന് എന്തായാലും ഇങ്ങനെയൊക്കെയുണ്ടാകും. ചില സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ കുറിച്ചും ഇങ്ങനെ എഴുതാറുണ്ട്. ഇതിനേക്കാളുപരി ചില കുട്ടികൾ തങ്ങളുടെ പിതാക്കന്മാരെകുറിച്ച് എഴുതാറുണ്ട്; ഞങ്ങളുട ഭർത്താവ് അല്ലെങ്കിൽ പിതാവ് മസ്ജിദിൽ പോകുന്നു, ജമാഅത്തിന്റെ ജോലിയും ചെയ്യുന്നു. പക്ഷേ, വീടുകളിലുള്ള അവരുടെ പെരുമാറ്റം അങ്ങേയറ്റം മോശമാണെന്ന്! എന്നല്ല അതു കണ്ട് ചില കുട്ടികളിൽ നെഗറ്റീവായ പ്രതികരണമുണ്ടാകുകയും അവർ ദീനിൽനിന്ന് അകലുകയും ചെയ്യുന്നു. ജമാഅത്തിന്റെ ആക്ടിവിറ്റികളിൽനിന്നും അകന്നുപോകുന്നു. ഭാര്യമാരേയും മക്കളേയും കുറിച്ച് ഏതെങ്കിലും പുരുഷന് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ദ്രോഹിക്കുന്നതിനുപകരം അവർക്ക് സമാധാനപരമായി മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. മനുഷ്യരോടുള്ള കടമയെന്നാൽ, മറ്റുള്ളവരുടെ അടുക്കൽപോയി പറഞ്ഞ് ആരെയെങ്കിലും സഹായിക്കുകയോ സേവിക്കുകയോ ചെയ്യുക എന്നതു മാത്രമല്ല. മറിച്ച് വീടുകളിലെ കടമകളും നിറവേറ്റണ്ടതും പ്രഥമവും നിർബന്ധവുമാണ്. പുറത്തുപോയി അന്യരോടു അടുത്തബന്ധുക്കളോടെന്നപോലെ ആരെങ്കിലും പെരുമാറുന്നതും, അടുത്തവരോടു അന്യരോടെന്നപോലെ പെരുമാറുന്നതും ഒരു രീതിയിലും അനുവദനീയമല്ല. അല്ലാഹു സൽപെരുമാറ്റത്തിന്റെ ക്രമം പറഞ്ഞതിലും ഏറ്റവുമാദ്യം അടുത്തബന്ധുക്കളിൽനിന്നാണ് തുടങ്ങുന്നത്.

ശേഷം അവിടന്ന് പറയുന്നു: "നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. മറ്റൊന്നിനേയും അവന്റെകൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക. അടുത്തബന്ധുക്കൾക്കും നിങ്ങൾ ഇഹ്സാൻ (നന്മ) ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനോട് ആരേയും പങ്കാളിയാക്കരുത്. നിങ്ങളുടെ മാതാപിതാക്കളോട് നല്ലരീതിയിൽ പെരുമാറുക. നിങ്ങളുടെ അടുത്തബന്ധുക്കളോടും നന്മ ചെയ്യുക. ഇത് വിശദീകരിച്ചുകൊണ്ട് പറഞ്ഞു: 'ഈ വാക്യത്തിൽ മക്കളും സഹോദരനും അടുത്തതും അകന്നതുമായ എല്ലാ ബന്ധുക്കളും ഉൾപ്പെട്ടിരിക്കുന്നു.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "യതീംകളോടും നന്മ ചെയ്യുക. അഗതികളോടും നന്മ ചെയ്യുക. അടുത്തതും അകന്നതുമായ അയൽവാസികളോടും നന്മ ചെയ്യുക. ഏതെങ്കിലും ജോലിയിൽ പങ്കാളികളായവരോടും യാത്രയിൽ കൂടെയുണ്ടായിരുന്നവരോടും നമസ്കാരത്തിൽ ഒപ്പം പങ്കെടുത്തവരോടും മതവിദ്യാഭ്യാസത്തിൽ പങ്കാളികളായവരോടും എല്ലാ ജീവജാലങ്ങളോടും നന്മ ചെയ്യുക. അഹങ്കാരികളേയും പൊങ്ങച്ചംകാണിക്കുന്നവരേയും മറ്റുള്ളവരുടെമേൽ കരുണ കാണിക്കാത്തവരേയും അല്ലാഹു സുഹൃത്തുക്കളാക്കുകയില്ല."

പിന്നീടൊരിടത്ത് ഇത് കൂടുതൽ വ്യക്തമാക്കി. "നിങ്ങൾ മാതാപിതാക്കൾക്കു നന്മ ചെയ്യുക. അടുത്തബന്ധുക്കളേയും അഗതികളേയും അശരണരേയും നിങ്ങളുടെ ബന്ധുക്കളായ അയൽവാസികളേയും ബന്ധുവല്ലാത്ത അയൽവാസികളേയും യാത്രക്കാരേയും ജോലിക്കാരേയും വീട്ടുജോലിക്കാരേയും കുതിര, ആട്, കാള, പശുക്കളേയും നിങ്ങളുടെ കൈയിലുള്ള മൃഗങ്ങളേയും സ്നേഹിക്കുക. കാരണം നിങ്ങളുടെ ദൈവത്തിന് ഈ ശീലമാണ് ഇഷ്ടമായിട്ടുള്ളത്. അവൻ ശ്രദ്ധ ഇല്ലാത്തവരേയും സ്വാർഥമതികളേയും സ്നേഹിക്കുന്നില്ല.

സഹതാപത്തിന്റെ ഈ വികാരങ്ങളേയും നന്മ ചെയ്യുന്നതിനേയും അവിടന്ന് മൃഗങ്ങൾവരെ വിപുലമാക്കി. പേരെടുത്തുകൊണ്ടും വ്യക്തമാക്കി. അങ്ങനെ മൃഗങ്ങളോടും സഹതാപം കാണിക്കേണ്ടിവരുമ്പോൾ നമുക്ക് നമ്മുടെ വീടിനും ഭാര്യാമക്കൾക്കും എത്രമാത്രം പ്രാധാന്യം നല്കണം. ഇപ്രകാരംതന്നെ ഓരോ സ്ഥാനവുമനുസരിച്ച് മറ്റുള്ളവരോടും.

അല്ലാഹു ഭാര്യേയേയും മക്കളേയും നല്കി. മനുഷ്യൻ അവരോടു നല്ലരീതിയിൽ പെരുമാറുന്നില്ലെങ്കിൽ അത് അല്ലാഹുവിനോടുള്ള നന്ദികേടാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിനോടുള്ള കടമകളെ കുറിച്ചും മനുഷ്യരോടുള്ള കടമകളെ കുറിച്ചും ഒരു സ്ഥലത്ത് പറയുന്നു: ''ശരീഅത്തിന്റെ രണ്ടുതരത്തിലുള്ള കടമകളാണുള്ളത്. അല്ലാഹുവിനോടുള്ള കടമകളും ദാസരോടുള്ള കടമകളും."അവിടന്ന് പറഞ്ഞു:"ദൗർഭാഗ്യവാനല്ലെങ്കിൽ (ദൗർഭാഗ്യവാനായ മനുഷ്യനാണെങ്കിൽ ഒന്നും പറയാനില്ല)അല്ലാഹുവിനോടുള്ള കടമ നിറവേറ്റുക എന്നത് എളുപ്പമാണ്." (അല്ലാഹുവിനോടുള്ള കടമ നിറവേറ്റുക എന്നത് എളുപ്പമുള്ള ജോലിയാണ്). "കാരണം അവൻ നിങ്ങളോടു ഭക്ഷണം ചോദിക്കുന്നില്ല. ഒരു തരത്തിലുള്ള ആവശ്യവും അവനില്ല.''(അവന് ആവശ്യമില്ല. അതുകൊണ്ട് നിങ്ങളുടെ ആവശ്യം നിങ്ങളോടു പറയുന്നില്ല). അവൻ ആഗ്രഹിക്കുന്നത് നിങ്ങൾ അവനെ പങ്കുകാരനില്ലാത്ത ദൈവമായി മനസിലാക്കുക എന്നാണ്. അവന്റെ സമ്പൂർണമായ വിശേഷഗുണങ്ങളിൽ വിശ്വസിക്കുക. അവന്റെ ദൂത

ന്മാരിൽ വിശ്വസിച്ചുകൊണ്ട് അവരെ പിൻപറ്റുക. പക്ഷേ, മനുഷ്യരോടുള്ള കടമകളിലെത്തുമ്പോൾ പ്രയാസങ്ങൾ ഉണ്ടാകുന്നു. അവിടെ ദോഷപ്രവണമായ ആത്മാവ് വഞ്ചിക്കുന്നു."

ഇതിന്റെ അടിസ്ഥാനത്തിലും ഈ പെരുന്നാളിൽ കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധ ഉണ്ടാകേണ്ടതാണ്. എല്ലാ ഓരോരുത്തരും അത് ചെയ്യേണ്ടതാണ്. തങ്ങളുടെ വീടുകളിലും ബന്ധുക്കളിലും ചുറ്റുപാടിലും എവിടെയെങ്കിലുമൊക്കെ ബന്ധങ്ങളിൽ കാർക്കശ്യമുണ്ടെങ്കിൽ അത് അകറ്റുന്നതിനുവേണ്ടി ശ്രമിക്കേണ്ടതാണ്. കാർക്കശ്യവും അകൽ ച്ചയും മൃദുലതയിലേക്കും സാമീപ്യത്തിലേക്കും മാറ്റാൻ ശ്രമിക്കേ ണ്ടതാണ്. അല്ലാഹുവിന്റെ വിശേഷഗുണങ്ങൾ പരിപൂർണമാണ്. പക്ഷേ, അല്ലാഹു ഇങ്ങനേയും പറഞ്ഞിരിക്കുന്നു, എന്റെ വിശേഷ ഗുണങ്ങളുടെ രശ്മികളാകുക. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക. അവരവരുടെ കഴിവനുസരിച്ച് ആ വിശേഷ ഗുണങ്ങൾ സ്വായത്തമാക്കാൻ ശ്രമിക്കുന്നതും എല്ലാ വിധത്തിലും മനുഷ്യന്റെ കഴിവുകളനുസരിച്ച് സൗന്ദര്യത്തിന്റേയും ഉപകാരത്തിന്റേയും മാതൃകകാണിക്കുക എന്നതും അല്ലാഹുവിനോടുള്ള നന്ദിയാണ്;പെരുന്നാളിന്റെ സന്തോഷം തന്നിൽമാത്രവും തന്റെ പരിമിതമായ ചുറ്റുവട്ടത്തും മാത്രം ഒതുങ്ങിനില്ക്കാതെ അതിനു വെളിയിൽ കടന്ന് സമൂഹത്തിലും വ്യാപിക്കാനും ഓരോരുത്തരും പരസ്പരം കടമകൾ നിർവഹിക്കുന്നവർ ആയിത്തീരാനുംവേണ്ടി. പിന്നീട് ജമാഅത്തിന്റെ ഒത്തൊരുമ നില നിറുത്തുന്നതിനും കടമകൾ നിറവേറ്റേണ്ടത് വളരെ നിർബന്ധമാണ്. ഇത് യഥാർഥമായ സന്തോഷം നല്കുന്നതിനോടൊപ്പം ജമാഅത്തിന്റെ അഭിവൃദ്ധിയുടെ പ്രകടനവും ഇക്കാര്യത്തിലുണ്ടാകും. ഇതുസംബന്ധമായി നമുക്ക് മാർഗദർശനം നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"ബലഹീനരായ സഹോദരങ്ങളെ സഹായിക്കുക എന്ന രീതിയായിരിക്കണം ഉണ്ടാകേണ്ടത്. അവർക്ക് ശക്തിപകരണം. പരസ്പരം കടിച്ചുകീറി തിന്നുന്ന ജമാഅത്ത് യഥാർഥ ജമാഅത്താകുകയില്ല. നാലുപേർ കൂടിയിരിക്കുമ്പോൾ ഒരുവൻ തന്റെ ബലഹീനനായ സഹോദരനെ കുറിച്ച് ദൂഷണം പറയുന്നു. വിമർശിക്കുന്നു. ബലഹീനരേയും ദരിദ്രരേയും ഇകഴ്ത്തുന്നു. അവരെ പരിഹാസത്തിന്റേയും നിന്ദ്യതയുടേയും ദൃഷ്ടിയോടെ നോക്കുന്നു. അങ്ങനെ ഒരിക്കലും പാടില്ല. മറിച്ച് കൂട്ടായ്മയിൽ ശക്തി കൈവരിക്കേണ്ടതാണ്. ഐക്യമുണ്ടാകണം. അതുമുഖേന സ്നേഹമുണ്ടാകുന്നു. അനുഗ്രഹങ്ങളുണ്ടാകുന്നു. ധാർമികമായ ശക്തികളെ എന്തുകൊണ്ട് വിപുലപ്പെടുത്തിക്കൂടാ. നിങ്ങളുടെ ധാർമികതയെ വിശാലമാക്കുക. ഒരുപാട് വ്യാപിപ്പിക്കുക. ഈ ധാർമികത എങ്ങനെയാണ് വ്യാപിക്കുക."ഇതു വ്യാപിക്കുന്നത് സഹതാപ വും സ്നേഹവും മാപ്പും കരുണയും പൊതുവാക്കുമ്പോഴാണ്." സ്വന്തം സഹതാപം എല്ലാവർക്കു പൊതുവാക്കുക. സ്വന്തം സ്നേഹം എല്ലാവർക്കും പൊതുവാക്കുക. മാപ്പും വിട്ടുവീഴ്ചയും എല്ലാവർക്കും പൊതുവാക്കുക. മറ്റുള്ളവർക്ക് ഫലമെത്തിക്കുക എന്നത് എല്ലാവർക്കും പൊതുവാക്കുക. "എല്ലാ ശീലങ്ങളിലും ദയയേയും സഹതാപത്തേയും തെറ്റുകൾ മറച്ചു വെക്കുന്നതിനേയും മുന്തിക്കുക." മറ്റുള്ളവരോടു കരുണ കാണിക്കുക. അവരോടു അനുകമ്പയോടെ വർത്തിക്കുക. കഴിയുന്നിടത്തോളം അവരുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുക. ഈ അവസ്ഥ ഉണ്ടാകുമ്പോൾ ഒറ്റശരീരമായിക്കൊണ്ട് പരസ്പരം അവയവങ്ങളായിത്തീരുന്നു. അല്ലാഹു സ്വഹാബാക്കളേയും ഈ സാഹോദര്യ ബന്ധത്തിന്റെ അനുഗ്രഹമാണ് ഓർമിപ്പിച്ചത്. അവർ സ്വർണത്തിന്റെ മല തന്നെ ചെലവഴിച്ചാലും നബി(സ)തിരുമേനി മുഖേന അവർക്കു കിട്ടിയ ആ സാഹോദര്യം അവർക്കു കിട്ടുമായിരുന്നില്ല. ഇതേ രീതിയിലാണ് അല്ലാഹു ഈ ജമാഅത്ത് രൂപീകരിച്ചിട്ടുള്ളത്. ഇത്തത്തിലുള്ള സാഹോദര്യം അവൻ ഇവിടെ സ്ഥാപിക്കുന്നതാണ്."

അതിനാൽ നമുക്ക് എല്ലാ തലങ്ങളിലും സ്നേഹവും, പ്രീതിയും, സാഹോദര്യവും കാണിക്കുന്നതിനും കടമകൾ നിറവേറ്റുന്നതിനും ശ്രമിക്കേണ്ടതാണ്. യഥാർഥത്തിൽ ഇക്കാര്യങ്ങളാണ് പെരുന്നാളിന്റെ യഥാർഥമായ സന്തോഷങ്ങൾ കരസ്ഥമാക്കുന്നവരാക്കുന്നത്. അല്ലാഹുവിനോടു നമ്മൾ യഥാർഥമായ നന്ദി കാണിക്കുന്നവരാകട്ടെ. അവനോടുള്ള ആരാധനയുടെ കടമകൾ നിറവേറ്റുന്നവരാകട്ടെ. അവന്റെ ദാസരോടുള്ള കടമകളും നിറവേറ്റുന്നവരാകട്ടെ.

ഖുത്ബ ഥാനിയക്കുശേഷം ഞാൻ ദുആ ചെയ്യുന്നതാണ്. യഥാർഥമായ ആരാധന നടത്തുന്നവരും മുഅ്മിനും സൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കുന്നവരും ആയിത്തീരാൻവേണ്ടി നമ്മൾ ദുആ ചെയ്യുന്നതിനോടൊപ്പം ഈയിടെ ചില സ്ഥലങ്ങളിൽ ജമാഅത്തംഗങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാ സങ്ങൾ അകലുന്നതിനുവേണ്ടിയും ദുആ ചെയ്യുക. ജമാഅത്തിയായ നിലയിൽ പ്രയാസങ്ങളിൽ അകപ്പെട്ടിരിക്കുന്നവരുടെ പ്രയാസങ്ങൾ അല്ലാഹു അകറ്റുമാറാകട്ടെ. കേസ്സുകളിൽ അകപ്പെട്ടിരിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുമാറാകട്ടെ. ആ കേസു കളിൽ നിന്ന് അവർക്ക് മോചനം ലഭിക്കുമാറാകട്ടെ; പ്രത്യേകിച്ചും പാക്കിസ്താനിലും അൾജീരിയയിലും തടവിലാക്കപ്പെട്ടവർക്കു വേണ്ടി. അല്ലാഹു എത്രയും പെട്ടെന്ന് അവരുടെ മോചനത്തിനുള്ള ഏർപ്പാട് ചെയ്യുമാറാകട്ടെ. ആരെങ്കിലും വല്ല പ്രയാസ ത്തിലും അകപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലാഹു അത് അകറ്റുമാറാകട്ടെ.

# ജീവിപരിണാമം ആകസ്മികമോ?

മനുഷ്യനടക്കമുള്ള ജീവികളുടെ പരിണാമം ഇല്ലാതാവുന്ന കോടാനുകോടി വിനാശകരമായ സന്ദർഭങ്ങളെ അതിജീവിച്ചാണ് അവികലമായ രൂപപ്രകൃതിയോടെ മനുഷ്യനടക്കമുള്ള ജീവികളെല്ലാം പരിണമിച്ചുണ്ടായത്. ഇത് ദൈവത്തിന്റെ അസൂത്രണ വൈഭവത്തിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമാണ്.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

തെറ്റായ ചുവടുകൾ വെച്ച് പിന്നോട്ടടിക്കാനുള്ള സാധ്യതകൾ, ശരിയായ ചുവടുവെക്കുന്നതിനേക്കാൾ കൂടുതൽ ഉണ്ടായിരിക്കെ ഓരോ നിമിഷവും മനുഷ്യൻ എന്ന ലക്ഷ്യത്തിന് നേരെ നിരന്തരം മുന്നേറുവാൻ എങ്ങനെ പരിണാമത്തിന് സാധ്യമാവുന്നു? അപരിഹാര്യമായ ഈ സമസ്യക്കുള്ള സാധ്യമായ ഒരുത്തരം മഴയുള്ള ഒരു ദിവസം ഒരു കുട്ടി തന്റെ അദ്ധ്യാപകനോട് പറഞ്ഞ ഒരു മുട്ടുത്തരം പോലെ വിചിത്രമാണ്. അവൻ പിന്നോട്ടടിച്ച് സ്ക്കൂളിലെത്തി ചേർന്നുവെന്നായിരുന്നു ഉത്തരം. ഒരു ദിവസം കുട്ടി സ്ക്കൂളിൽ വൈകിയെത്തുകയുണ്ടായി. അദ്ധ്യാപകൻ കുട്ടിയെ ശാസിച്ചപ്പോൾ അവനൊരു ഒഴിവുകഴിവ് പറഞ്ഞു.. അതായത് മഴ കാരണം റോഡ് വളരെ വഴുതുന്നുണ്ടായിരുന്നു. സ്ക്കൂളിലേക്കുള്ള വഴിയിൽ ഒരു അടിവെക്കുമ്പോൾ രണ്ടടി പിന്നോട്ടേക്ക് തെന്നിമാറുന്നതു കൊണ്ടാണ് താൻ വൈകിയെത്തിയതെന്നായിരുന്നു കുട്ടിയുടെ മറുപടി.

അദ്ധ്യാപകൻ ദേഷ്യത്തോടെ ചോദിച്ചു: അങ്ങനെയാണെങ്കിൽ നീ എങ്ങനെ സ്ക്കൂളിലെത്തി?

കുട്ടി പറഞ്ഞു: ക്ഷമിക്കണം സർ, വളരെ വിനീത സ്വരത്തിൽ കുട്ടി വീണ്ടും തുടർന്നു: ഞാനെന്റെ വീടിനെ ലക്ഷ്യമാക്കിയാണ് നടക്കേണ്ടിയിരുന്നതെന്ന് ഞാൻ പിന്നീടാണ് മനസ്സിലാക്കിയത്. അങ്ങനെ ഞാൻ നടത്തം ആരംഭിച്ചപ്പോൾ ഓരോ അടി മുന്നോട്ടു വെക്കുമ്പോഴും രണ്ടടി പിന്നോട്ടടിച്ച് സ്ക്കൂളിന്റെ ഭാഗത്തേക്ക് വേഗത്തിൽ വന്നു. അവസാനം എന്റെ പിൻഭാഗം സ്ക്കൂളിന്റെ മതിലിൽ വന്നിടിച്ചു. അങ്ങനെ പിന്നോട്ടടിച്ചാണ് ഞാൻ വേഗത്തിൽ സ്ക്കൂളിൽ എത്തിച്ചേർന്നത്!

യാദൃച്ഛികതയുടെ കടാക്ഷത്തിനായി സകലതും വിട്ടു കൊടുത്താൽ ജീവൻ അഭിമുഖീകരിക്കുന്ന പ്രഹേളിക പ്രസ്തുത കുട്ടി പറഞ്ഞ ഉത്തരത്തേക്കാൾ വിചിത്രമായതായിരിക്കും. യാദൃച്ഛികതയിൽ മുന്നേറുന്ന പരിണാമം ഓരോ ചുവടു മുന്നോട്ടു വെക്കുമ്പോഴും ചുവടുകൾ പിന്നോട്ട് ആയി വഴുതിയിട്ടുണ്ടാവും. ചില പ്രകൃതിവാദികൾ വിശ്വസിക്കുന്നത് പോലെ ജീവന്റെ പരിണാമത്തിന് യാതൊരു വിധ മുൻകൂട്ടിയുള്ള ആസൂത്രണവുമില്ലെങ്കിൽ മുന്നോട്ടേക്കുള്ള ചുവടുവെപ്പിന്റെ പ്രശ്നവും ഉദിക്കുന്നില്ല. ആകസ്മികത, സ്രഷ്ടാവായി വരികയാണെങ്കിൽ പിന്നെ, മുന്നോട്ട് ഏത് വഴിക്കുള്ള പ്രയാണം, എന്തായിരിക്കും അതിന്റെ അവസാനം? എന്നീ ചോദ്യങ്ങൾക്കൊന്നും ഉത്തരമുണ്ടാവില്ല. ഏത് ദിശയിലേക്ക് വേണമെങ്കിലും ആകസ്മികതക്ക് ചുവട് വെക്കാം. അതിനാൽ ജീവന്റെ യാത്ര പിറകോട്ടായാലും പ്രശ്നത്തിന് പരിഹാരമുണ്ടാവില്ല. മനുഷ്യൻ, പരിണാമത്തിന്റെ അന്തിമ ലക്ഷ്യമായി വരുന്നില്ലെങ്കിൽ ജീവന് യാദൃച്ഛികത സമ്മാനിച്ചതെല്ലാം ആകെ കുഴഞ്ഞ് മറിഞ്ഞ അവസ്ഥയിൽ നഷ്ടപ്പെടുത്തിയേനെ. അതായത് യാദൃച്ഛികതയിൽ അതിന് ലഭിച്ച ഗുണങ്ങളെല്ലാം നാശത്തിന്റെ അലക്ഷ്യമായ കാറ്റിൽ തകർന്നടിയുകയും ചെയ്യും.

ഉൽപരിവർത്തന (Mutation) ത്തിലൂടെ ആർജിച്ച ഗുണങ്ങളെല്ലാം മറ്റൊരു പിഴച്ച പാതയിലൂടെ ചുവട് വെച്ച് നഷ്ടപ്പെടാം. ഈയൊരു യുക്തിശാസ്ത്രം നമുക്ക് കണ്ണിന്റെ സൃഷ്ടിയിൽ ആരോപിച്ച് നോക്കാം. അതായത് അന്ധമായ ഉൽപരിവർത്തനത്തിന്, എങ്ങനെയാണ് ഏറ്റവും പ്രാഥമികാവസ്ഥയിലുള്ള കണ്ണ് എന്ന അവയവത്തെ പോലും നിർമിക്കുന്നതിൽ വിജയിക്കാൻ കഴിയുക? ആ കണ്ണിനാകട്ടെ അത് കാണുന്ന കാര്യങ്ങൾ

യാദൃച്ഛികതയിൽ മുന്നേറുന്ന പരിണാമം ഓരോ ചുവടു മുന്നോട്ടു വെക്കുമ്പോഴും ചുവടുകൾ പിന്നോട്ട് ആയി വഴുതിയിട്ടുണ്ടാവും. ചില പ്രകൃതിവാദികൾ വിശ്വസിക്കുന്നത് പോലെ ജീവന്റെ പരിണാമത്തിന് യാതൊരു വിധ മുൻകൂട്ടിയുള്ള ആസൂത്രണവുമില്ലെങ്കിൽ മുന്നോട്ടേക്കുള്ള ചുവടുവെപ്പിന്റെ പ്രശ്നവും ഉദിക്കുന്നില്ല. ആകസ്മികത, സ്രഷ്ടാവായി വരികയാണെങ്കിൽ പിന്നെ, മുന്നോട്ട് ഏത് വഴിക്കുള്ള പ്രയാണം, എന്തായിരിക്കും അതിന്റെ അവസാനം? എന്നീ ചോദ്യങ്ങൾക്കൊന്നും ഉത്തരമുണ്ടാവില്ല. ഏത് ദിശയിലേക്ക് വേണമെങ്കിലും ആകസ്മികതക്ക് ചുവട് വെക്കാം.

പിറകിലുള്ള മസ്തിഷ്കത്തിലേക്ക് പ്രേഷണം ചെയ്യാനും സാധിക്കുന്നു. ഉൽപരിവർത്തനത്തിനോ അല്ലെങ്കിൽ ക്രമേണയുള്ള കോശ വികസനത്തിനോ കാലക്രമത്തിൽ ചുറ്റുപാടുള്ള ക്രമരഹിതാവസ്ഥയെ ക്രമപ്പെടുത്തുന്നതിനേക്കാൾ സൃഷ്ടിക്കപ്പെട്ട ക്രമ വ്യവസ്ഥയിൽ ക്രമരാഹിത്യം ഉണ്ടാക്കാനുള്ള സാധ്യതയാണ് കൂടുതൽ. ആകസ്മികത മൂലം സൃഷ്ടിക്കപ്പെട്ട ഉൽപരിവർത്തനം ജീവന്റെ ക്രമബദ്ധമായ രൂപത്തിലും ഘടനയിലും അവ്യവസ്ഥയും ആശയക്കുഴപ്പവുമാണ് സൃഷ്ടിക്കുക. അതിന് കണ്ണ്, ചെവി, മൂക്ക്, വായ, നാവ് അതിന്റെ സംവേദന മുകുളങ്ങൾ എന്നീ അവയവങ്ങളുടെ സ്ഥാനങ്ങൾ മാറ്റിമറിക്കാവുന്നതാണ്. കുറച്ച് തലമുറകൾ കൊണ്ട് തലയുടെ മുൻവശത്തുള്ള കണ്ണ് പിറക് വശത്തേക്ക് മാറ്റിയെന്നിരിക്കും. അല്ലെങ്കിൽ അത് വയറിന് മുകളിലായിരിക്കും. അതുമല്ലെങ്കിൽ രണ്ട് കക്ഷത്തിലായിരിക്കും! ആകസ്മികതയുടെ കൈകളെ ആർക്കാണ് പിടിച്ചു നിറുത്താൻ സാധിക്കുക? ആകസ്മികതയുടെ വിളയാട്ടത്തിൽ ചെവി കാണാനാരംഭിച്ചെന്ന് വരാം. മൂക്ക് സംസാരിക്കാനും നാവ് കേൾക്കാനും കണങ്കാലിൽ രുചിയുടെ ആസ്വാദന ഭേദങ്ങൾ അറിയുന്ന സംവേദന മുകുളങ്ങളും, ഘ്രാണേന്ദ്രിയവും ഉണ്ടായെന്നും വരാം! പലവിധത്തിലുള്ള മൃഗങ്ങളുണ്ടാവാം. അവയിൽ, ചിലതെങ്കിലും പ്രത്യേകിച്ചൊരു ഉദ്ദേശ്യലക്ഷ്യവുമില്ലാതെ ഇത്തരത്തിലുള്ള വിലക്ഷണ പ്രകൃതിയുള്ളതായിരിക്കാം. എന്നാൽ, പ്രകൃതിയിൽ നാം ചെവിയുടേയും കണ്ണിന്റേയും സാധാരണ സ്ഥാനങ്ങൾ മാറിയതായി കണ്ടാൽ അത് എപ്പോഴും ബോധപൂർവം സംഭവിച്ചതായിരിക്കും. ആ മൃഗത്തിന് അത് ദോഷത്തേക്കാളേറെ ഗുണമായിരിക്കും. പക്ഷേ, ഇതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളാണ്. ലക്ഷക്കണക്കിന് ജീവിവർഗങ്ങളെ രൂപപ്പെടുത്തുന്ന ആ നിയമം സാർവത്രികമായ ഒരു രൂപകൽപനയാണ് ഉണ്ടാക്കിയെടുത്തിട്ടുള്ളത്. ആകസ്മികതയാണ് ഈ രൂപകൽപന നിർവഹിക്കുന്നതെങ്കിൽ അത് വിഭിന്ന രീതിയിലായിരിക്കും സംഭവിക്കുക. കുഞ്ഞുങ്ങൾ ജനിക്കുന്നത് ജന്മജാത വൈകല്യങ്ങളോടെയായിരിക്കും. അതൊരിക്കലും അവയുടെ ഗുണത്തിന് വേണ്ടിയായിരിക്കില്ല. ആകസ്മികതയുടെ കളി ആകസ്മികം തന്നെയാണെന്ന് ആരാണ് അറിയുന്നത്?

കണ്ണിനെ രൂപപ്പെടുത്തിയ പരിണാമ പ്രക്രിയ ഗഹനമായ പഠനം ആവശ്യപ്പെടുന്ന ഒരു വിഷയമാണ്. മൃഗങ്ങളുടെ എല്ലാ അവയവങ്ങളുടേയും പരിണാമം പരിമിത ലോകത്തിന്റെ ഉപയോഗത്തിനനുസരിച്ച് സങ്കീർണവും അതേസമയം പൂർണവുമാണ്. അവ ആഴത്തിൽ വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.

ക്രിയാത്മകമായ പരിണാമ പ്രക്രിയയുടെ ഫലമായുണ്ടായ പരിപൂർണമായ അവയവ സംവിധാനത്തെക്കുറിച്ച് പ്രത്യേകിച്ച് ഒരു അധ്യായത്തിൽ ചർച്ച ചെയ്യാനുദ്ദേശിക്കുന്നു. കണ്ണ് എന്ന അവയവമായിരിക്കും അതിൽ മുഖ്യമായും ചർച്ച ചെയ്യപ്പെടുക.

നിർഭാഗ്യകരമെന്ന് പറയട്ടെ, പ്രകൃതി വാദികൾ ജീവികളുടെ സംവേദനായവങ്ങളേക്കാൾ (Sensory Organs) കൂടുതലായി അതിന്റെ രൂപ ഘടനക്കാണ് ഊന്നൽ കൊടുക്കുന്നത്. പരിണാമശ്രേണിയുടെ അതിബൃഹത്തായ നിർമാണ പദ്ധതിയിൽ കാണാവുന്ന അത്യുന്നതമായ ബോധാത്മകതയും ജാഗ്രതാവസ്ഥയും അതുല്യമാണ്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ നിശ്ചിത ദിശയിൽ മാത്രം സംഭവിച്ച രൂപഘടനയുടെ വിഷയത്തിന് യാതൊരു പ്രാധാന്യവുമില്ല.. ആത്യന്തികമായി ജീവൻ എന്നാൽ എന്താണ്? അത് ജാഗ്രതാവസ്ഥയാണ്. അതായത് മരണത്തിന്റെ ജാഗ്രതയില്ലായ്മക്കെതിരെയുള്ള ജാഗ്രതാവസ്ഥയല്ലാതെ, ജീവൻ മറ്റൊന്നുമല്ല.

നാടകീയമായ അത്ഭുതങ്ങൾ സംഭവിക്കുന്നത് കോശതലത്തിലുള്ള പരിവർത്തനങ്ങളിലോ പ്രോട്ടീൻ തലത്തിലെ തൻമാത്രകളുടെ സങ്കീർണതകളിലോ അല്ല. ജീവോത്ഭവത്തിലെ യഥാർഥ അത്ഭുതം മൃത്യുവിൽ ലീനമായിക്കിടന്ന പ്രപഞ്ച ചക്രവാളത്തിൽ സംഭവിച്ച ബോധത്തിന്റെ പൊടുന്നനെയുണ്ടായ ഉണർച്ചയാണ്. അത് സംഭവിച്ചതിൽ പിന്നെ ബലഹീനതയിൽ നിന്ന് പ്രബലതയിലേക്കും ഒറ്റയിൽ നിന്ന് വൈവിധ്യങ്ങളിലേക്കുമുള്ള പ്രയാണം തുടരുകയായിരുന്നു. യാദൃച്ഛികമായി സംഭവിക്കുന്ന രൂപഘടനയിലെ വ്യതിയാനങ്ങൾ തിരഞ്ഞെടുക്കപ്പെടുന്നതും അതിനെ വർഗീകരിച്ചു നിറുത്തുന്നതും പ്രകൃതി നിർധാരണമാണ് എന്ന ഡാർവീനിയൻ സങ്കൽപത്തിൽ ഒരാൾ അകപ്പെട്ടാൽ പിന്നെ പരിണാമത്തിന്റെ അർഥം എന്താ

ണെന്ന് ഗ്രഹിക്കാൻ സാധ്യമല്ല. കഴിഞ്ഞ കോടിക്കണക്കിന് വർഷത്തെ ജീവന്റെ അപകടകരമായ പ്രയാണത്തിനൊടുവിൽ രൂപം കൊണ്ട അഞ്ച് സംവേദനേന്ദ്രിയങ്ങളെപ്പറ്റി നല്ലത് പോലെ മനസ്സിലാക്കിയാൽ മാത്രമേ പരിണാമത്തിന്റെ അർഥം ഗ്രഹിക്കാൻ സാധ്യമാകൂ.

മനുഷ്യൻ എത്തിച്ചേർന്ന പരിണാമശ്രേണിയിലെ സ്ഥാനത്ത് നിന്ന് അവന്റെ താഴെയും പിറകെയും ഉള്ളതെന്തായിരുന്നുവെന്ന് നോക്കിക്കാണാവുന്നതാണ്. അപ്പോൾ മാത്രമേ അവന് ജീവന്റെ അർഥം എന്താണെന്നും പരിണാമത്തിന്റെ അർഥമെന്താണെന്നും അല്പാല്പമായും പതുക്കെ പതുക്കെയായും മനസ്സിലാക്കാൻ സാധിക്കൂ. മനുഷ്യന് ഒരിക്കലുണ്ടായ പഞ്ചേന്ദ്രിയം ക്രമേണ പരിണാമവീഥിയിലൂടെ വളർന്നു വരികയാണുണ്ടായത്. പരിണാമത്തിന്റെ തത്ത്വവും ഉദ്ദേശ്യവും തീർച്ചയായും പഞ്ചേന്ദ്രിയങ്ങളുടെ സൃഷ്ടിയും അതിന്റെ പ്രവർത്തനവുമാകുന്നു. പഞ്ചേന്ദ്രിയങ്ങൾ, അതിലോരോന്നും സൃഷ്ടി വൈഭവത്തിന്റെ മഹത്വ പൂർണമായ നിർമിതികളാണ്. അതിനിപുണതയോടെ മഹിതമായ നിലയിൽ നിർവഹിക്കപ്പെട്ട രൂപകൽപനയും രമ്യമനോഹരമായ രീതിയിൽ ഏകോപിപ്പിക്കപ്പെട്ട അതിന്റെ കേന്ദ്രീയ പ്രവർത്തനവും അതിന് സാക്ഷ്യമാണ്. പരിണാമത്തിന്റെ ഫലങ്ങളെ കേവലം മൂന്ന് സങ്കേതങ്ങളിൽ സമാഹരിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ പറഞ്ഞതിൽ അത്ഭുതപ്പെടാനില്ല. അതായത് കേൾവി, കാഴ്ച, ഗ്രഹണം എന്നിവയുടെ സൃഷ്ടിപ്പും അതിന്റെ പരിപൂർത്തീകരണവുമാണവ. ഖുർആൻ പറയുന്നു.

> നിങ്ങൾക്ക് ഒന്നും അറിഞ്ഞു കൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ, നിങ്ങളുടെ മാതാക്കളുടെ ഉദരത്തിൽ നിന്ന് പുറത്ത് കൊണ്ടു വന്നു. അവൻ നിങ്ങൾക്ക് ചെവികളും കണ്ണുകളും ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തിരിക്കുന്നു. നിങ്ങൾ കൃതജ്ഞത കാണിക്കാൻ വേണ്ടി.

നമുക്ക് ചർച്ചയുടെ മുഖ്യ പ്രമേയത്തിലേക്ക് തന്നെ മടങ്ങാം. ആകസ്മികമായ ഉൽപരിവർത്തനങ്ങൾ ഏറേയും ശരിയേക്കാൾ കൂടുതൽ തെറ്റിലേക്കായിരിക്കും നീങ്ങുക എന്നതിൽതന്നെ ഊന്നൽ നൽകട്ടെ. ജീവന്റെ ഗുണനിലവാരമുയർത്താൻ പ്രകൃതിയുടെ തിരഞ്ഞെടുപ്പിന് യാതൊന്നും ചെയ്യാനുള്ള അവസരമില്ല. പക്ഷേ, ജീവിതത്തിന്റെ രംഗവേദിയിൽ പരിണാമത്തിന്റെ വിശാല ദൃശ്യപഥത്തിൽ നാം നിരീക്ഷിക്കുന്നത് ഇക്കാര്യം മാത്രമല്ല.

വസ്തുത കൂടുതൽ വെളിപ്പെടുത്താൻ വേണ്ടി നമ്മുടെ ദൃഷ്ടി ആർട്ടിക് ആവാസമേഖലയിലേക്ക് തിരിക്കാം. പ്രകൃതി ശാസ്ത്രജ്ഞൻമാർ മനസ്സിലാക്കിയ ശാരീരിക പരിണാമത്തിന്റെ വിജ്ഞാനങ്ങൾ ധ്രുവക്കരടിയുടേയും (Polar Bear) ഉത്തര ധ്രുവ കുറുക്കന്റേയും(Artic Fox) കാര്യത്തിൽ നമുക്കൊന്ന് പരിശോധിച്ചു നോക്കാം. ധ്രുവക്കരടിയുടെ ആകൃതി, തവിട്ടു നിറത്തിലും കറുപ്പ് നിറത്തിലും കാണപ്പെടുന്ന കരടിയിൽ നിന്ന് വിഭിന്നമാണ്. ധ്രുവക്കരടിയുടെ പിൻകാലുകൾ മുൻകാലുകളെക്കാൾ നീളമുള്ളതാണ്. അതുകൊണ്ട് അതിന് ഇരയെ പിടിക്കാൻ വേണ്ടി വേഗത്തിലോടാൻ കഴിയും. അതേസമയം അതിന്റെ ദീർഘമായ കഴുത്ത് നീന്താൻ പറ്റിയ വഴക്കമുള്ള ഒരു ഘടന നൽകുകയും ചെയ്യുന്നു. മറ്റു കരടികളും നീന്താറുണ്ട്. പക്ഷേ, ധ്രുവക്കരടികൾക്ക്, താരതമ്യേന കൂടുതൽ വേഗത്തിൽ നീന്താൻ സാധിക്കും. അവക്ക് കൂടുതൽ ദൂരം താണ്ടാനും സാധ്യമാവും. ഉത്തര ധ്രുവത്തിലെ പരിതഃസ്ഥിതിയിൽ അവയുടെ നിലനിൽപ്പിന് ഇത്തരം ശാരീരിക ഗുണങ്ങളുടെ ആവശ്യമുണ്ട്.

ധ്രുവക്കരടിക്ക് ഏകദേശം 800 കി.ഗ്രാം ഭാരവും 3 മീറ്റർ നീളവുമുണ്ടാവും. അതിന്റെ ശരീരത്തിന്റെ വലുപ്പം തണുപ്പിനെതിരെയുള്ള ഒരു രക്ഷയും അതൊടൊപ്പം തന്നെ ഇരതേടുവാനും ഇരയെ കൊല്ലാനുമുള്ള അനുകൂല ഘടകവും കൂടിയാണ്. യാദൃച്ഛികമെന്ന് പറയട്ടെ ധ്രുവക്കരടിക്ക് പിറക്കുന്ന കുഞ്ഞുങ്ങൾ വിസ്മയകരമാം വിധം ചെറുതാണ്. അതിന്റെ തൂക്കം 500 ഗ്രാം മാത്രമാണ്. മനുഷ്യ ശിശുവിന്റെ ഭാരത്തിലെ ചെറിയ ഒരംശം മാത്രം. അതിന്റെ കറുത്ത തൊലി വെളുത്ത രോമത്താൽ ആവൃതമായിരിക്കും. അങ്ങനെ വർഷം മുഴുവൻ പ്രകൃതി അതിന്റെ യഥാർത്ഥ നിറം ഒളിപ്പിക്കുന്നു(Camouflage). വേനലിൽ അത് ഒരു മഞ്ഞ വർണപ്പകർച്ചയിലേക്ക് അൽപകാലത്തേക്ക് മാറും. ഉരുകുന്ന മഞ്ഞിന്റെ നിറവുമായി അതിന് നല്ല സാമ്യത കൈവരുന്നു. ധ്രുവക്കരടിയുടെ ഇടതൂർന്ന രോമവും അസാധാരണമായ രീതിയിലുള്ള തൊലിക്കടിയിലെ കൊഴുപ്പും അതിന്റെ ആവാസ സ്ഥലത്തെ മരവിപ്പിക്കുന്ന തണുപ്പിൽ നിന്ന് രക്ഷനൽകുന്നു. ധ്രുവക്കരടിയുടെ ഈ കൊഴുപ്പ് വളരെ പ്രധാനപ്പെട്ടതാണ്. കാരണം ധ്രുവക്കരടി നീന്തുമ്പോൾ അതിന്റെ ഇടതൂർന്ന രോമത്തിൽ തണുപ്പിനെ പ്രതിരോധിക്കാൻ വായുവിന് നിൽക്കാൻ സാധ്യമല്ല. രോമം ഉണങ്ങിയാൽ വെളുത്ത രോമം സൂര്യനിൽ നിന്നുള്ള ചൂട് സ്വീകരിച്ച് അത് കരടിയുടെ ശരീരത്തിലേക്ക് പ്രസരിപ്പിക്കുന്നു. രോമത്തിന്റെ ഉള്ള് പൊള്ളയാണ്. സൂര്യനിൽനിന്ന് വരുന്ന അൾട്രാവയലറ്റ് രശ്മികൾ രോമത്തിലൂടെ കടന്ന് വരികയും കരടിയുടെ കറുത്ത തൊലി അത് ആഗിരണം ചെയ്യുകയും ചെയ്യുന്നു.

ധ്രുവക്കരടിയുടെ മറ്റൊരു പ്രത്യേകത അതിന്റെ കാൽ പാദങ്ങളുടെ അസാധാരണ വലുപ്പമാണ്. അത് വളരെ പരന്നതാണ്. കൂർത്ത നഖങ്ങളുമുണ്ട്. ഇരകളെ കടിച്ച്

കീറാനും ഐസിൽ പിടിത്തം കിട്ടുന്നതിനും വേണ്ടിയാണ് ഇത് ഉപയോഗിക്കുന്നത്. അതിന്റെ ഉള്ളം കാലും ശരീരത്തെപോലെ വെളുത്ത രോമത്താൽ ആവൃതമാണ്. ഇത് അതിന് ഹിമപ്രതലത്തിൽ നല്ല പിടിത്തത്തിന് സഹായകരമാവുകയും തണുപ്പിൽ നിന്ന് സംരക്ഷണം നൽകുകയും ചെയ്യുന്നു. അത്ഭുതകരമായിട്ടുള്ളത് ധ്രുവക്കരടിക്ക് ഉറച്ച ഒരു പ്രതലത്തിൽ നായ ഓടുന്ന അതേ വേഗത്തിൽ മഞ്ഞിലൂടെ ഓടാൻ സാധിക്കും എന്നതാണ്. ധ്രുവപ്രദേശത്തെ തണുപ്പുകാലത്തെ ദീർഘമായ രാത്രികളിൽ തുറസ്സായ ജലസംഭരണികളിൽ എത്തിച്ചേരാൻ പ്രയാസമാണ്. അവിടെ തന്റെ ഭക്ഷണമായ കടൽ നായ്ക്കൾ (Seals)ഉണ്ടാവും. ധ്രുവക്കരടിയുടെ അസാമാന്യമായ ഘ്രാണശക്തിക്ക് നന്ദിപറയുക. ഇരുട്ട് അതിനൊരു പ്രശ്നമേ അല്ല. 20 കിലോമീറ്റർ അകലെ വെച്ച് പോലും കടൽ നായയുടെ മാംസമോ, അഴുകിയ മാംസമോ അതിന് തിരിച്ചറിയാനാവും എന്നാണ് പ്രകൃതി ശാസ്ത്രജ്ഞൻമാർ പറയുന്നത്. അതിന്റെ കാഴ്ചശക്തിയും ഘ്രാണശക്തിക്ക് ചേർന്നത് തന്നെ! മറ്റേത് കരടികളേക്കാളും അതിതീക്ഷ്ണമാണത്. പകൽസമയത്ത് വളരെ ദൂരത്ത് നിന്ന് തന്നെ അതിന് കടൽ നായ്ക്കളെ കണ്ടെത്താനാവും. കടൽ നായയെ കണ്ടെത്തിക്കഴിഞ്ഞാൽ അത്ഭുതകരമായ ക്ഷമയോടെ പതുങ്ങി പതുങ്ങി ചെല്ലും. ശരീരം മഞ്ഞിൽ പരത്തിവെച്ച് ഇഴഞ്ഞാണ് അത് കടൽനായ്ക്കൾക്കരികെ പോകുക. മുൻകാൽ മടക്കി വെച്ച് പിൻകാൽ കൊണ്ട് നിരങ്ങിയാണ് നീങ്ങുക. ഇരയെ കബളിപ്പിക്കാൻ പരിസരത്തിനൊത്ത് വേഷം മാറാൻ (Camouflage) സമർഥനാണ് ധ്രുവക്കരടി. ചിലപ്പോൾ അതിന്റെ കറുത്ത മൂക്കും മോന്തയും പുറത്ത് കാണാതിരിക്കാൻ ചെറിയ ഒരു മഞ്ഞ് കൂന മുമ്പിൽ തള്ളിക്കൊണ്ടായിരിക്കും വരിക. അല്ലെങ്കിൽ തിരിച്ചറിയാതിരിക്കാൻ തന്റെ മുൻപാദത്തിന്റെ വെള്ള പത്തികൊണ്ട് കറുത്ത മൂക്ക് പൊത്തിയായിരിക്കും സഞ്ചരിക്കുക.

ധ്രുവക്കരടി മിക്കസമയവും വെള്ളത്തിലായിരിക്കും. ഈയൊരു സാഹചര്യത്തിന് അനുകൂലമായ ചില ഘടകങ്ങൾ അതിനുണ്ട്. ഐസിന് മീതെ കടൽ നായ്ക്കളെ വേട്ടയാടാൻ പതുങ്ങി സഞ്ചരിക്കുമ്പോൾ ഉപയോഗിക്കുന്ന അവയവം നേർവിപരീതമായാണ് നീന്തുവാൻ വേണ്ടി ഉപയോഗിക്കുന്നത്. നീന്തുമ്പോൾ പിൻകാലുകൾ പങ്കായമായി ഉപയോഗിക്കുന്നു. മുന്നോട്ട് തള്ളാൻ മുൻകാലുകളും ഉപയോഗിക്കുന്നു. ധ്രുവക്കരടിയുടെ അസാധാരണമായ വലുപ്പത്തിന് പുറമെ മറ്റൊരു പ്രത്യേകത അതിന്റെ മുൻകാലുകൾ ചർമ പാളികൾകൊണ്ട് ബന്ധിച്ചിട്ടുണ്ട് എന്നതാണ്. ഹിമാവൃതമായ ആർട്ടിക് ധ്രുവത്തിലെ ആവാസവ്യവസ്ഥയിൽ ജീവിക്കാനനുയോജ്യമായ അതിന്റെ മറ്റൊരു പ്രത്യേകത കണ്ണുകൾ തുറന്ന് വെച്ചും മൂക്കുകൾ അടച്ചുപിടിച്ചും വെള്ളത്തിലൂടെ നീന്താനുള്ള കഴിവാണ്. ചില ശാസ്ത്രജ്ഞൻമാർ ധ്രുവക്കരടിയുടെ അന്യാദൃശമായ ഈ ഗുണങ്ങൾ വിശദീകരിക്കുന്നതിൽ വിമുഖരായിക്കൊണ്ട് അവ പരിണാമത്തിന്റെ ഉൽപന്നമാണെന്ന് ഒഴുക്കൻ മട്ടിൽ ലളിതമായി പറയുകയാണ് ചെയ്യുന്നത്. മറ്റു പ്രകൃതി ശാസ്ത്രജ്ഞൻമാരെ ഇക്കാര്യം ഓർമിപ്പിച്ചാൽ അവരുടെ മറുപടി, ധ്രുവക്കരടിയെ മറ്റു കരടികളുടെ കുടുംബത്തിൽ നിന്ന് വേർതിരിച്ചു നിറുത്തുന്ന പ്രത്യേകതകൾ രൂപപ്പെടാൻ കോടിക്കണക്കിന് വർഷമെടുത്തിട്ടുണ്ടെന്നാണ്.

ധ്രുവപ്രദേശത്തെ കാലാവസ്ഥയോടു ഇണങ്ങിച്ചേരാനുള്ള അനുകൂലനങ്ങൾ ആർജിച്ചതിൽ ആർട്ടിക്ക് കുറുക്കനും(Artic Fox)വളരെയൊന്നും പിന്നിലല്ല. ഇടതിങ്ങി വളരുന്ന വെളുത്ത രോമം തണുപ്പ് കാലത്ത് അതിന് ചൂടുനൽകുകയും പരിസ്ഥിതിക്കനുയോജ്യമായ വേഷപ്പകർച്ചയിൽ ഒളിച്ചിരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. മറ്റു സ്ഥലങ്ങളിൽ കാണപ്പെടുന്ന കുറുക്കൻമാരുടെ ചെവിയെ അപേക്ഷിച്ച് ധ്രുവക്കുറുക്കന്റെ രോമാവൃതമായ ചെവിയിലൂടെ കുറച്ച് ചൂട് മാത്രമേ നഷ്ടപ്പെടൂ. മറ്റു കുറുക്കൻമാരുമായി ധ്രുവക്കുറുക്കനെ താരതമ്യം ചെയ്യുമ്പോൾ ധ്രുവക്കുറുക്കന്റെ മുഖവും കാലും ചെറുതാണ്. അതും ചൂടു നഷ്ടപ്പെടാതിരിക്കാൻ സഹായിക്കുന്ന അനുകൂലനങ്ങളാണ്. ധ്രുവക്കരടിയെപ്പോലെ ആർട്ടിക് കുറുക്കന്റേയും കാൽപത്തി കീഴേ രോമാവൃതമാണ്. കടുത്ത തണുപ്പിൽ നിന്ന് രക്ഷ നൽകാൻ ഇത് ഉത്തമമായ ഒരു ഉപാധിയാണ്. കാൽപാദങ്ങൾക്കടിയിലെ രോമത്തിന്റെ കാര്യത്തിൽ, ധ്രുവപ്രദേശത്തെ കുറുക്കന്റെ പങ്കാളി മരുഭൂമിയിലെ കുറുക്കനാണ്. മരുഭൂമിയിലെ കുറുക്കന് രോമത്തിന്റെ ആവശ്യം കടുത്ത ചൂടിൽ നിന്ന് രക്ഷ നേടാനാണെന്ന് വ്യക്തം. വെള്ള ധ്രുവക്കുറുക്കനെ മഞ്ഞിൽ നിന്ന് വേർതിരിച്ചറിയാൻ വിഷമമാണ്. മറ്റു സ്ഥലങ്ങളിൽ അതിന്റെ വെളുത്ത രോമം ഒരു പ്രതികൂല ഘടകമാണ്. ഉദാഹരണത്തിന് മഞ്ഞ് കുറഞ്ഞ ആർട്ടിക് സമുദ്രത്തോട് ചേർന്ന തീരങ്ങളിലും ദ്വീപുകളിലുമുള്ള കുറുക്കൻമാർക്ക് അവരെ നിറം കൊണ്ട് ഒളിക്കാൻ മറ്റു വർണങ്ങളാണ് ആവശ്യം. നീലകലർന്ന തവിട്ട് നിറമാണ് അവിടെ പറ്റിയ നിറം. ആ നിറം തന്നെ അവിടുത്തെ കുറുക്കന്റെ നിറവുമായിമാറിയിരിക്കുന്നു.

ജീവികളുടെ ഉത്ഭവത്തിൽ പ്രകൃതിയുടെ തിരഞ്ഞെടുപ്പിന്റെ പങ്കെന്താണ്? പ്രാധാന്യമർഹിക്കുന്ന ഈ ചോദ്യത്തിലേക്ക് തന്നെ ഈ പ്രശ്നം നമ്മെ നയിക്കുന്നു. ധ്രുവക്കരടിക്ക് ആർട്ടിക്ക് കാലാവസ്ഥയെ അതിജീവിക്കാൻ വേണ്ടി ഇത്തരത്തിലുള്ള അനുകൂലനങ്ങൾ ആർജിച്ചെടുക്കാൻ ദശലക്ഷക്കണക്കിന് വർഷങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ അതേ സമയത്തിന്റെ അളവുകോൽ കുറുക്കനും ബാധകമാണ്. അതിൽ പക്ഷ

ഭേദം പാടില്ല. അതിജീവനത്തിന് വേണ്ടി തങ്ങളുടെ ശരീരത്തിൽ അവശ്യം വേണ്ടുന്ന മാറ്റങ്ങൾ വരുത്തുന്നതിന് മുമ്പേ കുറുക്കന്റേയും കരടിയുടേയും എത്രതലമുറകളായിരിക്കും നശിച്ചിരിക്കുക എന്ന ചോദ്യം ഇവിടെ ഉയർന്നു വരുന്നു.

ധ്രുവപ്രദേശത്തെ കാലാവസ്ഥയുമായി പൊരുത്തപ്പെട്ടു പോകാൻ സഹായിക്കുന്ന ഇത്തരത്തിലുള്ള യാതൊരു അനുകൂല ഗുണങ്ങളുമില്ലാതെ ദശലക്ഷക്കണക്കിന് വർഷങ്ങൾ അവയ്ക്ക് അതിജീവിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ, പിന്നെ അനുകൂലനങ്ങളുടെ ആവശ്യം തന്നെ എവിടെയായിരുന്നു? ആർട്ടിക് പ്രദേശത്തെ കരടിയിലും കുറുക്കനിലും വരുത്തിയ മാറ്റങ്ങൾ പ്രകൃതി നിർദ്ധാരണത്തിന് സ്ഥിരീകരിക്കാൻ ജനിതക മാറ്റത്തിന്റേയും ഉൽപരിവർത്തനത്തിന്റേയും ഇത്ര ദീർഘകാലത്തെ കോലാഹലങ്ങൾ പിന്നെയെന്തിനായിരുന്നു?

മറ്റൊരു കാര്യം, ലോകത്തെവിടെയും കാണപ്പെടുന്ന സാധാരണ കരടികളേയും കുറുക്കൻമാരേയും ആർട്ടിക് പ്രദേശത്തേക്ക് ഇപ്പോൾ തള്ളിവിട്ടുവെന്നിരിക്കട്ടെ, ആ പ്രദേശത്ത് നിന്ന് ആർട്ടിക് കുറുക്കനേയും ധ്രുവക്കരടിയേയും പിൻവലിക്കുകയും ചെയ്യാം. ചോദ്യമിതാണ്, നിഷ്കാസിതരാവാതെ തലമുറതലമുറകളോളം അവർക്ക് ഈ പ്രതികൂല കാലാവസ്ഥയെ അതിജീവിക്കാനുള്ള അവസരമുണ്ടാകുമോ? ജീവി വർഗങ്ങൾക്ക് അതിജീവിക്കാൻ കഴിയും എന്ന ഉറപ്പോടെ അവർക്ക് അതിജീവിക്കാൻ കഴിഞ്ഞെങ്കിൽ ധ്രുവക്കരടിയുടെ പരിണാമ പ്രക്രിയ അനാവശ്യമായ ഒന്നായി കണക്കാക്കപ്പെടാവുന്നതാണ്. അതുപോലെ അതിന്റെ ശരീരഘടനയിലുണ്ടായ മാറ്റം നിരർഥകമായ ഒന്നായും കണക്കാക്കപ്പെടും.

നമുക്ക് ഈ വിഷയത്തെ വ്യത്യസ്തമായ മറ്റൊരു വീക്ഷണ കോണിലൂടെ നോക്കാം. ഉത്തര ധ്രുവപ്രദേശത്തുള്ളത് പോലെ തികച്ചും പ്രതികൂലമായ പരിസ്ഥിതി പോലും കോശങ്ങളിലെ ജൈവരസതന്ത്രഘടനക്ക് മതിയായ മാറ്റങ്ങൾ വരുത്താൻ കാരണമായിത്തീരുന്നില്ല. സ്വഭാവ മാറ്റങ്ങൾക്ക് കാരണമാവുന്ന ജീനുകളിൽ ക്രമേണയുള്ളതോ ഉൽപരിവർത്തനാത്മകമോ ആയ പ്രകടമായ പരിവർത്തനങ്ങൾ സങ്കൽപിക്കാൻ സാധ്യമല്ല. ഇന്ന് ആർടിക് ധ്രുവത്തിൽ കാണപ്പെടുന്ന കരടിക്കും കുറുക്കനുമുള്ള കറുത്ത തൊലിയിലെ വെള്ള രോമങ്ങൾ, ചെറിയ മുൻകാലുകൾ, വലിയ പിൻകാലുകൾ, ചെറിയ വട്ട ചെവികൾ, അതിതീക്ഷ്ണമായ ഘ്രാണശക്തിയും കാഴ്ചശക്തിയും, കാൽപത്തിക്കടിയിലെ ഇടതൂർന്ന രോമങ്ങൾ, പരിസ്ഥിതിയുടെ മാറ്റങ്ങൾക്കനുസരിച്ചുള്ള വർണ്ണമാറ്റങ്ങൾ, തൊലിക്കുള്ളിലെ അടലകളായുള്ള കൊഴുപ്പ് പാളികൾ മുതലായവയൊന്നും ധ്രുവക്കരടിയും ആർട്ടിക്ക് കുറുക്കനും ജീവിക്കുന്ന ആവാസ വ്യവസ്ഥയിലെ കാലാവസ്ഥയുടെ സ്വാധീനം കൊണ്ടുണ്ടായ ക്രമീകരണങ്ങളല്ല. ആകസ്മികതയാണ് ഈ മാറ്റങ്ങളുണ്ടാക്കുന്നതെങ്കിൽ കോശത്തിലെ രാസഘടനയിൽ പ്രത്യേകമായും അന്ധമായുമുള്ള പരിവർത്തനങ്ങൾ തുടർന്നും വരുത്തി കൊണ്ടിരിക്കണം. അതായത് പുതിയ സ്വഭാവശീലങ്ങൾ ഉണ്ടാക്കിക്കൊണ്ട് മൃഗത്തിന്റെ ശരീരഘടനയിൽ നാനാവിധത്തിലുള്ള വ്യതിയാനങ്ങൾ വരുത്തിയും ആകസ്മികതയുടെ കളി തുടരേണ്ടതുണ്ട്.

നിരവധി സാധ്യതകളിൽ നിന്ന് ഉചിതമായ ഒന്ന് തിരഞ്ഞെടുക്കാൻ പ്രകൃതി നിർദ്ധാരണത്തിന് അത്യന്തം മന്ദഗതിയിലുള്ള മാറ്റങ്ങൾക്കായി കാതോർക്കണം. എന്നാൽ കോശത്തിലെ രാസഘടനയിൽ യാദൃച്ഛിക മാറ്റം വരുത്തിയാൽ രോമത്തിന്റെ കറുത്ത നിറം വെള്ളയായി പെട്ടെന്ന് മാറ്റാൻ സാധിക്കും. അങ്ങനെ വെളുത്ത കട്ടിരോമം മുകളിൽ വരാവുന്ന രീതിയിലാക്കുകയും ചെയ്യാം. ഈ മാറ്റങ്ങൾ എന്തുകൊണ്ട് കറുപ്പിൽ നിന്ന് നീലയായി മാറുന്നില്ല. അല്ലെങ്കിൽ കറുപ്പിൽ നിന്ന് ക്രിംസൺ വർണമായോ, വയലറ്റിൽ നിന്ന് പച്ചയായോ കടുത്ത മഞ്ഞ നിറത്തിൽ നിന്ന് കുങ്കുമമായോ മാറുന്നില്ല. എങ്ങനെയാണ് കോശ രസതന്ത്രം ആർട്ടിക് ധ്രുവത്തിലെ കാലാവസ്ഥക്ക് യോജിച്ച നിറം വെള്ളയാണെന്ന് തിരിച്ചറിഞ്ഞത്? രോമത്തിനടിയിലെ തൊലി കറുപ്പായിത്തന്നെ നിൽക്കുന്ന കാര്യം കോശരസതന്ത്രം മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടത് എന്തുകൊണ്ടാണ്? കോശത്തിൽ നടന്ന ഈ പരിവർത്തനങ്ങൾ തൊലിയെ അതേപടി വിട്ടുകൊണ്ട് രോമത്തിന്റെ നിറം മാത്രം മാറ്റിയത് എന്തുകൊണ്ടാണ്? തീർച്ചയായും കറുത്ത തൊലിയിലെ വെളുത്ത രോമങ്ങൾ ഒരു നവീന ആശയം തന്നെ! ധ്രുവത്തിലെ കരടിയുടേയും കുറുക്കന്റേയും ഓരോ പ്രത്യേകതകളെക്കുറിച്ചും ഇവിടെ പ്രതിപാദിച്ചല്ലോ? ഇത് കൂടാതെ ഈ ജീവികൾക്കായി ആകസ്മികത നിരവധി മറ്റു സാധ്യതകളും സൃഷ്ടിക്കേണ്ടത് ആവശ്യമാണ്.

ജീവികളുടെ പരിണാമത്തെ സംബന്ധിച്ച ഡാർവീനിയൻ സിദ്ധാന്ത പ്രകാരം ഒരാൾ പ്രതീക്ഷിക്കേണ്ടത് പ്രകൃതിയുടെ തിരഞ്ഞെടുപ്പ് ആരംഭിക്കുന്നതിന് മുമ്പേ ആകസ്മികത വന്ന് ഒരുപാട് പ്രത്യേകതകളുള്ള വിവിധങ്ങളായ ധ്രുവക്കരടികളേയും കുറുക്കൻമാരേയും സൃഷ്ടിച്ചിരിക്കണമെന്നാണ്. ആർട്ടിക് മേഖലയിലെ ഫോസിൽ തെളിവുകൾ ആകസ്മികതയുടെ സൃഷ്ടികളായ ചെമന്ന കരടി, നീലക്കരടി, കുങ്കുമക്കരടി മുതലായ കരടികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച സാധ്യതകൾ സ്ഥിരീകരിക്കേണ്ടതാണ്. പക്ഷേ, ധ്രുവക്കരടിയുടെ കാര്യത്തിൽ പരിണാമവാദം ഈ വർണവൈവിദ്ധ്യങ്ങൾക്കിടയിൽ ഉണ്ടാവേണ്ട മത്സരത്തിനെപ്പറ്റിയൊന്നും പറയുന്നില്ല. അവർക്ക്

വർണാന്ധത ബാധിച്ചിരിക്കുന്നു. അതിന് വെള്ളയാണോ കറുപ്പാണോ എന്ന് മാത്രം തിരിച്ചറിയാനുള്ള കഴിവേയുള്ളൂ. അതിലുപരിയായി കരടികൾ പല വലുപ്പത്തിലും രൂപത്തിലും ഉണ്ടാവേണ്ടതുണ്ട്. വളരെ ചെറിയ ധ്രുവക്കരടികളും, ഭീമന്മാരായ ധ്രുവക്കരടികളും, അതിഭീമൻമാരും മദ്ധ്യ ഭാരമുള്ളവയും, ചെറിയ ഭാരമുള്ളവയും, പറവയുടെ ഭാരമുള്ളവയും തൂവൽ ഭാരമുള്ളവയുമുണ്ടാകണം. ചിലത് നീളമുള്ള മുൻകാലുകളോടും കുറിയ പിൻകാലുകളോടും ജനിക്കണം. ചിലതിന് കുറഞ്ഞകാഴ്ചയും പരിമിതമായ ഘ്രാണശക്തിയുമുണ്ടാവേണ്ടതുണ്ട്. എന്തുകൊണ്ടാണ് സൃഷ്ടിയുടെ ഘടകങ്ങൾ, അവ ഏതൊക്കെ തന്നെയായാലും ധ്രുവപ്രദേശത്തെ ആവാസ വ്യവസ്ഥയിൽ ഒരേയൊരു സാധ്യത മാത്രം സജ്ജീകരിച്ചു കൊണ്ട് പ്രകൃതി നിർദ്ധാരണത്തെ ഉദാസീനമായി ഇരിക്കാൻ അനുവദിക്കുന്നത്?

ചില ധ്രുവക്കരടികൾ കടൽ നായയുടെ മാംസത്തോട് തികച്ചും ഇഷ്ടക്കേടോടുകൂടി ആകസ്മികമായി ജനിക്കേണ്ടതുണ്ട്. എത്രത്തോളമെന്നാൽ അതിന്റെ മാംസം ഒരു കഷണം തിന്നുന്നതിനേക്കാൾ പട്ടിണി കിടന്ന് ചാകുന്നയത്ര ഇഷ്ടക്കേട് കടൽ നായയുടെ മാംസത്തോടുണ്ടായിരിക്കണം. അതിന്റെ കാഴ്ച പോലും മണിക്കൂറുകളോളം ഓക്കാനവും ഛർദ്ദിയുമുണ്ടാക്കുന്ന അനുഭവമായിരിക്കണം ധ്രുവക്കരടിക്കുണ്ടാകേണ്ടത്. അവയിൽ ചിലത് ചെറിയ തോതിൽ നീന്തൽ ക്കാരും ഓട്ടക്കാരുമായിത്തീർന്നു എന്നുവന്നാൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല.

അങ്ങനെയാണെങ്കിൽ ചില പ്രത്യേക മേഖലയിൽ പരിണാമ പ്രക്രിയ രൂപപ്പെടുത്തിയത് ആകസ്മികത മാത്രമാണെന്ന് ഡാർവിനിയൻ പ്രകൃതിശാസ്ത്രജ്ഞൻമാർക്ക് നമ്മെ വിശ്വസിപ്പിക്കാനുള്ള അവകാശമുണ്ട്. തുടർന്ന് പ്രകൃതി നിർദ്ധാരണത്തിന്റേയും അർഹതയുടെ അതിജീവനത്തിന്റേയും അനിവാര്യ നിയമങ്ങൾ അനാവശ്യമായതും മത്സരശേഷിയില്ലാത്തതുമായ ധ്രുവക്കരടി വർഗങ്ങളെ മുഴുവൻ തുടച്ചു നീക്കിയിട്ടുണ്ടാവും. പിന്നെ ഇന്നത്തെ നിലയിൽ കാണുന്ന ധ്രുവക്കരടികളെ അങ്ങനെ വിടുകയും ചെയ്തിരിക്കണം.

എന്നാൽ അർഹതയുള്ളതിന്റെ അതിജീവനത്താൽ തുടച്ചു നീക്കപ്പെടാൻ വിധിക്കപ്പെട്ട ആ ധ്രുവക്കരടികൾ എവിടെയാണ് അപ്രത്യക്ഷമായത്? നാം ഇവിടെ ചർച്ച ചെയ്യുന്നത് ഉഷ്ണമേഖലാ പ്രദേശത്തെക്കുറിച്ചല്ല. അതിശൈത്യമുള്ള ആർട്ടിക് ധ്രുവപ്രദേശത്തെക്കുറിച്ചാണ്. ഇത്തരം കാലാവസ്ഥകളിൽ തിരോഭവിക്കപ്പെട്ട വ്യത്യസ്ത തരത്തിൽപ്പെട്ട ചില ധ്രുവക്കരടികളുടെ മൃതശരീരം യാതൊരു കേടും പറ്റാതെ ഫോസിലുകളായി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പേ ഉണ്ടായിരുന്ന മൃഗങ്ങളുടെ മൃതശരീരങ്ങൾ ആർട്ടിക് മേഖലയിലെ അഗാധമായ തണുപ്പിൽ യാതൊരു കേടുപാടും പറ്റാതെ ഫോസിലുകളായി സംരക്ഷിക്കപ്പെട്ടിട്ടുമുണ്ട്. എത്രത്തോളമെന്നാൽ അതിന്റെ മാംസം ഇന്നലെ ജീവൻ പോയത് പോലെ ഭക്ഷിക്കാൻ യോഗ്യമായതായിരുന്നു. കുറച്ച് മുമ്പേ അത്തരത്തിലുള്ള ഒരു മാമ്മോത്തിനെ സൈബീരിയയിൽ നിന്ന് കണ്ടെടുക്കുകയുണ്ടായി.

ജീവി വർഗത്തിനു മേൽ നിരവധി വ്യത്യാസങ്ങൾ വരുത്തുന്ന അതേ യാദൃച്ഛികമായ കോശതലത്തിലുള്ള വ്യതിയാനങ്ങൾ ധ്രുവ പ്രദേശങ്ങളല്ലാത്തയിടങ്ങളിലും മറ്റ് ആവാസവ്യവസ്ഥകളിലും പ്രവർത്തിക്കുന്നതായി കാണേണ്ടതുണ്ട്. ചുരുങ്ങിയത് അത്തരത്തിലുള്ള ഏതെങ്കിലുമൊരു ഫോസിൽ തെളിവ് ലഭിക്കേണ്ടതാണ്.

ആർട്ടിക് ധ്രുവത്തിൽ നിന്ന് ലോകത്തിലെ മറ്റിടങ്ങളിലേക്ക് നമുക്കിപ്പോൾ സഞ്ചരിക്കാം. ഭീമാകാരനായ ധ്രുവക്കരടിയെ അപേക്ഷിച്ച് നിസ്സാരനായ ചിലന്തിയെപ്പറ്റിയുള്ള പഠനം വിസ്മയകരമായ കൂടുതൽ വൈരുദ്ധ്യങ്ങൾ പുറത്ത് കൊണ്ടുവരും. ( വിവ: എ.എം) (തുടരും)

## ദുആയുടെ നിയമം

ദുആക്ക് വേണ്ടി നിയമമുണ്ട്. ഞാൻ പലതവണ പറഞ്ഞുകഴിഞ്ഞതാണിത്. അല്ലാഹു ചിലപ്പോൾ അവനുദ്ദേശിച്ച കാര്യം സത്യവിശ്വാസിയെകൊണ്ട് അനുസരിപ്പിക്കുന്നു. ഇടയ്ക്ക് സത്യവിശ്വാസി പറയുന്ന കാര്യം അവൻ സ്വീകരിക്കുന്നു. അതുകൂടാതെ, നാമാണെങ്കിൽ എല്ലാം അറിയുന്നവരല്ല. നാം ആവശ്യപ്പെടുന്ന കാര്യങ്ങളുടെ അനന്തരഫലങ്ങളെ കുറിച്ചും നമുക്കറിയില്ല. അതുകൊണ്ട് ചില സമയങ്ങളിൽ മനുഷ്യൻ ആവശ്യപ്പെടുന്ന കാര്യം അവനുതന്നെ ഹാനികരമായതായിരിക്കാം. എന്നാലും ദൈവം ദുആകൾ സ്വീകരിക്കുന്നു. എന്നിട്ട് ദുആ ചെയ്യുന്നവനു ഏതൊന്നാണോ ഗുണകരമായത് അതവനു നൽകുന്നു. ഏതുപോലെയെന്നാൽ, ഒരു കൃഷിക്കാരൻ രാജാവിനോട് ഒരു മുന്തിയയിനം കുതിരയെ ആവശ്യപ്പെടുന്നു. രാജാവ് അവന്റെ ആവശ്യങ്ങൾ മനസ്സിലാക്കി അവനു മുന്തിയ തരം കാളയെ നൽകുന്നു. അവനുവേണ്ടി ഉചിതമായിട്ടുള്ളത് അതുതന്നെയാണ്.

**– ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

# അറബിയിൽ നിന്ന് ഇംഗ്ലീഷിലേക്ക്

ഇംഗ്ലീഷ് ഭാഷയിലെ നിരവധി പദങ്ങൾ അറബിയിൽ നിന്നും നിഷ്പന്നമായവയാണ്. ആംഗല തനിമയോടെ നാം ഉപയോഗിക്കുന്ന എണ്ണിയാലൊടുങ്ങാത്ത പദങ്ങൾ ഭാഷകളുടെ മാതാവായ അറബിയിൽ നിന്ന് വന്നതാണെന്നത് കൗതുകമുണർത്തുന്ന വസ്തുതയാണ്. ഒരു യൂറോപ്യൻ ലേഖകൻ അക്കാര്യം വിവരിക്കുന്നു.

**അലൻ പിം സ്മിത്ത്**

അറബി പദങ്ങളുടെ ആംഗലേയാവിഷ്ക്കാരങ്ങളിൽ ചിലത് അവയുടെ മൂലപദത്തോട് അഭിന്നമാം വിധം സദൃശമാണ്. എന്നാൽ മറ്റുള്ളവ ശബ്ദ ധ്വനിയിലും അർഥത്തിലും തുലോം വ്യത്യസ്തമാണ്. മോസ്ക് Mosque എന്ന ശബ്ദത്തിന് മസ്ജിദുമായി വലിയ സാമ്യമൊന്നുമില്ല. കൂടാതെ ബദുവിയൻ (*Bedouin*) എന്ന പദം ഏകവചന രൂപമായാണ് നാം ഉപയോഗിക്കുന്നതെങ്കിലും യഥാർഥത്തിൽ അതിന്റെ ഉദ്ഭവം ബിദ്‌വാൻ(*Bidwan*) എന്ന അറബി പദത്തിന്റെ ബഹുവചന രൂപമായ ബദവി *Bedawi* എന്ന അറബി പദത്തിൽ നിന്ന് നിഷ്പന്നമായതാണ്. *Dhow* എന്ന പദമുണ്ടായത് *Dawa* യിൽ നിന്നാണ്. എന്നാൽ അറബി സംസാരിക്കുന്നവരോട് ചോദിച്ചാൽ അങ്ങനെ ഒരു പദം തന്നെ അറിയില്ലെന്ന് പറയും കാരണം ദവാ ഇന്നുപയോഗത്തിലില്ലാത്ത പദമാണ്. ഇപ്പറഞ്ഞ പദങ്ങൾ ഒക്കെയും അറബി ഇസ്‌ലാമിക ജീവിതവുമായി ബന്ധപ്പെട്ടവയാണ്. അതിനാൽ ഈ കാര്യങ്ങളിൽ അറബിയിൽ പ്രകടിപ്പിക്കപ്പെട്ടതിൽ അത്ഭുതപ്പെടാനൊന്നുമില്ല. എന്നാൽ *Apriccot, Orange, Lemon, Lime* മുതലായ ഫലവർഗ്ഗങ്ങളുടെയും *Artichoke, Spinach, Aubergine* എന്നീ പച്ചക്കറികളുടെയും രുചിയിലോ പേരിലോ പരദേശിയാണ്. ഒരു ഇംഗ്ലീഷുകാരന് ഇത് അനുഭവപ്പെടില്ലെങ്കിലും സത്യത്തിൽ ഈ നാമങ്ങളൊക്കെയും അറബിയാണ്. ഉദാഹരണത്തിന് *Lemon* മദ്ധ്യകാല ഫ്രഞ്ചിൽ നിന്ന് മദ്ധ്യകാല ഇംഗ്ലീഷിലേക്ക് കടന്നു വന്നതാണ്. അതിന് മുമ്പ് ഈ പദം മദ്ധ്യകാല ലാറ്റിനിലാണ് ഉപയുക്തമായിരുന്നത്. അതിനിടയിൽ വളരെ ചെറിയ മാറ്റങ്ങൾ മാത്രമാണ് ഉച്ചാരണത്തിൽ വന്നിട്ടുള്ളത്. ഇതിന്റെ യഥാർഥ രൂപം അറബിയിലെ *Laymun* ആണ്! എന്നാൽ ഇറ്റാലിയനിലൂടെ കടന്ന് വന്നപ്പോൾ *Articohoke* സത്യത്തിൽ *Al-khurshuf* എന്ന അറബി പദമാണെന്ന് തിരിച്ചറിയാൻ കുറച്ച് പ്രയാസമാണ് .

അറബിയിൽ നിന്ന് നേരിട്ട് ഇംഗ്ലീഷിലെത്തിയ പദങ്ങളുടെ ചുരുക്കമാണെങ്കിലും മറ്റു വിധത്തിൽ ഇംഗ്ലീഷിലെത്തിയ പദങ്ങൾ നുറുക്കണക്കിന് വരും മിക്കവാറും അവ ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ, ലാറ്റിൻ ഭാഷാ രൂപത്തിലായിരിക്കും എത്തിയത്.

കഴിഞ്ഞ 1000 വർഷങ്ങളായി ഇംഗ്ലീഷ് വിഴുങ്ങിക്കൊണ്ടിരിക്കുന്ന വിദേശ ഭാഷാഘടകങ്ങൾ ഒട്ടനവധിയാണ്. ഇങ്ങനെ ഫ്രഞ്ചിൽ നിന്നും ലാറ്റിനിൽ നിന്നും കടമെടുത്ത പദങ്ങൾ ആധുനിക ഇംഗ്ലീഷ് പദസമ്പത്തിന്റെ പകുതിയോളം വരും. ക്രി. വ. 1066 ലെ നോർമൻ അധിനിവേശത്തിന് ശേഷം ഇംഗ്ലീഷ് കോടതിയും പ്രഭുത്വവും പാർലമെന്റും ഫ്രഞ്ച് ഭാഷാ ഉപയോഗിച്ചു തുടങ്ങി. ക്രി. വ 1731 ൽ അത് ഇംഗ്ലണ്ടിലെ നിയമ ഭാഷയായി നിലകൊള്ളുകയും ചെയ്തു.

മധ്യകാലഘട്ടങ്ങളിൽ ഫ്രഞ്ചിലൂടെയാണ് മിക്കവാറും അറബി പദങ്ങൾ ഇംഗ്ലീഷിലെത്തിയത്. ഇവയിൽ ഭൂരിഭാഗവും ഗണിത ശാസ്ത്ര-ഖഗോളശാസ്ത്ര-രസതന്ത്ര പദങ്ങളായിരുന്നുവെന്നതാണ് ശ്രദ്ധേയമായിട്ടുള്ളത്. ക്രി. വ. 1300 കളിൽ ഇംഗ്ലീഷിൽ *Al-chemy* (രസതന്ത്രം) എത്തിചേരുന്നത് അറബി പദമായ *Al kimya* (അൽ കീമിയാഅ്) ൽ നിന്ന് വലിയ രൂപഭേദങ്ങളൊന്നും കൂടാതെയാണ്. ഏതാണ്ട് ഇതേ കാലയളവിൽ തന്നെയാണ് *Alkali, Alogaritham, Alembic, Almanac* തുടങ്ങിയ പദങ്ങളും ഇംഗ്ലീഷ് നിഘണ്ടുവിൽ സ്ഥാനം പിടിച്ചത്. ഈവാക്കുകളിലെ *Al* എന്ന ശബ്ദം വരുന്നത് ഇംഗ്ലീഷിൽ .The തുല്യമായ (Aarabic definit article) ൽനിന്നുമാണ്. ഉദാഹരണത്തിന്

*Alkali* ഉണ്ടായത് അറബിയിലെ *Al quili* യിൽ നിന്നാണ്. Saltwort ചെടിയുടെ ചാരമെന്ന് നിർവചിക്കാം. *Alembic* ഒരു ശുചീകരണ ഉപകരണമാണ്. **'നിശ്ചലം'** എന്നർഥം വരുന്ന *Al Imbiq* ൽ നിന്നാണ് ആവിർഭവിച്ചത്.

മദ്ധ്യകാലം അക്ഷരാർത്ഥത്തിൽ അറബ് ഇസ്ലാമിക്ക് നാഗരികതയുടെതായിരുന്നു. ഏതാണ്ട് 500 കൊല്ലക്കാലം അറബി ഭാഷ വിജ്ഞാനത്തിന്റെയും സാംസ്ക്കാരികതയുടെയും ധൈഷണികപുരോഗതിയു ടെയും ഭാഷയായി വിരാജിച്ചു. 9-ാം നൂറ്റാണ്ടിൽ ധാരാളം ക്ലാസിക്ക് ഗ്രീക്ക് ശാസ്ത്ര തത്ത്വ ശാസ്ത്ര ഗവേഷണ പ്രബന്ധങ്ങൾ അറബിയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുകയുണ്ടായി ഈ അടിത്തറയിൽ നിന്നാണ് അറബി ഗവേഷകരും ശാസ്ത്രജ്ഞന്മാരും വൈദ്യശാസ്ത്ര ജ്ഞാനികളും ഗണിതജ്ഞരുമെല്ലാം വിജ്ഞാന ലോകത്തേക്ക് കുതിച്ച് മുന്നേറിയത്. ഈ ജ്ഞാന ഭണ്ഡാരം പിന്നീട് സ്പെയിനിലെ ഇസ്ലാമിക യൂണിവേഴ്സിറ്റിയിൽ നിന്നും പശ്ചിമ യുറോപ്പിലേക്ക് കൈമാറ്റപ്പെട്ടു. ഉദാഹരണം:

കണക്ക് കൂട്ടാനുപയോഗിക്കുന്ന ഡെസിമൽ സമ്പ്രദായം അഥവാ ദശാംശ സമ്പ്രദായം അറബി ഗണിതശാസ്ത്ര സംഭാവനയാണ്. ഇന്ത്യൻ സങ്കേതമായ പൂജ്യമാണ് ഇതിന്റെ അടിസ്ഥാനം. ഈ പൂജ്യം *Zero* യും അതിന്റെ മറ്റൊരു നാമമായ *Cipher* ഉം ശൂന്യം എന്നർഥത്തിൽ വരുന്ന *Sifr* എന്ന അറബി പദത്തിൽ നിന്നും വന്നതാണ്.

11-ാം നൂറ്റാണ്ട് മുതൽ 13-ാം നൂറ്റാണ്ട് വരെയും തീർച്ചയായും അതിന് ശേഷവും മദ്ധ്യകാല ഇംഗ്ലണ്ടിൽ അറബി വിജ്ഞാനം വ്യാപകമായിരുന്നു. ക്രി. വ. 1100 കളുടെ തുടക്കത്തിൽ തന്നെ അന്നത്തെ പ്രമുഖ യൂറോപ്യൻ പണ്ഡിതരിൽ ഒരാളായ ഇംഗ്ലണ്ടിലെ ബാത്തുകാരൻ അബലാർഡ് ഖവാരിസ്മിയുടെ ഖഗോള വിജ്ഞാനീയ പട്ടിക അറബിയിൽ നിന്ന് ലാറ്റിനിലേക്ക് വിവർത്തനം ചെയ്തു. ഇന്ന് സർവസാധാരണയായി ഉപയോഗിക്കപ്പെടുന്ന രണ്ട് ഗണിത പദങ്ങളാണ് *Algibra, Alogaritham* എന്നിവ ഇംഗ്ലീഷ് ഭാഷയിൽ എത്തിചേർന്നതിങ്ങനെയാണ്. ഇതിൽ രണ്ടാമത്തെ പദം ഖവാരിസ്മിയുടെ പേരിൽനിന്നു തന്നെ എടുത്തതാണ് *Algibra,* യാകട്ടെ ഛിദ്രമാക്കപ്പെട്ട ഭാഗങ്ങളുടെ പുനരേകീകരണം എന്ന അർത്ഥം വരുന്ന *Al -jaba*r ൽനിന്നും ഉണ്ടായതാണ്. *Al jaba*r ഖവാരിസ്മിയുടെ ഗണിത ശാസ്ത്ര പ്രബന്ധമായ *Hisab Al-jabr W' al Muqabala* യിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ കൗതുകകരമായ കാര്യം അറബിയായ *Al -jaba*r ഇംഗ്ലീഷായ *Algibra* ഒരേ രീതിയിൽ ഒടിവിനും ചതവിനും അസ്ഥി യോജിപ്പിക്കാനും മറ്റുമുള്ള ചികിത്സാരീതിയെ സുചിപ്പിക്കുന്ന പദങ്ങളാണ്. വാക്കുകളുടെ ചരിത്രപരമായ ഉപയോഗത്തെ മുൻനിറുത്തി നിർവചനങ്ങൾ നൽകുന്ന Oxford English Dictionary ആദ്യത്തെ അർഥമായി *Algibra* ക്ക് നൽകുന്നത് ഒടിവിനും ചതവിനുമുള്ള ശസ്ത്രക്രിയാ ചികിത്സ എന്നാണ്. ഇത് കൂടാതെ ക്രി.വ. 1565ൽ നിന്നുള്ള ഒരുദ്ധരണിയും ചേർത്തിട്ടുണ്ട്.

'The surgical treatment of fractures, This arabic word Algibra sygnify as well as fractures of born etc as sometime restoration of same.*'*

Algibra എന്ന ഈ അറബി പദം അസ്ഥികളുടെ ക്ഷയത്തെയും മറ്റും കുടി സുചിപ്പിക്കുന്നു. ചില അവസരങ്ങളിൽ അവയുടെ പുനസംയോജനത്തെയും സുചിപ്പിക്കുന്നു. വിജ്ഞാന മേഖലയിൽ അറബി ഗവേഷകർ ചെയ്ത ഏറ്റവും വലിയ സംഭാവന ജ്യോതിശാസ്ത്ര മേഖലക്ക് അവർ നൽകിയ വളർച്ചയാണ്. അറബിയിൽ നിന്ന് രൂപപെട്ട നാമങ്ങളുള്ള നുറുക്കണക്കിന് നക്ഷത്ര നാമങ്ങൾ ആധുനിക നക്ഷത്ര പട്ടികയിലുള്ളത്. Alair, Aldebaran, Btelgeus,Vega, Algole അവയിൽ ചുരുക്കം ചിലവ മാത്രം. ഇതിലെ അവസാന പദം Algole അൽഗോൾ രൂപപ്പെട്ടത് *Al ghul* അഥവാ ഭൂതം, പിശാച് എന്നീ അർഥമുള്ള *Al ghul.* എന്ന അറബി പദത്തിൽ നിന്നാണ് നിന്നാണ്. ഇംഗ്ലീഷ് പദമായ Ghoul ഉം അതിന്റെ വിശേഷണമായ *Ghoulish* ഉണ്ടായത്. Algol. (അൽഗോൾ) എന്ന നക്ഷത്രത്തെ അറബികൾ *Al ghul* എന്നാണ് വിളിക്കുന്നത് കാരണം അത് പ്രേതത്തെ പോലെയാണ് കാണപ്പെടുന്നത്. ഗ്രഹണം ബാധിച്ച ഇരട്ട നക്ഷത്രത്തെ പോലെയും, അത് തെളിച്ചമില്ലാതെ അവ്യക്തമായി ഓരോ ഈരണ്ട് ദിവസം കൂടുംതോറും പ്രകാശം മറിമാറി പ്രത്യക്ഷപ്പെടുന്നു. അതുകൊണ്ടാണ് ഈ പേരു തന്നെ നൽകാൻ അറബികൾക്ക് പ്രേരണയായത്. നക്ഷത്ര നാമങ്ങൾ മാത്രാമല്ല *Zennith, Nadir Azimuth* തുടങ്ങിയ ജ്യോതി ശാസ്ത്ര പദങ്ങളുടെ ഉദ്ഭവവും അറബിയിൽ നിന്ന് തന്നെ.

*Talisman, Elixir* എന്നിവ അറബിയിൽ നിന്ന് നിഷ്പന്നമായ പദങ്ങളാണ്. Almanac(*al manakh*) അറബിയിൽ നിന്ന് ഉദ്ഭവിച്ച മറ്റ് സാങ്കേതിക പദമാണ്. caliber, caliper,aniline, marcasite, camphore എന്നീ പദങ്ങളും അറബിയിൽ നിന്നു തന്നെ. വിലയേറിയ രത്നങ്ങളും മറ്റും അളക്കാൻ ഉപയോഗിക്കുന്ന Carat കാരറ്റും കടലാസ് അളക്കാനുപയോഗിക്കുന്ന Ream റീമും അറബി തന്നെ.

ഉദാ: *Girat*(ഇത് ചെറിയ യൂണിറ്റ്), *Rizmah* (ഇത് വലിയ യൂണിറ്റ്).

ഇതേ ഗണത്തിൽപ്പെടുത്താവുന്ന ശ്രദ്ധേയമായ പദങ്ങളാണ് Average, Alcahole. ഗണിത

ശാസ്ത്രത്തിൽ സർവ്വ സാധാരണ യായി ഉപയോഗിക്കുന്ന പദം നേരു പറഞ്ഞാൽ അറബിയിയാണ്. അറബിയിലെ *Awariya* ആണ്, അർഥം പക്ഷേ കേടു സംഭവിച്ച സാധനങ്ങൾ എന്നാണ്. ഈ രുപാന്തരണം അവ്യക്തമായി തോന്നുമെങ്കിലും ഇത് സംഭവിച്ചത് കച്ചവടക്കാർ കടലിൽവെച്ച് ചർച്ചചെയ്ത് നിർണയിക്കുന്ന കേടുപാടും സംഭവിച്ച സാധന ങ്ങളുടെ ശരാശരി കണക്കുകളിൽ നിന്നാണ്.

ഇനി Alcahole എടുക്കുക യാണെങ്കിൽ അത് നിഷ്പന്നമായത് *Al-kohl*ൽ നിന്നാണെന്ന് കാണാം. മദ്ധ്യപുർവേഷ്യയിൽ കണ്ണെഴുതാൻ ഉപയോഗിക്കുന്ന ഔഷധ ഗുണമുള്ള കറുത്ത പൊടിയാണ് *Al-kohl*. ഈ പൊടിയും മദ്യവും തമ്മിലെന്ത് ബന്ധമെന്ന സംശയം തോന്നാം. ആ പൊടി പ്രത്യേക രീതിയിൽ തയ്യാറാക്കിയ Antimony Sulfide ആണ്. ഈ പൊടി ഒരു വസ്തുവിന്റെ യഥാർഥ സിപിരിറ്റ് അഥവാ അതിന്റെ സത്ത എന്ന അർഥത്തിൽ മനസ്സിലാക്കുകയാ ണെങ്കിൽ ഇവ തമ്മിലുള്ള ബന്ധം നമുക്ക് വ്യക്തമായികാണാം. ഈ പദം രൂപപെട്ട് എത്രയോ കാലങ്ങ ൾക്ക് ശേഷം Samuuel Coleridge, Shakesphear കൃതികളെ സംബന്ധി ച്ചെഴുതിയ ലേഖനങ്ങളിലൊന്നിൽ വില്ലൻ Iago വിനെ വിശേഷിപ്പിച്ചത്, The very alchahole of egoism അഥവാ 'അഹങ്കാരത്തിന്റെ മൂർത്ത ചൈചതന്യം' എന്നാണ്.

മദ്ധ്യകാലഘട്ടത്തിൽ ഇംഗ്ലീ ഷ് അറബിയിൽ നിന്ന് കടമെടുത്ത ശാസ്ത്ര സാങ്കേതിക പദങ്ങളുടെ ആധിക്യം ആ കാലഘട്ടത്തിലെ ശാസ്ത്ര വിജ്ഞാന മണ്ഡലത്തിൽ അറബ് ഇസ്‌ലാമിക നാഗരികത ചെലുത്തിയ പ്രഭാവം വ്യക്തമാ ക്കുന്നു. ഉന്നതമായ സംസ്കാര ത്തിന്റെ മറ്റൊരു തെളിവ് ഈ ശാസ്ത്ര സാങ്കേതിക പദവ്യൂഹ ങ്ങൾക്ക് തൊട്ട് പിന്നാലെയുള്ളത് സുഖാഢംബര സമ്പന്നമായ ഉന്നത നിലവാരമുള്ള ജീവിത ശൈലിയു മായി ബന്ധപ്പെട്ട പദങ്ങളാണ്. ഇതിൽ നിന്ന് അവരുടെ ജീവിത നിലവാരം ഊഹിക്കാവുന്നതേ യുള്ളൂ.

എലിസബത്ത് (1533-1603) രാജ്ഞിയുടെ കാലമായപ്പോഴേക്കും ഇംഗ്ലീഷ് കടൽ കച്ചവടക്കാർ യുറോപ്പിന് പുറമേയുള്ള ലോകങ്ങ ളെ തൊട്ടറിഞ്ഞുകൊണ്ട് മദ്ധ്യപൂർ വേഷ്യയിൽ നിന്നും അതിനപ്പുറ ത്തു നിന്നുമൊക്കെ അമൂല്യ വസ്തുക്കളും മറ്റു സാമഗ്രികളും, ആചാര സമ്പ്രദായങ്ങളും ഇംഗ്ലണ്ടി ന്റെ തീരങ്ങളിലേക്ക് കൊണ്ടുവരു വാൻ തുടങ്ങി. ഇവിടെ പരാമർശർ ഹമായ കാര്യം ഇങ്ങനെ യാത്രക്കാർ അ റേബ്യയിൽ നിന്നും കപ്പൽ കയറ്റി കൊണ്ടുവന്ന പദങ്ങളധിക വും സുഖലോലമായ അത്യാഢംബ ര ജീവിത ശൈലിയെ സുചിപ്പിക്കു ന്നവയാണ്. Sugar, Syrup, Julep, Sherb, Marzipan മുതലായവ യൊക്കെയും അറബിയിൽ നിന്ന് കടമെടുത്ത പദങ്ങളാണ്. ഒരു പക്ഷേ എലിസബത്തൻ കാലഘട്ട ത്തിലെ കുടുംബിനിയുടെ അടുക്കള സാമാനങ്ങളിൽ ഇതൊന്നും ഉൾപ്പെട്ടിട്ടുണ്ടാവില്ല. Coffee വന്നത് അറബിയിലെ Gahawa യിൽ നിന്നാണ്. അതിന്റെ പ്രഭവ കേന്ദ്രം യമൻ ആണ്. യമനിലെ തുറമുഖ പട്ടണമായ മോച്ചയിൽ നിന്നും! ഇതിനോട് ചേർത്ത് വെക്കാവുന്ന വയാണ് അറബി നാമങ്ങളുള്ള സുഗന്ധ ദ്രവ്യങ്ങളായ Caraway ഉം Suffron മെല്ലാം.

Sash, Shawl, Sequin, Muslin, Mohair, Damask, and Cotton മുതലായ വിലകൂടിയ തുണിത്തര ങ്ങൾ തന്നെ സമ്പത്തിന്റെ സുചക ങ്ങളാണ്. ഇതിൽ Muslin ആണ് അന്ന് ഉൽപ്പാദിപ്പിച്ചു കൊണ്ടിരുന്ന ത്. ഇറാഖിലെ മുസോൾ പട്ടണത്തി ൽ നിന്നാണ് ആ പേര് ലഭിച്ചത്. എന്നാൽ Sash ആകട്ടെ അറബി മസ്‌ലിൻ തുണിയായ *Shash* ൽ നിന്നുമാണുണ്ടായത്. ഈ പേരു സുചിപ്പിക്കുന്നത് പോലെ Damask തുണിത്തരം *Damascus* ൽ നിന്നുള്ളതാണ്. നാം ഇന്ന് പുച്ചകളുടെ ഒരു പ്രത്യേക വർഗത്തെ വിശേഷിപ്പിക്കാനായി ഉപയോഗിക്കുന്ന Tabby എന്ന പേര് പോലും വന്നത് അറബിയിൽ നിന്നാണ്. ബാഗ്ദാദിലെ അൽ *തയ്യിബ* ജില്ലയിൽ ഉണ്ടാക്കിയിരുന്ന വില കുടിയ വർണശബളിമയാർന്ന സിൽക്ക് (പട്ട്) തുണിപോലെ ചർമാ വരണമുള്ള പൂച്ച എന്ന നിലക്കാണ് ആ പേര് വന്നത്. Sequin എന്ന പദമാകട്ടെ അറബിയിൽ *Sikkah* യിൽ നിന്ന് നിഷ്പന്നമായതാണ്. നാണയ മടിക്കുന്ന മൂശ.

Sofa, Alcove, Jar, and Carafe ഈ സുഖാനന്ദ സാമഗ്രിയൊ ക്കെയും തന്നെ അറേബ്യയിൽ നിന്ന് കടലു കടന്ന് വന്നവയാണ്. നീളൻ ബഞ്ച് എന്ന അർഥം വരുന്ന *Suffa* യിൽ നിന്നാണ് Sofa ഉണ്ടായത്. കമാനം എന്നർഥമുള്ള *Al qubbbah* യാണ് ഇംഗ്ലീഷിലെ Alcove ന്റെ ജനനി, Jar ആകട്ടെ മൺകുടം എന്നർഥം വരുന്ന *Jarrah* എന്ന പദത്തിൽ നിന്നുമാണ്. Carafe (കുപ്പി) എന്ന ഇംഗ്ലീഷ് പദം *Gharrafah* എന്ന അറബി പദത്തിന്റെ ഇംഗ്ലീഷ് രൂപമാണ്. ആംഗലേയ പദസമ്പത്തിനെ Crimson, Carmine, Azure, Liliac തുടങ്ങിയ നിറങ്ങൾ കൊണ്ട് സമ്പുഷ്ടമാക്കിയതും അറബി തന്നെ. ഇനി വിനോദത്തിനാണെങ്കി ൽ കൈപത്തി എന്നർത്ഥം വരുന്ന അറബിലെ *Raha*യിൽ നിന്നും രുപപെട്ടതാണ് Racket (Tennis Racet)

അറബികൾ എന്നും കടൽ സഞ്ചാരികളും കച്ചവടക്കാരുമായി രുന്നു. അതുകൊണ്ടുതന്നെ കടലും കച്ചവടവുമായി ബന്ധപ്പെട്ട പദ ങ്ങൾ ഇംഗ്ലീഷിലെ അറബിക്ക് Loan Words (അറബിയിൽ നിന്നും കടം കൊണ്ട പദങ്ങൾ) ന്റെ കുട്ടത്തിൽ കണ്ടില്ലെങ്കിലേ അത്ഭുതമുള്ളൂ.

ഇംഗ്ലീഷ് നാവികർ പൊതു വേ ഉപയോഗിക്കുന്ന പദമാണ് Mizzen Masts. ഇതിന് കാരണം

ഇംഗ്ലീഷ്കാരന്റെ മാസ്റ്റ് Masts എന്ന പദം അറബിയിലെ *Mazzam* ആണ്. *Ameerul Bahr* (അമീറുൽ ബഹ്ർ = കടലിലെ നായകൻ) എന്നതിന്റെ ചുരുക്കരൂപമായ *Ameeral* നിന്നുമാണ്. Admmiral രൂപം കൊണ്ടത്. Arsenal എന്ന പദം വന്നത് Work shop വർക്ക്ഷോപ്പ് എന്ന് അർഥമുള്ള *Dar-as sinna'ah* യിൽ നിന്നുമാണ്. അതിന് മുമ്പ് *sinna'a*h (കല, കരകൗശല വസ്തു etc.)യിൽ നിന്നുമാണ്. അത്പോലെ Magazine എന്ന പദം *Makham*(സംഭരിച്ച് വെച്ച സ്ഥലം) ൽ നിന്ന് കടമെടുത്തതാണ്. കച്ചവട വുമായി ബന്ധപ്പെട്ട പദമായ Tarif (താരിഫ്) ഉൽപ്പത്തി അറബിയിൽ നിന്നാണ്. കൗതുകം ജനിപ്പിക്കുന്ന പദങ്ങൾ വേറെയുമുണ്ട്

ഉദാഹരണത്തിന് Adobe, Cocus, Genie, Propinjay എന്നിവയും അറബി പദങ്ങളുടെ മാറ്റിതിരിക്ക പ്പെട്ട രൂപങ്ങളാണ്. ഇത്തരത്തിൽ ഉപയോഗാനുസൃതം വേർതിരിച്ചെടുക്കുന്നതിനാൽ ഇംഗ്ലീഷിൽ Garble. എന്നാണ് പറയുക. ഈ പദത്തിന്റെ ഉറവിടം പോലും അറബിയാണ്. വേർതിരി ക്കുക, തിരഞ്ഞെടുക്കുക എന്നീ അർത്ഥം വരുന്ന *Garbala* എന്നതാണ് Garble ആയി മാറിയത്. മാറ്റിതിരിക്കപ്പെട്ടാലും ഇല്ലെങ്കിലും എന്തായാലും ശരി അറബിയിൽ നിന്ന് രൂപപ്പെട്ട പദങ്ങൾ ഇംഗ്ലീഷ് ഭാഷയെ വളരെയധികം സമ്പന്ന മാക്കിയിരിക്കുന്നു.

Horse (കുതിര), Horseman (കുതിരക്കാരൻ), Hack (കുതിരയു ടെ കടിഞ്ഞാണും മറ്റു സഞ്ചാര സാമഗ്രികളും) എന്നിവയുടെ അറബി നാമങ്ങൾ, അങ്ങകലെ അറബ് ലോകത്ത് നിന്ന് എത്രയോ വിദൂരസ്ഥമായ അമേരിക്കക്ക് തെക്ക് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന മരുഭൂമികളിൽ പോലും സ്ഥാനം ഉറപ്പിച്ചിരിക്കുന്നു. ഈ പദങ്ങൾ അറബിയിൽ നിന്ന് സ്പാനിഷിലെ ത്തുകയും സ്പാനിഷ് ആംഗ്ലോ പാരമ്പര്യങ്ങളുടെ സമ്മേളനവേള യിൽ അമേരിക്കൻ ഇംഗ്ലീഷിലേക്ക് കുടിയേറുകയും ചെയ്തു.

8-ാം നൂറ്റാണ്ടിന്റെ തുടക്ക ത്തിൽ അറബികളുടെയും വടക്കനാ ഫ്രിക്കയുടെയും ബർബർ വംശജ രുടെ ഒരു മുസ്‌ലിം സൈന്യം ഐബീരിയൻ ഉപദ്വീപ് ഏതാണ്ട് മുഴുവനായി തന്നെ കീഴടക്കുകയു ണ്ടായി. അതിന്ന് തെക്ക് ഭാഗത്ത് അറബികൾ അൽ അന്തലുസ് (സ്പെയിൻ) എന്ന് വിളിക്കുന്ന പ്രദേശത്ത് അബ്ബാസികൾ നിഷ്ക്കാ സനം ചെയ്ത സിറിയൻ ഉമവിയ്യാ വംശത്തിലെ ഒരു രാജകുമാരൻ തന്റെ ഭരണം സ്ഥാപിക്കുകയും ഏകദേശം 750-ാം ആണ്ടിനോടടു ത്ത് തഴച്ചു വളർന്ന ഒരു നാഗരികത പടുത്തുയർത്തുകയും ചെയ്തു. 1492ൽ രണ്ട് സുപ്രധാനമായ സംഭവങ്ങളുണ്ടായി. അതിലൊന്ന് ലോകത്തിന്റെ പുതിയ കോണു കളുടെ കണ്ടുപിടുത്തമായിരുന്നു. സ്പെയിൻ, പോർട്ടുഗൽ രാജ്യങ്ങൾ കോളനി വത്ക്കരണങ്ങളുടെ നവാദ്ധ്യായം തന്നെ തുറന്നു. രണ്ടാമത്തേത് സ്പാനിഷ് സംസ് ക്കാരത്തിൽ ആഴത്തിൽ മുദ്ര ചാർത്തിയ മുസ്‌ലിംകളും ജൂത ന്മാരും അവിടെനിന്ന് പുറത്താക്ക പ്പെട്ട സംഭവമാണ്.

നവലോകം കീഴടക്കവേ അറബി, ബർബർ അഭയാർഥി കളടങ്ങുന്ന സ്പെയിൻകാർ അവരു ടെ കുതിരകളെയും കൂടെകൊണ്ടു പോയി. അവർ അന്ന് കുതിര പാലനത്തിനായി ഉപയോഗിച്ച അറബിയിൽ നിന്ന് രൂപപെട്ട പദങ്ങൾ ഇന്നും ആ പ്രദേശത്തെ ഭാഷയിൽ (ഇംഗ്ലീഷ് അമേരിക്ക യുടെയും മെക്സിക്കോയുടെയും അതിർത്തി പ്രദേശങ്ങളിലെ മരുഭൂമി കളിലെ മെക്സിക്കൻ സ്പാനിഷ് കലർന്ന സംസാര ഭാഷ)യിൽ ധാരാളമായി ഉപയോഗിക്കപ്പെടുന്നു.

1975-ൽ യു.എസ്- മെക്സി ക്കോ അതിർത്തി പ്രദേശങ്ങളിലെ പുരാതന ആട്ടിടയ സമുദായങ്ങളു ടെ അടുത്തേക്ക് ചെന്നപ്പോഴാണ് Cowboy lingo ശ്രദ്ധയിൽപ്പെട്ടത് ഞാനും ഭാര്യയും കുതിരകളെയും ചെമ്മരിയാടുകളെയും ടർക്കി ക്കോഴികളെയും വളർത്താറുണ്ട്. അതിനാൽ അവിടെ ജോലി ചെയ്യുന്ന കൗബോയ്കളെയും ആട്ടിടയന്മാരേയും മൃഗഡോക്ടർ മാരേയും അടുത്ത് പരിചയപ്പെടാ നും ഇടപഴകാനുമുള്ള അവസരം ലഭിച്ചു. അവരൊക്കെയും ആ പ്രദേശത്ത് നാലര നൂറ്റണ്ട് മുമ്പെത്തിയ അറബിയിൽ നിന്നുള്ള അവരുടെ ഭാഷാ പദങ്ങൾ എന്റെ കുട്ടികളിന്ന് സുഖമായും സാധാര ണമായും കമ്പ്യൂട്ടർ ഭാഷ കൈ കാര്യം ചെയ്യുന്നത് പോലെ ഉപയോഗിക്കുന്നവരാണ്. ഉദാഹരണത്തിന്ന് പ്രഗല്ഭനായ ഒരു കുതിര യോട്ടക്കാരനെ കേമനായ Jinnet എന്നാണ് പറയുക. ഈ പദം വടക്കനാഫ്രിക്കയിലെ ഒരു യുദ്ധ ക്കുതിരയോട്ട രീതിയെയും പിന്നീട് കുതിരക്കാരനെ തന്നെയും സൂചിപ്പി ക്കാനുപയോഗിച്ച പദമാണ്. ഈ Sonoran, Spanish Xineteൽ നിന്ന് വന്നതാണ്. അതാകട്ടെ ഇന്നത്തെ Algeriaയിലെ Zanathi എന്നറിയ പ്പെടുന്ന ഗോത്രത്തെ അനുസ്മരി പ്പിക്കുന്ന അന്തലുഷ്യൻ പദമായ Zanathi യിൽനിന്ന് രൂപപ്പെട്ടതാണ്.

Sonoran Vaqueros ഉം അവരുടെ കുതിരക്കാരും ഇന്നും കുതിര ചേണത്തിന് Albardon എന്നാവും പറയുക. ഇത് ഐബീരിയൻ പദമായ *Albarda* യിൽ നിന്ന് ഉണ്ടായതാണ് ഇംഗ്ലീഷിൽ അർഥം Pack Saddle എന്നാണ്. ഈ പദത്തിന് ശരിയായ ഉദ്ഭവം അറബിയിലെ *Al barda* യിൽ നിന്നാണ്. ഇക്കൂട്ടത്തിലെ മറ്റൊരു പദമാണ് Acion. കൗബോയ്കൾ ഉപയോഗിക്കുന്ന തോലു കൊണ്ടുള്ള ബെൽറ്റാണിത്. ഇത് അറബി പദമായ Al siyum നിന്ന് ഉണ്ടായതാണ്. അവരുടെ Azote ചാട്ടവാർ) അറബിയിലെ *As-sut* ആണ്. അറബിയിലെ *Algullah* അവർക്ക് Argollas ആയിമാറി (Ringing Starp).

ശേഷം പേജ് 27 ൽ

# ടൂറിനിലെ തിരുശ്ശീല: അനാവരണം ചെയ്യപ്പെടുന്ന രഹസ്യങ്ങൾ

യേശുവിന്റെ പൂർണകായ പ്രതിഛായ പതിഞ്ഞ ഒരു തിരു വസ്ത്രമാണ് ടൂറിനിലെ തിരുശ്ശീല. അമേരിക്കയിലെ ഹാംഷെയറിൽ ടൂറിൻ തിരുശ്ശീലയെ സംബന്ധിച്ച് അഹ്മദികൾ നടത്തിയ പ്രദർശനത്തെയും പ്രഭാഷണത്തെയും പറ്റിയാണ് പ്രശസ്ത അഹ്മദി എഴുത്തുകാരിയായ നകാശാ അഹ്മദ് എഴുതുന്നത്. ചോദ്യോത്തര വേളയിൽ ടൂറിൻ വിഷയത്തിൽ അഹ്മദി സ്ത്രീകൾക്കുള്ള അവഗാഹവും താൽപര്യവും പ്രഭാഷകരെ അത്ഭുതപ്പെടുത്തി. ഈസ്റ്റേൺ മിഷിഗൺ യൂണിവേഴ്സിറ്റിയിൽ സഹലക്ചറർ ആയിരുന്ന ലേഖിക ബൗളിങ്ങ് ഗ്രീൻ യൂണിവേഴ്സിറ്റിയിൽ ഗ്രാജ്വേറ്റ് അസിസ്റ്റന്റുമായിരുന്നു. അവർ ഇപ്പോൾ ദ റിവ്യൂ ഓഫ് റിലീജ്യൻസിന്റെ അസോസിയേറ്റഡ് എഡിറ്ററായി പ്രവർത്തിക്കുന്നു.

**നകാശാ അഹ്മദ്, ന്യൂ ജർസി, യു എസ് എ**



ജൂലായ് മാസത്തിലെ മഴയുള്ള ഒരു വാരാന്ത്യത്തിൽ 200 ഏക്കർ വിസ്താരമുള്ള ചെളിനിറഞ്ഞ ഒരു വയൽ പ്രദേശം ടെന്റുകൾ നിറഞ്ഞ ഒരു ഗ്രാമമായി മാറി. താൽക്കാലികമായി മാറ്റപ്പെട്ട ഈ സ്ഥലത്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംഘടിപ്പിച്ച ഒരു വാർഷിക കൺവെൻഷൻ നടക്കുകയായിരുന്നു. ഇതിനായി ഹാംഷെയറിൽ ആയിരക്കണക്കായ ആളുകൾ ഒത്തുചേർന്നിട്ടുണ്ടായിരുന്നു. ടെന്റ് കെട്ടിയ ഈ ഗ്രാമത്തിന്റെ മദ്ധ്യത്തിൽ ഒരു കുംഭഗോപുരവും ഉണ്ടായിരുന്നു. അവിടെ സ്ത്രീകൾക്കും പുരുഷന്മാർക്കും സ്ഥലങ്ങൾ വേർതിരിച്ചിരുന്നു. മുസ്‌ലിംകളിലെ ഒരു ഉപവിഭാഗമായ അഹ്മദികൾ സംഘടിപ്പിച്ചതായിരുന്നു ഈ സമ്മേളനം. ടൂറിൻ വിഷയത്തിൽ വിദഗ്ധനായ ബാരീ ഷേർറ്റ്സ് യേശുവിന്റെ പ്രതിരൂപമുള്ള ടൂറിനിലെ തിരുശ്ശീലയെ സംബന്ധിച്ച് നടത്തിയ പ്രദർശനത്തോടു കൂടിയ പ്രഭാഷണമാണ് ആയിരങ്ങളെ അവിടേക്ക് ആകർഷിച്ചത്. യേശുവിന്റെ പ്രതിഛായയുള്ള തിരുശ്ശീലയുടെ പൂർണരൂപത്തിലുള്ള ഒരു നെഗറ്റീവ് പ്രദർശിപ്പിച്ചു കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണം.

ജൂതനായ ഷോർസ് ഒരു ക്രിസ്തീയ തിരുശേഷിപ്പിനെ പറ്റി ഒരു മുസ്‌ലിം സമ്മേളനത്തിൽ ടൂറിൻ തിരുശ്ശീലയെപറ്റി പ്രദർശന പ്രഭാഷണം നടത്തുന്ന തെന്തുകൊണ്ട്? Review of Religion റിവ്യൂ ഓഫ് റിലീജ്യന്റെ (അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള ഇംഗ്ലീഷ് മുഖപത്രം) ആഭിമുഖ്യത്തിൽ

നടത്തുന്ന ടൂറിൻ സമ്മേളനത്തിലേക്ക് നിരവധിപേരാണ് എത്തിച്ചേർന്നത്. ഈ സമ്മേളനത്തിൽ ലോകത്തിന്റെ നാനാ ഭാഗത്ത് നിന്നുമുള്ള പണ്ഡിതന്മാർ ടൂറിനിലെ തിരുശ്ശീലയെക്കുറിച്ച് സംസാരിച്ചു.

ക്രിസ്തു മതം വളരെ വിപുലമായ നിലയിൽ ഗവേഷണം നടത്തപ്പെട്ട ഒരു തിരുശേഷിപ്പാണ് ടൂറിനിലെ തിരുശ്ശീല. മതചരിത്രത്തിലെ പ്രശസ്തനായ ഒരാളാണ് യേശു. അദ്ദേഹത്തിന്റെ പ്രതിഛായ പതിഞ്ഞ ഈ തുണിയെക്കുറിച്ച് വളരെയധികം ചർച്ചകളും വിവാദങ്ങളുമുണ്ടായിട്ടുണ്ട്. ഒരു മനുഷ്യന്റെ മങ്ങിയ പ്രതിരൂപം പതിഞ്ഞ ഈ ലിനൻ തുണി നൂറ്റാണ്ടുകളായി ഗൗരവതരമായ ചിന്തക്ക് വക നൽകിയിട്ടുണ്ട്. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ വലിയ സമ്മേളനത്തിന് സമാന്തരമായി നടത്തപ്പെട്ട റിവ്യൂ ഓഫ് റിലീജ്യൻസ് സംഘടിപ്പിച്ച 2017 ലെ ടൂറിൻ തിരുശ്ശീലാ കൺവെൻഷൻ കൂടുതൽ സൗഹൃദപരമായ ഒരു സംഗമമായിരുന്നു. ദീർഘകാലമായി തിരുശ്ശീല സമൂഹം എന്നറിയപ്പെടുന്നവരുടെ അംഗങ്ങളും ടൂറിൻ വിഷയത്തിൽ തൽപ്പരരായ അഹ്മദിയ്യാ ജമാഅത്ത് അംഗങ്ങളും തിരുശ്ശീലയുടെ വിവിധ വശങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ലക്ഷക്കണക്കിനാളുകൾ ഈ തിരുശ്ശീലയെ ബഹുമാനിക്കുന്നു. എന്തെന്നാൽ തിരുശ്ശീല കുരിശിൽ നിന്ന് ഇറക്കപ്പെട്ട യേശുവിന്റെ ശരീരത്തെ പുതപ്പിച്ച തുണിയാണെന്ന് അവർ വിശ്വസിക്കുന്നു. ഇക്കാരണത്താൽ ടൂറിനിലെ തിരുശ്ശീല വിശുദ്ധവും അനുഗൃഹീതവുമായ ഒരു തിരുശേഷിപ്പായി ക്രിസ്ത്യാനികൾ മാത്രമല്ല കരുതുന്നത്. യേശു ദൈവത്തിന്റെ ഒരു സത്യപ്രവാചകനാണെന്ന് വിശ്വസിക്കപ്പെടുന്ന മുസ്ലിംകളും അതിനെ ബഹുമാനിക്കുന്നു.

എന്നാൽ കുരിശ് സംഭവത്തിന് ശേഷം യേശുവിന്റെ ശരീരത്തെ ആവരണം ചെയ്ത തുണിയായിരുന്നു ടൂറിനിലെ തിരുശ്ശീല എന്ന വസ്തുതക്ക് എന്താണ് തെളിവ്? വിദഗ്ധന്മാർ വിവിധങ്ങളായ സിദ്ധാന്തങ്ങളും കണ്ടെത്തലുകളും അവതരിപ്പിച്ചിട്ടുണ്ട്. ടൂറിനിലെ സിൻഡോളജി ഇന്റർനാഷണൽ സെന്ററിന്റെ ശാസ്ത്രീയ കമ്മിറ്റിയുടെ മുൻ പ്രസിഡന്റ് ഡയറക്ടർ ബ്രൂണോ ബാർബറ്റീസിന്റെ സാന്നിധ്യം എന്നിവ തിരുശ്ശീല സമ്മേളനത്തിന്റെ ഹ്രസ്വകാല ചരിത്രത്തിന്റെ പ്രാധാന്യമർഹിക്കുന്ന നാഴികക്കല്ലാണ്. തിരുശ്ശീല സൂക്ഷിച്ചുവെക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥരിൽ ഒരാളായ ബാർബറീസിന് തിരുശ്ശീലയുമായി നേരിട്ട് ബന്ധമുണ്ടായിരുന്നു. അതിനാൽ അദ്ദേഹം തിരുശ്ശീലയുടെ ചരിത്രത്തിലേക്ക് ഉൾക്കാഴ്ച്ച നൽകി. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ യേശുവിന്റെ കുടീരത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ ശരീരം മൂടാൻ ഒരു തരം തുണി ഉപയോഗിച്ചതായി സുവിശേഷം പറയുന്നതായി വിവരിച്ചു. തിരുശ്ശീലക്ക് 4.4 മീറ്റർ നീളവും 1.1 മീറ്റർ വീതിയുമുണ്ടായിരുന്നു.

ലിനൻ തുണിയുടെ നാലു വിധത്തിലുള്ള കത്തിക്കരിഞ്ഞ അടയാളങ്ങൾ ഉണ്ടായിരുന്നു. അത് 1532ൽ ഫ്രാൻസിലുണ്ടായ തീപിടുത്തത്തിൽ ഉണ്ടായതാണ്. ആ തീ അണക്കാൻ വെള്ളം ചീറ്റിയപ്പോൾ ഉണ്ടായ കറകളും തുണിയിൽ കാണാം. രക്തകറകളും ഉണ്ട്. ഈ തുണിയിയിൽ ഒരു മനുഷ്യന്റെ ഒരു മുഖരൂപവും ഉണ്ടായിരുന്നു.

നൂറ്റാണ്ടുകളോളം തിരുശ്ശീലയെ കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങൾക്ക് പുരോഗതിയുണ്ടായില്ല. ഫോട്ടോഗ്രഫിയുടെ ആഗമനം തിരുശ്ശീലയെ ലോക പ്രശസ്തമാക്കി, ഗവേഷണത്തിന്റെ പുതിയ മാർഗങ്ങൾ തുറന്നു. 1898 ൽ നടന്ന ആദ്യത്തെ തിരുശ്ശീലാ പ്രദർശനം ആദ്യഫോട്ടോകൾ ലഭ്യമാക്കി. സെക്കൻട്രോ പിയ എന്ന ഫോട്ടോഗ്രാഫർ തിരുശ്ശീലയിൽ പതിഞ്ഞ ഇമേജ് ഒരു നെഗറ്റീവിനോട് സാമ്യതയുണ്ടെന്ന് വ്യക്തമാക്കി. ഒരു നെഗറ്റീവ് ഇമേജ് പ്രോസ്സസിംഗിന് വിധേയമാക്കിയാൽ ഒരു യഥാർഥ മനുഷ്യന്റെ പോസിറ്റീവ് ഇമേജ് ലഭിക്കും. യഥാർഥത്തിൽ പിയ പറഞ്ഞത് ഞാൻ ആ ചിത്രം കണ്ടപ്പോൾ എന്റെ നാഥന്റെ മുഖത്തേക്ക് നോക്കുന്നതായാണ് തോന്നിയത് എന്നാണ്.

ഈ വികസനം തുടക്കം മാത്രമാണ്. അടുത്ത നൂറ്റാണ്ടിൽ തിരുശ്ശീലാ ഗവേഷണം പല രൂപത്തിൽ വികസിക്കുന്നതാണ്. 1978 ൽ അഞ്ചു ദിവസത്തെ ഗവേഷണത്തിൽ VP8 ഇമേജ് അനലൈസർ പ്രയോഗിച്ച് അതുല്യമായ ഒരു ത്രിമാന ഇമേജ് കിട്ടിയിരുന്നു. എന്തുകൊണ്ടാണിതിനിത്ര പ്രധാന്യം? ഒരു ഫോട്ടോഗ്രാഫർ എന്ന നിലയിൽ ബാരി ഷോർട്ട്സ് വിപി-8 ഇമേജ് അനലൈസർ ഉപയോഗത്തെ പറ്റി വിവരിക്കുകയുണ്ടായി. ഇമേജിലുള്ള ചിത്രത്തിൽ തെളിഞ്ഞതും ഇരുണ്ടതുമായ ഭാഗങ്ങൾ അടിസ്ഥാനമാക്കി ആനുപാതികമായി ഒരു ത്രിമാനചിത്രം നിർമിക്കാനാവും. സാധാരണ എടുക്കാറുള്ള മനുഷ്യന്റെ ഫോട്ടോ എന്നാൽ വിപി-8 ടെക്നിക് ഉപയോഗിച്ച് പ്രൊസ്സസ് ചെയ്തപ്പോൾ മനുഷ്യരൂപത്തിന്റെ നിമ്നോന്നത തലങ്ങൾ വ്യക്തമാക്കുന്ന ഒരു പ്രകൃതിദത്തമായ ചിത്രം ലഭിക്കാനാവശ്യമായ മതിയായ അടിസ്ഥാന വിവരങ്ങൾ യന്ത്രത്തിന് ലഭിച്ചില്ല. തിരുശ്ശീല നേരിട്ട് ഫോട്ടോ എടുത്തപ്പോഴാണ് അത്‌ലഭിച്ചത്. അതുകൊണ്ട് ചില സിദ്ധാന്തങ്ങൾ നിർദേശിക്കുന്നത് പോലെ തിരുശ്ശീല ഒരു ഫോട്ടോഗ്രാഫിക് ഇമേജ് അല്ല എന്ന കാര്യം ഉറപ്പാണ്.

വളരെ മന്ദഗതിൽ പുരോഗമിക്കുന്ന തിരുശ്ശീല ഗവേഷണങ്ങൾ തുടക്കത്തിലാണ്. ഒരു ഗവേഷക സംഘം രൂപീകരിച്ച് ടൂറിനിൽ പോവാനും തിരുശ്ശീല സമഗ്രമായി

പരിശോധിക്കാനും തീരുമാനിച്ചു. 1978ൽ ഫോട്ടോഗ്രാഫർ ബാരീ ഷോർട്ട്സ് ലോസ് അലമോസ് പരീക്ഷണ ശാലയിൽ ഒരു കൺസൽട്ടന്റ് ഫോട്ടോഗ്രാഫറായി ജോലിചെയ്യാൻ കരാറുണ്ടാക്കി, കുറച്ച് ആഴ്ച്ചകൾക്ക് ശേഷം അതേ കരാറുകാരൻ ഷോർട്സിനെ വിളിച്ച് തിരുശ്ശീല പ്രൊജക്ടിൽ ജോലിചെയ്യാൻ താൽപര്യപ്പെടുമോ എന്ന് ചോദിച്ചു. ഷോർട്സിന് ജീവിതം മുഴുവൻ അഭിനിവേശം നിറഞ്ഞ ആവേശം നൽകുന്നതായിരുന്നു അത്. പ്രാമാണികമായ ഫോട്ടോഗ്രാഫർ എന്നനിലക്ക് ഷോർട്സിനായിരുന്നു ഗവേഷണ ദൗത്യത്തിന്റെ ചുമതല. അഞ്ചു ദിവസത്തെ മാരത്തോൺ ഗവേഷണം മുഖേന ഇന്ന് വരെയുള്ള തിരുശ്ശീലയുടെ അപഗ്രഥനം നടത്തുകയുണ്ടായി.

എന്നാൽ എങ്ങനെയാണ് 2000 കൊല്ലം പഴക്കമുള്ള തിരുശ്ശീലയെ അപഗ്രഥിക്കാൻ സാധിക്കുക? വളരെ സൂക്ഷ്മമായി പതിനേഴു മാസത്തിലധികമുള്ള ആസൂത്രണത്തിന് ശേഷമായിരുന്നു ആ യാത്ര. ആവശ്യമായ ഒരു സമയ പട്ടിക തയ്യാറാക്കി. അഞ്ചുദിവസം ഗവേഷണം നടത്തി. വിശദീകരണം ഇങ്ങനെയാണ്.

ഗവേഷണ സംഘം കൊണ്ടുവന്ന 80 മരപ്പെട്ടികളിലൊന്ന് തിരുശ്ശീല നിവർത്തിവെക്കാനുള്ള പ്രത്യേക മേശയായിരുന്നു. അത് നീങ്ങിപ്പോകാതിരിക്കാൻ ദോഷകരമല്ലാത്ത കാന്തങ്ങൾ വെച്ചിരുന്നു. പ്രത്യേകം രൂപപ്പെടുത്തിയ ക്യാമറയും അത് ചലിപ്പിക്കാനുള്ള റെയിലും ഉണ്ടായിരുന്നു. അതു വഴി ഭാഗങ്ങളായി തിരുശ്ശീലയുടെ ഫോട്ടോ എടുത്ത് കൂട്ടിയോജിപ്പിച്ചാൽ മുഴുവൻ ചിത്രം കൃത്യമായി ലഭിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. രണ്ട് ചുരുൾ സ്വർണ തകിടുകൾ ഉണ്ട്. ഇത് ഉപഗ്രഹത്തിൽ ഉപയോഗിക്കുന്നതാണ്. ഈ പ്രത്യേക മേശമേൽ വെച്ച ഉരുക്ക് ദ്രവിച്ചിട്ടുണ്ടായിരുന്നു. അതിന്മേൽ തിരുശ്ശീല വെക്കുന്നതിന് മുമ്പ് മേശമേൽ മറ്റുചില ഉപകരണങ്ങൾ കൂടി വെക്കേണ്ടതുണ്ടായിരുന്നു.

ടൂറിൻ ഗവേഷണത്തിലെ വളരെ സൂക്ഷ്മമായ ആസൂത്രണത്തിന് മറ്റൊരു ഉദാഹരണം തിരുശ്ശീല യഥാർഥ സ്ഥാനത്ത് നിൽക്കാൻ വെച്ച കാന്തത്തിന്റെ പൊടി തിരുശ്ശീലയിൽ വീഴാതിരിക്കാൻ കാന്തം ടെഫ്ളോൺ പൂശിയിരുന്നു. രസതന്ത്രടീമിന്റെ തലവൻ 3M കമ്പനിയിൽ ( ഒട്ടുന്ന Post-its എന്ന് അറിയപ്പെടുന്ന ഒരു തരം ടേപ് നിർമ്മാതാക്കൾ) പോയിരുന്നു. ടൂറിൻ തിരുകച്ചയിൽ അവശിഷ്ടങ്ങളൊന്നും അവശേഷിപ്പിക്കാതിരിക്കാനുള്ള ഒരു പ്രത്യേക ടേപ്പ് നിർമിക്കാനായിരുന്നു അത്. അപ്പോൾ ഈ ഗവേഷണ ദൗത്യത്തിന്റെ അന്തിമ ഫലം എന്തായിരുന്നു.? ഈ ഗവേഷകന്മാർക്ക് തിരുശ്ശീലയിൽ പ്രതിരൂപം ഉണ്ടാവാൻ കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തുവാൻ സാധിച്ചിരുന്നില്ല എങ്കിലും ഈ പ്രതിരൂപം എന്തെല്ലാമായിരുന്നില്ല എന്ന് ഗവേഷകന്മാർ കണ്ടെത്തി. തിരുശ്ശീലയിലെ ഈ പ്രതിരൂപം ഒരു ഫോട്ടോഗ്രാഫ് ആയിരുന്നില്ല. പെയിന്റിങ്ങും ആയിരുന്നില്ല. യഥാർഥത്തിൽ തിരുശ്ശിലയിൽ ഈ പ്രതിരൂപം ഉണ്ടാവാനുള്ള കാരണമെന്ത്? അത് ഇപ്പോഴും ഒരു നിഗൂഢ രഹസ്യമായി അവശേഷിക്കുന്നു.

ടൂറിനിലെ തിരുശ്ശീലയെന്ന് നാം കേട്ടിട്ടുണ്ടെങ്കിലും ഒവിഡിയായിലെ സുദാരിയം (Sudarium of Oviedo) എന്ന ഒരു ശിരോവസ്ത്രത്തെക്കുറിച്ച് മിക്കവാറും നാം കേട്ടുകാണില്ല. ഈ ചെറിയ ശിരോവസ്ത്രത്തിന് ടൂറിൻ തിരുശ്ശീലയുമായി അഗാധമായ ബന്ധമുണ്ട്. 2017ലെ ടൂറിൻ തിരുശ്ശീല കോൺഫ്രൻസിന് ഒവിഡിയായിലെ സുദാരിയം ചർച്ചക്ക് വിഷയമായി. ഈ ശീലയുടെ ലോക പ്രശസ്ത ഗവേഷകനും ഭാഷാ ശാസ്ത്രജ്ഞനും സുദാരിയം ചരിത്ര ഗവേഷകനുമായ മാർക്ക് ഗസിർ (Mark Guscin) ഈസമ്മേളനത്തിൽ ഹാജരാവുകയും രണ്ടാം ദിവസം സമ്മേളനത്തെ അഭിസംബോധന ചെയ്യുകയും ചെയ്തു. സ്പെയ്നിലെ ഒവീഡിയോ കത്തീഡ്രലിൽ (Cathedral of Oviedo, in Spain) സൂക്ഷിക്കപ്പെട്ടിരിക്കുന്ന സുദാരിയത്തെ കുറിച്ച് ഗസിർ സമ്മേളനത്തിൽ വിവരിച്ചു. ഇത് ഒരു പ്രത്യേക മുറിയിലാണ് സൂക്ഷിക്കപ്പെട്ടിരിക്കുന്നത്. അവിടെ മറ്റു പല ഭൗതികാവശിഷ്ടങ്ങളും തിരുശേഷിപ്പായി സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അവയിൽ നിരവധി വസ്തുക്കൾ ആധികാരികമോ യഥാർഥത്തിൽ ഉള്ളതോ അല്ല. സുദാരിയം എന്ന ഈ കഷണം ശീലക്ക് ടൂറിൻ തിരുശ്ശീലയുമായി തെളിഞ്ഞ വ്യക്തമായ യാതൊരു ബന്ധവുമില്ല.

യഥാർഥത്തിൽ ഈ ശീല വളരെ അപ്രധാനമായതാണ് എന്നായിരുന്നു ഗണിക്കപ്പെട്ടിരുന്നത്. ഇതേ കുറിച്ച് 1980 വരെ ഗൗരവമായ യാതൊരു ഗവേഷണവും നടന്നിട്ടില്ല. എന്നാൽ സുദാരിയം എന്ന ഈയൊരു കഷണം ശീല ഗവേഷണത്തിന് വിധേയമാക്കിയപ്പോൾ റോമൻ കാലത്ത് മുഖത്തെ വിയർപ്പ് തുടക്കാൻ ഉപയോഗിച്ചതാണെന്ന് കണ്ടെത്തി. ഈ ശീല പല പ്രാവശ്യം മടക്കിയതും ചുളുക്ക് വീണതുമായിരുന്നു. അതിൽ രക്തക്കറകളും അടയാളങ്ങളുമുണ്ടായിരുന്നു. ആ ദ്രവം ശ്വാസം മുട്ടലുണ്ടാവുമ്പോൾ ശ്വാസകോശത്തിലുണ്ടാവുന്നതാണ്. അതിന്റെ അർഥം ആ ശീലയിൽ കണ്ട രക്തദ്രവത്തിന്റെ ഉടമ ശ്വാസം മുട്ടി മരിച്ചയാളാണെന്നാണ്. ശീലയുടെ മേൽഭാഗത്തുള്ള കറ ചുണ്ടുകളിൽ നിന്നുള്ളതാണ്. ഗസിൻ പറയുന്നു: യഥാർഥത്തിൽ മുടി രക്തവുമായി ചേർന്ന് കട്ടപിടിച്ചിരുന്നു. ഗവേഷകന്മാർ ഒരു മാതൃക തലയോടുകൂടി ആ കറകൾ പുനർനിർമിക്കാൻ ശ്രമിക്കുകയാണെങ്കിൽ ആ കറയുണ്ടാകുന്നത് തല നേരെയായിരിക്കുകയും കൈകൾ നീട്ടി

വെക്കുകയും ചെയ്യുമ്പോഴാണ് എന്ന് കാണാം. തല ഒരു ഭാഗത്തേക്ക് 45 മിനിട്ട് മുതൽ ഒരു മണിക്കൂർ വരെ ചരിച്ചു വെക്കണം. തുണിയുമായി ചേർന്നുനിന്ന ശരീരം ക്രൂശിക്കപ്പെട്ടതാണെങ്കിൽ മാത്രമേ ഇത് നിഷേധിക്കാൻ കഴിയാത്ത തെളിവാകുകയുള്ളൂ. അതുകൊണ്ട് ശരീരം തീർച്ചയായും ക്രൂശീകരണവുമായി ബന്ധപ്പെട്ട താണ്.

അതിനാൽ ശീലയിൽ കണ്ട രക്തവുമായി ബന്ധപ്പെട്ട ആൾ ക്രൂശിക്കപ്പെട്ടതായിരിക്കണം. പക്ഷേ ഈ തിരുശ്ശീലയുമായി ബന്ധപ്പെട്ടതാണെന്നതിന് കൂടുതൽ തെളിവ് ഇല്ല. എന്നാൽ ഒരു കാര്യത്തിൽ അതായത് തിരുശ്ശീല യിലും സുദാരിയത്തിലും കണ്ടെ ത്തിയത് ഒരേ രക്തഗ്രൂപ്പിൽ പെട്ടതാണ്. അതിലുപരി ജീവ രക്തവും (അതായത് ക്രൂശീകരി ക്കപ്പെട്ട വ്യക്തി ജീവനോടെയിരി ക്കുമ്പോളാണ് രക്തം പുറത്തേ ക്കൊഴുകിയത്) രക്തക്കറയുടെ പരിശോധനയിൽ സുദാരിയത്തിലും തിരുശ്ശീലയിലും ഉള്ളരക്തം ഒരേ വിധത്തിലുള്ളതായിരുന്നു എന്നാ ണ് കണ്ടെത്തിയത്. രണ്ട് സ്ഥലത്തേ ക്ക് സഞ്ചരിച്ചെത്തിയ രണ്ട് ശീലക ളും ഒരേ ഉറവിടത്തിൽ നിന്നുള്ളതാ ണെന്ന് ഇത് മുഖേന നിഗമനം നടത്താവുന്നതാണ്.

വളയെധികം ജ്ഞാന നിർഭര മായ നാലു സെഷനുകളിൽ പ്രാസംഗികന്മാർ തിരുശ്ശീലയുടെ വ്യത്യസ്ത വശങ്ങൾ അവതരി പ്പിച്ചു. അവിടെയുള്ള തിരുശ്ശീല കമ്മിറ്റിയിലെ അഭിജ്ഞരായ സദസ്യരുമായി സംവദിച്ചു. അതിഥികളുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു. ചോദ്യോത്തര സദസ്സിൽ ഉണ്ടായിരുന്നവർ അധിക പേരും അഹ്മദിയ്യാ ജമാഅത്തിലെ സ്ത്രീകളായിരുന്നു. ചോദ്യോത്തര പാനലിൽ ബാരിഷോർട്സ് , പാം മൂൺ (അദ്ദേഹം തിരുശ്ശീലയുടെ ഒരു ശരിപകർപ്പ് കൊണ്ടു വന്നിരുന്നു). ഡേവിസ് റോൾഫ്, ബ്രൂണോ ബാർ ബറീസ് ഹ്യൂഗ്ഷെ റെ (ടൂറിൻ തിരുശ്ശീലയുടെ ബ്രിട്ടീഷ് സൊസൈറ്റി ന്യൂസ് ലെറ്ററിന്റെ എഡിറ്റർ) അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ബഹുമാന്യരായ ഒരു ക്രിസ്തു മതപണ്ഡിതൻ പാകിസ്താനിലെ റബ്‌വയിൽ നിന്ന് വന്നിരുന്നു. മഹ്മൂദ് നാസിർ അഹ്മദ് എന്ന് പേരുള്ള ആ പണ്ഡിതൻ ചോദ്യോത്തരത്തിൽ പങ്കെടുത്തു. മീർ മഹ്മൂദ് നാസിർ അഹ്മദാണ്. അദ്ദേഹം ഒരു ഗവേഷണ സംഘത്തിന്റെ തലവനാ ണ്. ഒരു തുണിയിൽ മർഹമെ ഈസാ marham-i-Isa' അഥവാ 'Ointment of Jesus' എന്ന ഔഷധം പുരട്ടിയശേഷം ജീവനു ള്ള ശരീരം എങ്ങനെ ആ തുണിയി ൽ പതിപ്പിക്കാൻ സാധിക്കും എന്നതായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണം. ഈ ഓയിൽമെന്റിനെ ക്കുറിച്ച് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് മീർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) 1899 ൽ എഴുതിയ മസീഹ് ഹിന്ദുസ്ഥാൻ മെ എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ക്രൂശീകരണത്തിന് ശേഷം യേശു വിന്റെ വ്രണങ്ങളിൽ ഈ ഓയിൽ മെന്റ് പുരട്ടിയതായി വിവരിക്ക പ്പെട്ടിട്ടുണ്ട്. മീർ മുഹമ്മദ് തന്റെ ഗവേഷണ പ്രബന്ധത്തിന്റെ ഒരു കോപ്പിയും ഓയിൽമെന്റ് ഓഫ് ജീസസിന്റെ സാമ്പിളും ബഹു മാന്യരായ എല്ലാ പ്രഭാഷകന്മാർ ക്കും നൽകിയിട്ടുണ്ട്. ചോദ്യോത്ത ര സദസ്സിൽ അദ്ദേഹത്തിന്റെ ആദ്യത്തെ ചോദ്യം എന്തുകൊണ്ടാ ണ് തിരുശ്ശിലയിൽ താൽപര്യമുള്ള വരുടെ സമൂഹം എന്റെ രീതിയിൽ അന്വേഷണം നടത്താത്തത് എന്നാ യിരുന്നു. ആലോയും മൂറും ചേർന്ന മിശ്രിതം ഉപയോഗിച്ച് ലിനൻ തുണിയിൽ ഒരു ഇമേജ് സൃഷ്ടി ക്കാൻ ശ്രമിക്കാത്തതെന്ത് എന്നായി രുന്നു ആ ചോദ്യം.

ചോദ്യോത്തര സദസ്സ് സജീവമാകാനുണ്ടായ ഒരു ഘടകം പാൻ മൂണിന്റെ അത്ഭുതകരമായ പ്രദർശന ബോർഡുകളുടെ സാന്നിദ്ധ്യമായിരുന്നു. പ്രദർശന ത്തിലെ ഏറ്റവും ആകർഷകമായത് തിരുശ്ശീലയുടെ ആൾ വലിപ്പത്തിലു ള്ള ഒരു ശരിപകർപ്പും അതിന്റെ വ്യത്യസ്ത വശങ്ങൾ പ്രതിപാദിക്കു ന്ന ചിത്രങ്ങളുമായിരുന്നു. പാൻ വളരെ അദ്ധ്വാനിച്ച് തന്റെ എലാ ബോർഡും മിഡ് ലാന്റ്ഡ്സിൽ നിന്നും എത്തിച്ചതാണ്. അതോടൊ പ്പം അവരുടെ ടീമിന്റെ കൂറെ തിരുശ്ശീല വിദഗ്ധരെയും കൊണ്ടു വന്നിരുന്നു. അതിന്റെ വിശദ വിവരങ്ങൾ സന്ദർശകർക്ക് നൽകു കയും ചെയ്തു.

കോൺഫറൻസിൽ മിക്ക പ്രഭാഷകരെയും അത്ഭുതപ്പെടുത്തി യ ഒരു കാര്യം ഒരു ക്രിസ്ത്യൻ തിരുശേഷിപ്പിനെക്കുറിച്ച് മുസ്‌ലിം കൾ ഒരു കോൺഫറൻസ് നടത്തുന്നു എന്നതാണ്. മാത്രമല്ല അതിൽ പങ്കെടുത്ത പ്രഭാഷകരെ കൂടുതൽ വിസ്മയഭരിതരാക്കിയത് കോൺഫറൻസിൽ അഹ്മദിയ്യാ സമൂഹത്തിലെ സ്ത്രീകളുടെ സജീവസാന്നിദ്ധ്യമായിരുന്നു. അവർ വളരെ താൽപര്യത്തോടെ ചോദ്യോത്തര സെഷനിൽ പങ്കെടുത്തുകൊണ്ട് ചോദ്യം ചോദിക്കുകയുണ്ടായി എന്നതാണ് അവരെ ആശ്ചര്യപ്പെടുത്തിയത്. തങ്ങൾ ടൂറിൻ തിരുശ്ശീല സൂക്ഷിച്ച ടൂറിൻ നഗരത്തിൽ വെച്ച് പോലും ഇത്രയും പ്രബുദ്ധരായ ശ്രോതാ ക്കളെ കണ്ടിട്ടില്ലെന്ന് അവിടെയെ ത്തിയ പ്രഭാഷകരും ടൂറിൻ വിദഗ്ധരും പറഞ്ഞു. സ്ത്രീകൾ ചോദ്യം ചോദിക്കുകയും ഉത്തരം കിട്ടുന്നത് വരെ അത് തുടരുകയും ചെയ്തു. ഈ അന്തർദേശീയ സമ്മേളനം ടൂറിനിലെ തിരുശ്ശീല യുടെ അത്ഭുതകരമായ ചരിത്രം, മതപരമായ പ്രാധാന്യം പരിഹരിക്ക പ്പെടാൻ കഴിയാത്ത നിഗൂഢത എന്നീഘടകങ്ങൾ എല്ലാ മേഖല യിൽ നിന്നുള്ളവരെയും ഇവിടെ ഒന്നിപ്പിച്ചിരിക്കുന്നു.

***(വിവ: കെ. ഹസ്സൻ കോയ, കോഴിക്കോട് Review of Religion, Jan 2018)***

# സ്നേഹം എന്ന വികാരം

ഔചിത്യ ബോധത്തോടെ പ്രകടിപ്പിക്കുമ്പോൾ മാത്രമാണ് സ്നേഹം എന്ന സഹജ വികാരം ഒരു ധാർമിക ഗുണമായി മാറുന്നത്.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹമദ് (റ)

സ്നേഹം മനുഷ്യർക്കും മറ്റു ജന്തുക്കൾക്കും പൊതുവായുള്ളതാണ്. സ്നേഹത്തിന്റെ എതിരായിട്ടുള്ളത് വെറുപ്പാണല്ലോ. പ്രകൃതിദത്തമായ ഈ രണ്ടു വികാരങ്ങളും ധാർമിക ഗുണമായി മാറ്റുകയാണ് ആവശ്യം. നമുക്ക് എല്ലാറ്റിനേയും സ്നേഹിക്കുവാനും എല്ലാറ്റിനേയും വെറുക്കാനും സാദ്ധ്യമല്ല. എന്നാൽ ഈ വികാരങ്ങൾ പ്രകടിപ്പിക്കുന്നതിൽ നിയന്ത്രണങ്ങളും പരിധി നിശ്ചയങ്ങളും ആവശ്യമാണ്.

നമുക്ക് ആവശ്യമായിട്ടുള്ള വസ്തുക്കളെ, അല്ലെങ്കിൽ നമുക്ക് ആശ്വാസം നൽകുകയോ, നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ആനന്ദം നൽകുകയോ ചെയ്യുന്ന വസ്തുക്കളെ നാം സ്നേഹിക്കുന്നു. ഇത് നന്മയൊന്നുമല്ല. എന്തെന്നാൽ ഈ സ്നേഹ വികാരം ജന്തുക്കൾക്കു സഹജമായിട്ടുള്ളതാണ്. സ്നേഹം ഒരു ധാർമിക ഗുണമായി മാറുന്നത് മുന്നു വിധത്തിലാണ്. ഒന്ന് ശരിയായ അനുപാതത്തിൽ പ്രകടിപ്പിക്കപ്പെടുമ്പോൾ. അതായത് ഒരാൾ മറ്റൊരാളേക്കാൾ കുടുതൽ സ്നേഹിക്കപ്പെടുന്നതിന് അർഹനാണെങ്കിൽ അയാൾക്കത് ലഭിക്കുമാറാകണം. രണ്ട് ഭാവിയിൽ ലഭിക്കുന്ന ഗുണഫലങ്ങളിലുള്ള പ്രത്യാശയുടെ അടിസ്ഥാനത്തിൽ. പ്രകടിപ്പിക്കപ്പെടുന്നതിനേക്കാൾ മുമ്പ് ലഭിച്ചിട്ടുള്ള ഗുണഫലങ്ങൾക്കുള്ള നന്ദി ഭാവത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുമ്പോൾ. ആദ്യത്തേതു സ്വാർഥ ലാഭേച്ഛയുടെ അടിസ്ഥാനത്തിലുള്ളതാണെങ്കിൽ രണ്ടാമത്തേത് ബാദ്ധ്യതയുടെ അടിസ്ഥാനത്തിലുള്ളതാണ്. മുന്ന് ഉടൻ ലഭിക്കുന്ന ഗുണഫലത്തെയല്ലാതെ വിദുര ഭാവിയിൽ ലഭിക്കാനിരിക്കുന്ന ഗുണഫലത്തെ അടിസ്ഥാനമാക്കിയുള്ളതാകുമ്പോൾ. ഈ നിലകളിൽ സ്നേഹം ഒരു ധാർമിക ഗുണമായി മാറുന്നു. ഈ മുന്നു നിയന്തണങ്ങൾക്കും വിധേയമായി സ്നേഹ വികാരം ഒരു സഹജ വികാരം മാത്രമല്ലാതെ ഒരു ഉത്തമ ധാർമിക ഗുണമായിമാറുന്നു.

ഈ മുന്നു നിബന്ധനകളും വിശുദ്ധ ഖുർആൻ നിർദേശിച്ചിട്ടുള്ളതാണ്. ഖുർആൻ പറയുന്നു:

***നിങ്ങളുടെ മാതാപിതാക്കളും നിങ്ങളുടെ മക്കളും നിങ്ങളുടെ സഹോദരന്മാരും നിങ്ങളുടെ ഭാര്യമാരും നിങ്ങളുടെ ഭർത്താക്കന്മാരും നിങ്ങളുടെ ഉറ്റവരും നിങ്ങൾ സമ്പാദിച്ച് വെച്ച മുതലുകളും, മോശമാകുമെന്ന് നിങ്ങൾ പേടിച്ചുകഴിയുന്ന നിങ്ങളുടെ വാസസ്ഥലങ്ങളും രമ്യഹർമങ്ങളും അല്ലാഹുവിനെക്കാളും അവന്റെ റസൂലിനെക്കാളും ദൈവമാർഗത്തിലുള്ള പ്രയത്നങ്ങളെക്കാളും നിങ്ങൾക്ക് പ്രിയങ്കരമായിട്ടുള്ളതാണെങ്കിൽ നിങ്ങളെക്കുറിച്ചുള്ള ഒരു ദൈവ വിധിയെ കാത്തിരുന്നുകൊൾക.! തങ്ങളുടെ ഉത്തരവാദിത്തങ്ങൾ വിസ്മരിക്കുന്നവരെ അല്ലാഹു നേർവഴിയിലാക്കുന്നില്ല.* (9:24)**

നമ്മുടെ സ്നേഹം, അർഹിക്കുന്നവരോട് പുലർത്തേണ്ട സ്നേഹത്തിന്റെ അനുപാതമാണ് ഇവിടെ വിവരിച്ചിട്ടുള്ളത്. സ്നേഹം എന്ന സഹജ വികാരത്തെ ഒരു ധാർമിക ഗുണമാക്കിമാറ്റണമെങ്കിൽ നമ്മുടെ സ്നേഹം നിശ്ചിതമായ അനുപാതത്തിലുള്ളതായിരിക്കണം. ഒരോരുത്തരുടേയും പദവികളും നിലയും അനുസരിച്ചുള്ളതായിരിക്കണം, മാതാപിതാക്കന്മാരെയും ഭാര്യമാരെയും അവരെനിലക്കൊത്തും സ്നേഹിക്കേണ്ടതാണ്. അപ്രകാരമല്ലാത്ത പക്ഷം സ്നേഹം വെറുമൊരു വികാര പ്രകടനം മാത്രമായിരിക്കും. ഉദാഹരണമായി ഭാര്യക്ക് വേണ്ടി ഒരാൾ മാതാപിതാക്കന്മാരെ കൈവെടിയുകയാണെങ്കിൽ, സ്വന്തം മുതലുകൾ സംരക്ഷിക്കാതിരിക്കാനായി ജന്മനാടിന്റെ വിളി കേൾക്കാതിരിക്കുകയാണെങ്കിൽ അത്തരമൊരാൾ സ്നേഹിക്കുന്നു എന്നത് കൊണ്ട് മാത്രം നല്ലവനായി കരുതാവുന്നതല്ല തന്നെ. എന്നാൽ അത് യുക്തിയും വിവേകവും മൂലം നിയന്ത്രച്ചിട്ടില്ലായെങ്കിൽ ഒരു ധാർമിക ഗുണമാകുന്നില്ല.

രണ്ടാമത്തെ നിബന്ധന ഒരാൾ ഇപ്പോൾ അനുഭവിക്കുന്ന ഗുണഫലങ്ങളെയോ, ഭാവിയിൽ അനുഭവിക്കാനിരിക്കുന്ന ഗുണഫലങ്ങളെയോ പരിഗണിച്ചു കൊണ്ടിരിക്കുന്ന സ്നേഹമാണ്. അനുഭവിച്ചുകൊണ്ടിരിക്കുന്ന ഗുണഫലങ്ങളെ അപേക്ഷിച്ച് അനുഭവപ്പെട്ടുകഴിഞ്ഞ ഗുണഫലങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്നേഹ പ്രകടനമാണ് ഉത്തമ ധർമം. ഈ നിബന്ധന

വെച്ചു നോക്കിയാൽ മക്കളോടുള്ള സ്നേഹം കേവലം ഒരു സഹജ വികാരവും മാതാപിതാക്കളോടുള്ള സ്നേഹം ഒരു ധാർമിക ഗുണമാണെന്നും കാണാം. മാതാപിതാക്കന്മാർക്ക് മക്കളോടുള്ള സ്നേഹം തലമുറ നിലനിർത്താനുള്ള സഹജ പ്രേരണയുടെ പ്രകടനമാകുന്നു. മാതാപിതാക്കൾ മക്കളോടു അനുവർത്തിക്കാൻ പ്രകൃതി നിശ്ചയിച്ച ധർമങ്ങൾ അവ മുമ്പു തന്നെ നിർവഹിച്ചു കഴിഞ്ഞിരിക്കയാൽ അവരുടെയാ വികാരം പ്രയോജനമില്ലാത്തതാണ്. എന്നാൽ മാതാപിതാക്കളോട് ഒരു പുത്രന്റെ കാണിക്കേണ്ട സ്നേഹാദരം ഒരു ധാർമിക ഗുണമാകുന്നു. മാതാപിതാക്കളിൽ നിന്ന് തന്റെ ശൈശവത്തിലും ബാല്യത്തിലും, ലഭിച്ചുകഴിഞ്ഞ ഉപകാരത്തിന്റെ സ്മരണ എന്ന നിലയിൽ അവർ കാണിച്ച സ്നേഹവായ്പിന് പകരമായി അവരോടും സ്നേഹാദരങ്ങൾ കാണിക്കുകയും തന്റേതായ എല്ലാം സംത്യജിച്ചും അവർക്ക് എല്ലാ സുഖങ്ങളും ആശ്വാസങ്ങളും ഒരുക്കുവാൻ ഒരുങ്ങുകയും ആണ് അവർ ചെയ്യുന്നത്. അതുകൊണ്ട് തന്നെയാണ് **'സ്വർഗം മാതാവിന്റെ കാലിനടിയിലാണ് '** എന്ന് ഇസ്‌ലാം പറയുന്നത്. സ്വർഗം മക്കളുടെ കാലിനടിയിലാണെന്ന് പറഞ്ഞില്ല. ബുദ്ധിയുള്ള ഏതൊരാളും മക്കളെ സ്വാഭാവികമായും സ്നേഹിക്കും. എന്നാൽ എല്ലാവരും തങ്ങളുടെ മാതാപിതാക്കളെ സ്വാഭാവികമായും സ്നേഹിക്കണമെന്നില്ല. മറിച്ച് സ്വന്തം മക്കളുടെ നിസ്സാര കാര്യങ്ങളെ മുൻനിർത്തി മാതാപിതാക്കന്മാരെ കയ്യൊഴിച്ചതിലേക്കു എത്രയോ ഉദാഹരണങ്ങൾ എടുത്തു കാണിക്കാനാവും. ഇത് ഉത്തമ ധാർമിക ഗുണമാണെന്ന് ആരെങ്കിലും പറയുമോ?

സ്നേഹം ഒരു സഹജ വികാരമെന്ന നിലയിൽ ധാർമിക ഗുണമായി മാറുന്നതിനാവശ്യമായ മൂന്നാമത്തെ ഉപാധി ഉടനെ ലഭിക്കുന്ന ഗുണഫലത്തെയും സുഖാനുഭൂതിയേയും മാത്രമല്ലാതെ വിദൂര ഭാവിയിലെ ഗുണ ഫലത്തെ ആശ്രയിച്ചിരിക്കണം അതെന്നതാണ്. ഒരാൾ ഒരു വസ്തുവിനെ സ്നേഹിക്കുന്നു എന്നു കരുതുക. ആ സ്നേഹം അയാളുടെ മത വിശ്വാസത്തെയോ ധാർമികതയേയോ പ്രത്യക്ഷത്തിൽ അപകടപ്പെടുത്തുന്നതുമാണ്. അങ്ങനെ വരുമ്പോൾ ആ സ്നേഹം വെറുമൊരു സ്വാഭാവിക വികാരമല്ലാതെ ധാർമിക ഗുണമാകുന്നില്ല. എന്തെന്നാൽ അങ്ങനെയുള്ള സ്നേഹത്തിന്റെ അനിവാര്യ ഫലം നല്ലതല്ല ചീത്ത തന്നെയായിരിക്കും. മറ്റൊരുദാഹരണം ഒരു മാതാവ് തന്റെ കുട്ടിയെ അവന്റെ തെറ്റുകുറ്റങ്ങളെ ആസ്പദമാക്കി ശാസിക്കുവാൻ ഒരുങ്ങുന്നില്ലെന്ന് വിചാരിക്കുക. അത് അവനോടുള്ള സ്നേഹം കൊണ്ടാണെങ്കിൽ ഈ സ്നേഹം വെറുമൊരു വികാര പ്രകടനമല്ലാതെ ധാർമിക ഗുണമാകുന്നില്ല. ധാർമിക ഗുണമാകണമെങ്കിൽ കുട്ടിയെ ശാസിക്കുകയും തെറ്റു തിരുത്താൻ പ്രേരിപ്പിക്കുകയും ആണ് ചെയ്യേണ്ടിയിരുന്നത്. കാരണം കുട്ടിയുടെ യഥാർഥ നന്മ ആ ഘട്ടത്തിൽ അവനെ ശാസിക്കുന്നതിലാണ്. താലോലിക്കുന്നതില്ല. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ നൽകുന്ന പാഠമിതാണ്: **'അല്ലയോ വിശ്വാസികളേ യഥാർഥമായ സ്നേഹം ഇതാണ് നിങ്ങൾ നിങ്ങളെ തന്നെയും നിങ്ങളുടെ ഭാര്യാമക്കളെയും നാശത്തിൽ നിന്ന് രക്ഷിക്കുവീൻ! '(66:7)**

---

**പേജ് 21 ൽ നിന്ന് തുടർച്ച**

ഈ കൂട്ടത്തിൽ എനിക്കേറ്റവുമിഷ്ടപ്പെട്ട പദം Hackamore ആണ്. കന്നുകാലികളെ ബന്ധിക്കാനുപയോഗിക്കുന്ന മൂക്കുകയറാണിത്. അറബി പദമായ *Sakima* യെ പ്രതിഫലിപ്പിക്കുന്ന അന്തലൂന്ത്യഷ്യൻ പദമായ Jaquima നിന്ന് രൂപപ്പെട്ടതാണ് ഈ പദം.

ഇനി മൃഗങ്ങളുടെ നിറ വ്യത്യാസങ്ങളെ സൂക്ഷ്മമായി സൂചിപ്പിക്കുന്ന പല പദങ്ങളും ഇവർക്കിടയിലുണ്ട്. പരിശോധിച്ചാൽ ഇവയുടെയൊക്കെയും പ്രഭവം അറബിയാണെന്ന് തെളിയിക്കാൻ കഴിയും. കൗബോയ്കൾ ഇങ്ങനെ കുതിരകളുടേയും കന്നുകാലികളുടെയും ചെമ്മരിയാടിന്റെ പോലും നിറങ്ങൾക്ക് പ്രത്യേകം പേരുകൾ ഉപയോഗിച്ചുപോരുന്നു. ഞാൻ കളർ ബ്ലൈന്റ്(ചില വർണങ്ങൾ കാണാൻ കഴിയാത്ത രോഗം) ആയതിനാൽ ഈ പേരുകൾ മനസ്സിലാക്കിയെടുക്കാൻ എനിക്ക് കുറച്ച് സമയം പിടിച്ചു. എങ്കിലും. Almagre(ഒരിനം തുരുമ്പു നിറമുള്ള കുതിര) എന്റെ ശ്രദ്ധയിൽ പ്പെടുക തന്നെ ചെയ്തു. ഈ പേര് ചുവന്ന മണ്ണ് എന്നർഥം വരുന്ന അറബി പദം *Al-magra* യിൽ നിന്നും വന്നതാണെന്ന് എനിക്ക് അറിയാമായിരുന്നു. വർണങ്ങളെ സംബന്ധിച്ച പദത്തിൽ എന്നെ ഏറ്റവും ഏറെ കുഴപ്പിച്ചത് മൂക്ക് മുതൽ വാലറ്റം വരെ തുരുമ്പിച്ച ബ്രൗൺനിറമുള്ള കുതിരയെ വിളിക്കുന്ന Alice-Ann എന്ന പേരാണ്. ഇത് അറബിയിലെ Al-azam(ചുവന്ന മരത്തടി)യിൽ നിന്നുമാണെന്ന് തിരിച്ചറിയാൻ കുറച്ച് ബുദ്ധിമുട്ടി. ഈ അടുത്ത് Alice-Ann എന്ന വാക്കിന്റെ ദ്വയാർഥം ഉപയോഗിച്ച് ജാക്ക് എന്നൊരാളെഴുതിയ നർമ കവിത വായിക്കാനിടയായി.

On the frontier a cowboy's best gal
was called AliceAnn, ant not sal
The trick is, of couse,
That this friend was a horse
so an Alice could be a male pal

അങ്ങതിർത്തിയിൽ ഒരു
കൗബോയുടെ നല്ല കൂട്ടുകാരിയെ
ആലീസ് ആൻ എന്നാണ്
വിളിച്ചിരുന്നത്, സാൽ എന്നല്ല.
അതാണ് വലിയ തമാശയും
ആ സുഹൃത്തുണ്ടല്ലോ അതൊരു
കുതിരയാണ്
അപ്പോൾ ചിലപ്പോൾ ആലീസ് ഒരു
ആൺകുട്ടിയുമാകാം.

# ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ശത്രുക്കളും ദൈവീക വാഗ്ദാനങ്ങളും

ഇബ്നു വഫ, കോഴിക്കോട്

ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) ബറാഹീനെ അഹ്മദിയ്യ എന്ന തന്റെ പ്രഥമ ഗ്രന്ഥം 1880ൽ ആണ് പ്രസിദ്ധീകരിച്ചത്. ഇസ്ലാമിന്റെ മഹനീയതയും മറ്റ് മതങ്ങൾക്കില്ലാത്ത ശ്രേഷ്ഠതയും വെളിപ്പെടുത്തുന്ന നിരവധി തെളിവുകൾ നിരത്തിക്കൊണ്ടെഴുതിയ ആ മഹൽ ഗ്രന്ഥം ഇന്ത്യയിൽ എല്ലായിടത്തും തന്നെ കോളിളക്കം സൃഷ്ടിച്ചു. ഒരു ഭാഗത്ത് കപടവിശ്വാസികളും ബഹുദൈവാരാധകരും നിരീശ്വരവാദികളും, വേറൊരു ഭാഗത്ത് ആര്യസമാജക്കാരും ബ്രഹ്മസമാജക്കാരും ക്രിസ്തീയ പണ്ഡിതരും ചേർന്ന് ഇസ്ലാമിനെ അങ്ങേയറ്റം കടന്നാക്രമിക്കുകയും കൊത്തിവലിക്കുകയും ചെയ്യുന്ന കാലമായിരുന്നു അത്. ഇസ്ലാമിന്നെതിരിൽ ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾക്ക് മറുപടി പറയാൻ ആരും ഇല്ലാത്ത അവസ്ഥ. പലരും ഇസ്ലാം ഉപേക്ഷിച്ച് മറ്റ് മതങ്ങളിൽ അഭയം തേടി. അതുകാരണം ഇസ്ലാമിനെ പ്രതിരോധിച്ചുകൊണ്ടും അതിന്റെ മനോഹാരിതയും മറ്റ് മതങ്ങൾക്കില്ലാത്ത സൗന്ദര്യവും വിശാലതയും തെളിവുകൾ സഹിതം രചിക്കപ്പെട്ട ആ ഗ്രന്ഥത്തെ ഇന്ത്യയിലെ മുസ്ലിം സമൂഹം ഒന്നടങ്കം നെഞ്ചിലേറ്റിക്കൊണ്ട് ദീർഘമായ അവലോകനങ്ങളും റിവ്യുകളും പ്രശംസകളും കൊണ്ട് മൂടി. മൗലാനാ മുഹമ്മദ് ഹുസൈൻ ബട്ടാലവി, സൂഫി അഹ്മദ് ജാൻ സാഹിബ് ലുധിയാനവി, ബാംഗ്ലൂരിൽ നിന്ന് പുറപ്പെടുന്ന മൻശൂർ മുഹമ്മദി എന്ന പത്രത്തിന്റെ പത്രാധിപരായിരുന്ന മൗലാന മുഹമ്മദ് ശരീഫ് അഹ്മദ് സാഹിബിനെ പോലുള്ള പ്രശസ്തരും പ്രഗല്ഭരുമായ പണ്ഡിതർ ഈ ഗ്രന്ഥത്തെ മുക്തകണ്ഠം പ്രശംസിക്കുകയും റിവ്യു എഴുതുകയും ഇക്കഴിഞ്ഞ നൂറ്റാണ്ടുകളിലൊന്നിലും ഇത്തരം ഗ്രന്ഥം രചിക്കപ്പെട്ടിട്ടില്ല എന്ന് ഉൽഘോഷിക്കുകയും ചെയ്തു.

എന്നാൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)ന്ന് അല്ലാഹുവിൽ നിന്നുണ്ടായ നിരന്തരമായ വെളിപാടുകളുടേയും ഇൽഹാമുകളുടേയും വെളിച്ചത്തിൽ അദ്ദേഹം 1885 മാർച്ചിൽ ഒരു വിജ്ഞാപനത്തിലൂടെ താൻ വാഗ്ദത്ത മസീഹും മഹ്ദിയുമാണെന്ന വാദം പുറപ്പെടുവിച്ചപ്പോൾ ഇന്ത്യയുടെ നാനാഭാഗത്ത് നിന്നും ശത്രുക്കൾ അസഭ്യവർഷം ചൊരിഞ്ഞുകൊണ്ട് ആ പുണ്യാത്മാവിനെ ഭർത്സിക്കാനും മാനസികമായി ദ്രോഹിക്കുവാനും തുടങ്ങി. ഇന്ത്യയിലെ അറിയപ്പെടുന്ന പണ്ഡിതർ ഒന്നിച്ച് ചേർന്ന് മിർസാ സാഹിബിനെതിരിൽ ഒപ്പ് ശേഖരിക്കുകയും സംയുക്ത പ്രസ്താവനയിലൂടെ നഊദുബില്ലാഹ് ഇയാൾ കാഫിറും ദജ്ജാലും കള്ളവാദിയും കറ്റ് കെട്ടിപ്പറയുന്നവനുമാണെന്ന് കൊട്ടിഘോഷിക്കുകയും ചെയ്തു.

ഇതിൽ ഏറ്റവും സങ്കടകരം ഒരിക്കൽ മുക്തകണ്ഠം പ്രശംസിച്ചിരുന്ന ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തെ ശത്രുത നിമിത്തം ലുധിയാനയിലും അമൃതസറിലുമുള്ള പണ്ഡിതർ തള്ളിപ്പറയുകയും ആ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന ഇൽഹാമുകൾ, അവിശ്വസനീയവും അബദ്ധജഡിലവും അടിസ്ഥാനരഹിതവുമാണെന്ന് പറഞ്ഞുകൊണ്ട് മിർസാ സാഹിബിന്നെതിരിൽ നിയമനടപടികൾ കൈകൊള്ളേണമെന്നും, ഇയാളുടെ ഗ്രന്ഥം കണ്ട് കെട്ടണമെന്നും സർക്കാറിനോട് ആവശ്യപ്പെട്ടുകൊണ്ട് മുറവിളി കൂട്ടുകയുണ്ടായി. ശത്രുക്കളുടെ ഈ നിലപാടിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഒരു അറബി ഗ്രന്ഥത്തിൽ എഴുതുകയാണ്,

ജനങ്ങൾക്ക് ഉൾകാഴ്ചയോടുകൂടി പ്രബോധനം ചെയ്യാൻ അവൻ അല്ലാഹു എനിക്ക് നേരിട്ട് നിർദേശം നൽകി. അപ്പോൾ അവരുടെ പ്രതികരണം, നെറികെട്ട ചീത്തയും കാഫിർ എന്നുള്ള ഫത്വയും വ്യാജാരോപണവും ശല്യപ്പെടുത്തലും മാത്രം. ഏതെല്ലാം തരത്തിലുള്ള ചീത്തയുണ്ടോ അതെല്ലാം അവരെന്നെ വിളിച്ചു. പക്ഷെ, അതേ ശൈലിയിൽ ഞാനവർക്ക് മറുപടി നൽകിയില്ല. അവരുടെ പ്രസംഗങ്ങളും പ്രഭാഷണങ്ങളും ഞാൻ വക വെച്ചതുമില്ല. അവരുടെ ചീത്തവിളി കൂടിക്കൂടി വന്നു. അങ്ങനെ കലഹം ആളിക്കത്തി. പല ദൃഷ്ടാന്തങ്ങളും അവർ കണ്ടു. പല അടയാളങ്ങളുമായി അവർ ബന്ധപ്പെട്ടു. പക്ഷേ അതെല്ലാം അവർ നിഷേധിച്ചു. കുറെ കൃത്രിമങ്ങളും സ്വയം മെനഞ്ഞെടുത്ത ന്യൂനതകളുമായി അവരെന്റെ

നേരെ ചാടിവീണു. എന്നെ ഉപദ്രവിക്കാൻ വേണ്ടി താഴേക്കിടയിലുള്ള ആളുകളെ ഇളക്കിവിട്ടു. അവരെ സഹായിക്കാൻ മതവിരോധികളേയും കൃസ്ത്യാനികളേയും കൂട്ടുപിടിച്ചു. എന്നെ കാഫിറാക്കാൻ പണ്ഡിതന്മാർ ഫത്‌വ പുറപ്പെടുവിച്ചു. ഞാനുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിക്കാനാവശ്യപ്പെട്ടുകൊണ്ട് പ്രസിദ്ധീകരണങ്ങൾ പുറത്തു വന്നു. അങ്ങനെ ഈ ഭൂഗോളം മുഴുവൻ ഒരു ചളിക്കുണ്ടാകും വിധം എന്റെ നേർക്ക് ഉപദ്രവങ്ങൾ വർഷിച്ചു കൊണ്ടിരുന്നു. (മവാഹിബുർ റഹ്മാൻ പേജ് 16)

ശത്രുക്കളുടെ ദ്രോഹനടപടികൾ കണ്ട് ആ പുണ്യാത്മാവ് ഒരണുപോലും കുലുങ്ങിയില്ല. അൽപം പോലും ഭയപ്പെട്ടില്ല. കാരണം അല്ലാഹുവിൽ നിന്നുള്ള സാന്ത്വനവും സഹായ വാഗ്ദാനങ്ങളും, ശത്രുക്കൾ നിന്ദ്യരും പരാജിതരാകുമെന്ന അറിയിപ്പുകളും അദ്ദേഹത്തിന് ലഭിക്കുന്നുണ്ടായിരുന്നു. ശത്രുക്കൾ നിന്ദ്യരും ഇളിഭ്യരുമാകുന്നത് അദ്ദേഹം കാണുന്നുമുണ്ടായിരുന്നു.

1886 ഫിബ്രുവരി 20ാം തീയ്യതി ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) ഒരു വിജ്ഞാപനത്തിലൂടെ ഉച്ചൈസ്തരം ഉൽഘോഷിച്ചു, സർവശക്തനും പ്രതാപവാനുമായ അല്ലാഹു എനിക്ക് സന്തോഷവാർത്ത നൽകിക്കൊണ്ടറിയിച്ചിരിക്കുന്നു, എന്റെ ഭവനം അനുഗ്രഹങ്ങൾ കൊണ്ട് നിറക്കപ്പെടും. എന്റെ സന്താന പരമ്പര അറ്റ്പോകാത്തതായിരിക്കും. തുടർന്ന് അല്ലാഹു പറഞ്ഞു, നിന്റെ നാമത്തെ ലോകാവസാനം വരെ ആദരപൂർവം നിലനിർത്തുന്നതാണ്. നിന്റെ സന്ദേശം ലോകത്തിന്റെ കോണുകളോളം ഞാൻ എത്തിക്കുന്നതാണ്. നിന്നെ നിന്ദിക്കുവാനും പരാജയപ്പെടുത്തുവാനും കച്ചകെട്ടി വന്നവർ സ്വയം പരാജിതരാകും. തങ്ങളുടെ പരാജയവും ഇഛാഭംഗവും കണ്ട് കൊണ്ടവർ മരണത്തിന് കീഴടങ്ങും. ഞാൻ നിനക്ക് പരിപൂർണ വിജയം നൽകുന്നതായിരിക്കും.നിന്നെ ആത്മാർഥമായി സ്നേഹിക്കുന്നവരുടെ സംഘത്തിൽ ഞാൻ വർധനവുണ്ടാക്കും. അവരിലും അവരുടെ ധനത്തിലും സമ്പത്തിലും അനുഗ്രഹം ചൊരിയുന്നതായിരിക്കും. (വിജ്ഞാപനം - സിറാജെ മുനീർ)

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾചെയ്യുകയാണ്.

എല്ലാവരും എന്നെ ഉപേക്ഷിച്ചുകൊണ്ട് അവരവരുടെ വഴിക്ക് പോയാലും എനിക്ക് യാതൊരു ഭയവുമില്ല. അല്ലാഹു എന്നോടൊപ്പം ഉണ്ടെന്ന കാര്യം എനിക്ക് നന്നായി അറിയാം. ഞാൻ തകർക്കപ്പെട്ടാലും, ഞാൻ ചതച്ചരക്കപ്പെട്ടാലും, എന്നെ മൺതരിയേക്കാൾ നിസ്സാരമാക്കിയാലും നാല് ഭാഗത്ത് നിന്നും ദ്രോഹിക്കുകയും ചീത്തവിളിക്കുകയും ശാപവർഷം എന്റെ മേൽ ചൊരിയുന്നത് കാണേണ്ടിവന്നാലും അവസാനം വിജയിക്കുന്നത് ഞാൻ തന്നെയായിരിക്കും. എന്നെ ആരും മനസ്സിലാക്കിയിട്ടില്ല. എന്നോടൊപ്പമുള്ള അവനല്ലാതെ. ഞാനൊരിക്കലും പരാജയപ്പെടുകയോ പാഴാവുകയോ ഇല്ല. ശത്രുക്കളുടെ പ്രയത്നങ്ങളെല്ലാം തന്നെ വ്യർഥമായിത്തീരും. അസൂയാലുക്കളുടെ ഗൂഢതന്ത്രങ്ങൾ കൊണ്ട് ഒരു പ്രയോജനവുമുണ്ടാവുകയില്ല. (അൻവാറുൽ ഇസ്ലാം)

1889 മാർച്ച് 23-ാം തീയതി അഹ്മദിയ്യാ ജമാത്തിന് അദ്ദേഹം അസ്തിവാരമിട്ടു. അന്ന് ആ പുണ്യാത്മാവിന്റെ കയ്യിൽ 40 പേർ ബൈഅത്ത് ചെയ്തുകൊണ്ട് ഈ ജമാഅത്തിൽ പ്രവേശിച്ചു. അതിനുശേഷം നല്ലവരും സാത്വികരുമായ ആളുകൾ അദ്ദേഹത്തെ വാഗ്ദത്ത മഹ്ദിയും മസീഹുമാണെന്ന് വിശ്വസിച്ചുകൊണ്ട് ജമാഅത്തിൽ പ്രവേശിക്കാൻ തുടങ്ങി. ശത്രുക്കൾ ജമാഅത്തിനേയും മസീഹ് മൗഊദ്(അ)നേയും ഇല്ലാതാക്കാൻ ശ്രമിക്കുന്തോറും ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടേയിരുന്നു. ജമാഅത്ത് ഖാദിയാനിൽ നിന്നും പുറത്ത് കടന്ന് ആദ്യം പഞ്ചാബിൽ പല സ്ഥലങ്ങളിലും, അവിടെ നിന്ന് ഇന്ത്യയിൽ എല്ലായിടത്തും പ്രചരിച്ചു. പതുക്കെ വിദേശരാജ്യങ്ങളിലേക്കും കടന്നു. ശത്രുതയും എതിർപ്പുകളും അതനുസരിച്ചു തന്നെ വർദ്ധിച്ച് കൊണ്ടിരുന്നു.

1908 മെയ് 26-ാം തീയതി ആ പുണ്യാത്മാവ് വഫാത്തായപ്പോൾ സാത്വികരും പരിശുദ്ധരും ആത്മാർഥരുമായ ആയിരങ്ങൾ ജമാഅത്തിൽ ആ പുണ്യാത്മാവിനോടൊപ്പം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണവാർത്തയറിഞ്ഞ ശത്രുക്കൾ സന്തോഷിച്ചു. ഇനി ഈ പ്രസ്ഥാനം തനിയെ ഇല്ലാതായി കൊള്ളുമെന്ന വർ സമാധാനിച്ചു. എന്നാൽ ഇതവരുടെ വ്യാമോഹം മാത്രമായിരുന്നു.

1929 ഡിസംബറിൽ ലാഹോറിൽ വെച്ച് മുസ്ലിം നേതാക്കൾ മജ്‌ലിസെ അഹ്റാറെ ഇസ്ലാം എന്ന പേരിൽ ഒരു സംഘടനക്ക് രൂപം നൽകുകയുണ്ടായി. ബ്രിട്ടീഷ് ഗവൺമെന്റിനെതിരിൽ നിസ്സഹകരണ പ്രസ്ഥാനം നടത്തുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അനുഗ്രഹാശിസ്സുകളോടെ,അവരോട് പരിപൂർണ വിധേയത്വം പ്രകടിപ്പിക്കുന്ന ഒരു രാഷ്ട്രീയസംഘടനയായിരുന്നു അത്. സഫറലി ഖാൻ, സയ്യിദ് അത്വാഉല്ലാഹ് ശാഹ് ബുഖാരി, ചൗധരി സയ്യിദ് ഫസ്‌ലുൽ ഹസ്സൻ, ചൗധരി അഫ്‌സൽ ഹഖ്, മൌലവി അൻവർ ശാഹ് കശ്മീരി തുടങ്ങിയ ഉന്നതരും പ്രശസ്തരുമായ നേതാക്കളായിരുന്നു ഇതിന്റെ ആദ്യകാല സാരഥികൾ. മെല്ലെമെല്ലെ ഇവരുടെ ശക്തിയും പ്രതാപവും വർധിക്കുകയും തങ്ങൾ എന്തോക്കെയോ ആണെന്നു സ്വയം ധരിക്കുകയും ചെയ്തുകൊണ്ട് അഹ്മദിയ്യത്തിന്റെ പുരോഗതിയിൽ അസൂയാലുക്കളായ ഇവർ, ജമാഅത്തിനെ നശിപ്പിക്കുവാനായി മുന്നോട്ട് വന്നു. ജമാഅത്തിനെതിരിൽ സാദ്ധ്യമായ

എല്ലാ ഫിത്നകൾക്കും നേതൃത്വം നൽകുകയും എല്ലാ തലങ്ങളിലും ജമാഅത്തിനെ ഇടിച്ചു താഴ്ത്താനും നിശിതമായി വിമർശിക്കാനും തുടങ്ങി.

1931 ഡിസംബറിലെ ജൽസ സാലാനയിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പ്രസംഗത്തിലൂടെ അഹ്‌റാരികളോട് പറഞ്ഞു, നിങ്ങൾ ലോകത്തിലെ മുഴുവൻ ഭരണകൂടങ്ങളേയും മറ്റു ശക്തികളേയും ഞങ്ങൾക്കെതിരിൽ അണിനിരത്തിക്കൊള്ളൂ. എന്നിട്ടും നിങ്ങൾ വിജയിക്കുകയാണെങ്കിൽ ഞങ്ങൾ കള്ളവാദികൾ. നിങ്ങളങ്ങനെ ചെയ്യുകയാണെങ്കിൽ നിങ്ങൾ ആരോടാണ് ഏറ്റുമുട്ടിയതെന്ന് നിങ്ങൾക്ക് മനസ്സിലാകും. നിങ്ങൾ ഞങ്ങളോട് ഏറ്റു മുട്ടിയാലും ഞങ്ങൾ നിങ്ങളോട് ഏറ്റു മുട്ടിയാലും തകർന്ന് തരിപ്പണമാവുന്നത് നിങ്ങളായിരിക്കും തീർച്ച. ഇത് അല്ലാഹുവിനാൽ സ്ഥാപിതമായ ജമാഅത്താണ്. ഇതിനെ വിജയിപ്പിക്കുക എന്നത് അല്ലാഹു തീരുമാനിച്ചുറച്ച കാര്യമാണ്.ഞങ്ങൾ ബലഹീനരും അശക്തരുമാണെന്ന കാര്യം ഞങ്ങൾക്ക് നന്നായി അറിയാം. എന്നാൽ ഞങ്ങൾ അല്ലാഹുവിന്റെ വാഗ്ദാനത്തിൽ ഉറച്ചു വിശ്വസിക്കുന്നു.

1934 ൽ മജ്‌ലിസെ അഹ്‌റാർ ജമാഅത്ത് അഹ്മദിയ്യായെ നശിപ്പിക്കുവാനുള്ള ജിഹാദിന്റെ മുന്നോടിയായി ഖാദിയാനിൽ അവരുടെ ഒരു ഓഫീസ് തുറന്നു. അവർക്ക് മറ്റു മുസ്ലിം സംഘടനയിൽ നിന്നു സഹായവും ഒത്താശയും ലഭ്യമായിരുന്നു.

1935ൽ സാഹിബ്സാദാ സയ്യിദ് ഫൈസുൽ ഹസ്സൻ ലുധിയാനയിൽ വലിയൊരു ജനാവലിയെ അഭിസംബോധന ചെയ്തു, ഞാൻ ഇവിടെ നിങ്ങളുടെ മുന്നിൽ നിന്നു കൊണ്ട്, ഖാദിയാനി മിനാറയും (മിനാറത്തുൽ മസീഹ്) അതിന്റെ സ്ഥാപകരും ജമാഅത്തും നശിച്ച് നാമാവശേഷമാകുന്നത് നമ്മൾ നമ്മുടെ കണ്ണുകൊണ്ട് ആസന്നഭാവിയിൽ തന്നെ കാണുമെന്ന് പ്രവചനം ചെയ്യുന്നു എന്ന് പറയുകയുണ്ടായി.

നമ്മൾ രാഷ്ട്രീയനീക്കങ്ങളിലൂടെ ഖാദിയാനികളുടെ ജീവിതം അതീവ ദു:സ്സഹമാക്കും. ഞങ്ങൾ പല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. താമസിയാതെ അതൊക്കെതന്നെ നടപ്പിൽ വരുത്തുന്നതുമാണ്. തീർച്ചയായും അഞ്ച് വർഷത്തിനകം ഇവർ നശിച്ചൊടുങ്ങുകയോ, ഇതുപേക്ഷിച്ചു ഓടിപ്പോവുകയോ ചെയ്യും. ഇതിനായി വലിയ വലിയ ആളുകൾ നമ്മോടൊപ്പമുണ്ട്. അതിലൂടെ മജ്‌ലിസെ അഹറാർ ഖാദിയാനികളെ തകർത്ത് തരിപ്പണമാക്കിക്കളയുന്നതായിരിക്കും എന്ന് മറ്റൊരു നേതാവും തട്ടിവിട്ടു.

1936 മെയ് 19ാം തീയതി സിയാൽകോട്ടിൽ നടന്ന വമ്പിച്ച സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട്, "മിർസായിയത്തിന്റെ നാശത്തിനായി പലരും മുന്നോട്ട് വന്നിട്ടുണ്ടായിരുന്നു. പലരും പല ശ്രമങ്ങളും നടത്തിയിരുന്നു. എന്നാൽ ഈ ഫിത്ന എന്റെ കരങ്ങളാൽ ഉന്മൂലനം ചെയ്യപ്പെടേണമെന്നാണ് അല്ലാഹു ഇഛിക്കുന്നതെന്നാണ് മനസ്സിലാകുന്നത്" എന്ന് മജ്‌ലിസെ അഹ്‌റാറെ ഇസ്ലാമിന്റെ സമുന്നത നേതാവ് സയ്യിദ് അത്വാഉല്ലാഹ് ശാഹ് ബുഖാരി വളരെ അഭിമാന പുരസ്സരം പ്രഖ്യാപിക്കുകയുണ്ടായി. അറബിക്കടലിനെ നോക്കിക്കൊണ്ട് ഈ കടൽ വെള്ളം മുഴുവനും ഞാൻ കുടിച്ച് വറ്റിക്കും എന്ന് പറയുന്ന മൂന്ന് വയസ്സുകാരൻ പിഞ്ചുബാലന്റെ വാദം പോലെ, ഇദ്ദേഹവും ആഗ്രഹങ്ങൾ മനസ്സിൽ പേറികൊണ്ട് നിരാശനായി മൺകൂനയിൽ എന്നെന്നേക്കുമായി മറഞ്ഞു.

1939ഏപ്രിൽ ഏഴ് മുതൽ ഒമ്പത് വരെപിശാവറിൽ നടന്ന മജ്‌ലിസെ അഹ്‌റാറെ ഇസ്ലാമിന്റെ അഖിലേന്ത്യാ സമ്മേളനത്തിൽ അദ്ധ്യക്ഷഭാഷണം നിർവഹിച്ചുകൊണ്ട് നേതാക്കളിൽ ഒരാളായ ചൗധരി അഫ്സൽ ഹഖ്, നമ്മൾ ഒരിക്കലും അല്ലാഹുവിന്റെ കാരുണ്യത്തേയും ഔദാര്യത്തേയും കുറിച്ച് നിരാശരാകരുത് അഹ്‌റാറിന്റെ വിശാലമായ സംഘടനാ ശക്തിയിലൂടെ അഹ്മദിയ്യത്തെന്ന ഫിത്നയെ വെറും പത്ത് വർഷം കൊണ്ട് ഈ ഭൂമുഖത്ത് നിന്ന് തുടച്ചു നീക്കുന്നതായിരിക്കും എന്ന് യാതൊരു മടിയും കൂടാതെ പ്രഖ്യാപിക്കുകയുണ്ടായി.പിന്നീട് ചൗദരി അഫ്സൽ ഹഖും അദ്ദേഹം വീരവാദം മുഴക്കിയ അഹ്‌റാറിന്റെ വിശാലമായ സംഘടനാ ശക്തിയും എവിടെ? കണ്ടില്ല?

ഈ നേതാക്കളിൽ പലരുടേയും അന്ത്യം അതീവ ദയനീയമായിരുന്നു. സഹധർമ്മിണി പോലും അവഗണിച്ച്, സംരക്ഷിക്കാനോ ശുശ്രൂഷിക്കാനോ ആരുമില്ലാതെ സ്വന്തം വിസർജ്യത്തിൽ കിടന്ന് നരകജീവിതം നയിച്ചുകൊണ്ടിരുന്ന സമീന്ദാർ പത്രത്തിന്റെ പത്രാധിപരും അഹ്മദിയ്യാ ജമാഅത്തിനെതിരിൽ തന്റെ പത്രത്തിൽ എഴുതിക്കൊണ്ടിരുന്ന മുൻനിര എതിരാളികളിൽ ഒരാളുമായ ശക്തനായ സഫറലി ഖാന് അവസാന നാളിൽ വൈദ്യസഹായവും ശുശ്രൂഷയും നൽകിയിരുന്നത് ഹ്ദറത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്ലിഹ് മൗഊദ് (റ) ആയിരുന്നു. അറപ്പുളവാക്കുന്ന അദ്ദേഹത്തിന്റെ വിരിപ്പിനരികിൽ ആരും ചെന്നിരുന്നില്ല. (ശത്രുക്കളുടെ പതനത്തിന്റെ കൂടുതൽ വിവരങ്ങൾക്ക് നോക്കുക. (1) താരീഖേ അഹ്മദിയ്യത്ത് വാള്യം ആറ് പേജ്490 91, (2)ഹദ്റത്ത് മസീഹ് മൗഊദ് കാ ഉസ്‌ലൂബെ ജിഹാദ്, By മൌലാനാ ലയീക്ക് അഹ്മദ് ത്വാഹിർ സാഹിബ് ലണ്ടൻ. പേജ് 38-45)

മജ്‌ലിസെ അഹ്‌റാറെ ഇസ്ലാമിന്റെ സമുന്നതനായ നേതാവ്, അവരുടെഗർജിക്കുന്ന സിംഹമായിരുന്ന സയ്യിദ് അത്വാഉല്ലാഹ് ശാഹ് ബുഖാരി, രോഗിയും അവശനുമായ അവസാന നാളിൽ സനേഹിതരും സഹപ്രവർത്തകരും ബന്ധുക്കളും

എല്ലാം തന്നെ അദ്ദേഹത്തിൽ നിന്ന് അകന്നിരുന്നു.സഹായിക്കാനോ ശുശ്രൂഷിക്കാനോ ആരും ഉണ്ടായിരുന്നില്ല. അദ്ദേഹത്തോട് പത്രക്കാരൻ ചോദിച്ചു, മൗലാനാ,താങ്കൾ വളരെയധികം ക്ഷീണിതനും രോഗിയുമാണ്. പൊതുജീവിതത്തിൽ നിന്നു വിരമിക്കുകയും ചെയ്തിരിക്കുന്നു. പഴയകാല സുഹൃത്തുക്കളിൽ വല്ലവരും താങ്കളെ സന്ദർശിക്കാറുണ്ടോ? നിരാശപൂണ്ട ഒരു ചെറുചിരിയോടെ തന്റെ നാവ് ചുണ്ടികൊണ്ട് പറഞ്ഞു, മകനെ, ഈ പട്ടി കുരക്കുന്ന കാലത്തോളം ഇന്ത്യ പാക്ക് ഉപഭൂഖണ്ഡത്തിൽ ആരാധകരേറേയായിരുന്നു. പക്ഷേ ഈ പട്ടി കുര നിർത്തിയപ്പോൾ ഞാനെവിടെയാണെന്നു പോലും ആർക്കും അറിയില്ല. (ഇംറോസ് ദിനപത്രം 15 -10-1961)

തന്റെ ജീവിതത്തിന്റെ അവസാന നാളിൽ ജീവിതകാലം മുഴുവനും അഹ്മദിയ്യാ ജമാഅത്തിനെതിരിൽ പ്രസംഗിച്ചു നടന്ന ആ നാവിനെ നിരാശയോടെ പട്ടിയെന്ന് അദ്ദേഹത്തിന് വിളിക്കേണ്ടി വന്നു.

പിന്നീട് രാഷ്ട്രത്തലവന്മാരും പട്ടാളമേധാവികളും പെട്രോഡോളറിന്റെ അധിപന്മാരും അഹ്മദിയ്യാ ജമാഅത്തിനെ ഇല്ലാതാക്കാനായി മുന്നോട് വന്നു. സമൂഹത്തിൽ പടർന്ന് പിടിച്ചിരിക്കുന്ന ഈ അർബുദത്തെ താൻ ഉന്മൂലനം ചെയ്യും എന്ന് അധികാരം കൊണ്ട് മത്ത് പിടിച്ച ഒരാൾ വീരവാദം മുഴക്കിക്കൊണ്ടിരുന്നുവെങ്കിലും അയാൾക്ക് കൊലക്കയറിൽ തന്റെ ജീവിതം അവസാനിപ്പിക്കേണ്ടി വന്നു. മറ്റുചിലർ ഒന്നിച്ച് ആകാശത്ത് ധൂളീകരിക്കപ്പെട്ടു. വേറെ ചിലർ അജ്ഞാത കാരണങ്ങളാൽ വധിക്കപ്പെട്ടു. കുറെ ഏറെ പേർ ഭൂകമ്പത്താലും പേമാരിയാലും വെള്ളപ്പൊക്കത്താലും പ്ലേഗ് പോലുള്ള മഹാമാരികളാലും പിടിക്കപ്പെട്ടു. അങ്ങനെ ജമാഅത്തിനെതിരിൽ വന്ന എല്ലാവരും നിരാശരും അപമാനിതരും ഇളിഭ്യരുമായി ഈ ലോകത്ത് നിന്നും എന്നെന്നേക്കുമായി അപ്രത്യക്ഷരായി.

അല്ലാഹു മസീഹ് മൗഊദ് (അ)നെ അറിയിച്ചുകൊണ്ട് പറഞ്ഞു, അവർ നിന്നെ എളിമയിലാക്കാനുള്ള ചിന്തയിലാണ്. നിന്നെ പരാജയപ്പെടുത്താനും ഇല്ലായ്മ ചെയ്യുവാനുമുള്ള ശ്രമത്തിലാണവർ. എന്നാൽ പരാജയവും നിരാശയും അവർക്ക് തന്നെയായിരിക്കും. (അൻവാറുൽ ഇസ്ലാം)

ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് അല്ലാഹു ചെയ്ത അനേകം വാഗ്ദാനങ്ങളിൽ ഒന്നാണ് 'ഇന്നീ മുഹീനും മൻ അറാദ ഇഹാനതക'. (നിന്നെ എളിമയിലാക്കാൻ ഉദ്ദേശിക്കുന്നവനെ ഞാൻ എളിമയിലാക്കും) അല്ലാഹുവിന്റെ ഈ വാഗ്ദാനം മസീഹ് മൗഊദി (അ)ന്റെ കാലത്തും അതിന് ശേഷവും ഇന്നും, ദേശത്തിനും കാലത്തിനും അതീതമായി അത് പുലർന്നു കൊണ്ടിരിക്കുകയാണ്.

മസീഹ് മൗഊദ്(അ)ന്റെ കാലത്തും അതിന് ശേഷവും ആരെങ്കിലും തന്റെ പ്രവൃത്തിയിലൂടെയോ വാക്കുകളിലൂടെയോ എഴുത്തിലൂടെയോ ആ പുണ്യാത്മാവിനേയോ അദ്ദേഹത്തിന്റെ ജമാഅത്തിനേയോ അപമാനിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ അല്ലാഹു അയാളെ പല രീതിയിൽ പിടികൂടിയിട്ടുണ്ട്. ചിലരെ നിന്ദ്യരും എളിമയിലുമാക്കി.ചിലർക്ക് കടുത്ത മാനഹാനി ഉണ്ടായി. ചിലർക്ക് ധന നഷ്ടമുണ്ടായി. മറ്റു ചിലർക്ക് ജീവൻ തന്നെ നഷ്ടപ്പെട്ടു. മസീഹ് മൗഊദ്(അ)ന്റെ എതിരാളികളിൽ മുൻപന്തിയിലുണ്ടായിരുന്ന സയ്യിദ് നദീർ ഹുസൈൻ ദഹ്ലവി, മൗലാനാ അൻവർ ശാഹ് ദെഉബന്തി, മൗലാനാ ഖാസി സയ്യിദ് സുലൈമാൻ മൻസൂർ പൂരി, മൗലാനാ മുഹമ്മദ് ഹുസൈൻ ബട്ടാലവി, മൗലാനാ അബ്ദുൽ ജബ്ബാർ ഗസ്നവി, മൗലാനാ സനാഉല്ലാഹ് അമൃത്സരി, പണ്ഡിറ്റ് ലേഖ്റാം പിശാവരി, പാതിരി അബ്ദുല്ലാഹ് ആഥം, ചന്തുലാൽ മജിസ്ട്രേറ്റ്, ജോൺ അലക്സാണ്ടർ ഡൂയി, മൗലവി കറംദ്ദീൻ ജഹ്ലമി, ആത്മാറാം മജിസ്ട്രേറ്റ് തുടങ്ങിയവർ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അല്ലാഹുവിന്റെ ഈ വാഗ്ദാനമനുസരിച്ച് പിടിക്കപ്പെട്ടവരായിരുന്നു.

ഈജിപ്തിലെ നമ്മുടെ ഒരു സഹോദരൻ മുഹമ്മദ് ബക്കർ മുസ്തഫാ സാഹിബ് ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച ശേഷം, മസീഹ് മൗഊദ്(അ)നെ അധിക്ഷേപിച്ചും പരിഹസിച്ചും സംസാരിക്കുന്ന അദ്ദേഹത്തിന്റെ ചില സ്നേഹിതന്മാർക്ക് നേരിടേണ്ടി വന്ന അനുഭവങ്ങൾ വിവരിക്കുന്നത് ശ്രദ്ധിച്ചാൽ അല്ലാഹു ഇന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നതായി കാണാം.

നമുക്ക് മുഹമ്മദ് ബക്കർ മുസ്തഫാ സാഹിബിന്റെ വാക്കുകൾ നേരിട്ട് കേൾക്കാം. അദ്ദേഹം പറയുകയാണ്, ഞാൻ 2008 ലാണ് ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്. ബൈഅത്തിന് ശേഷം അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം ഞാനെന്റെ സ്നേഹിതന്മാർക്ക് എത്തിക്കാറുണ്ട്. പലപ്പോഴും അഹ്മദിയ്യത്ത് സംസാര വിഷയമാകാറുണ്ട്. ജോലി സ്ഥലത്ത് ഭക്ഷണത്തിനുള്ള ഇടവേളകളിൽ ഞങ്ങൾ മതപരമായ പലകാര്യങ്ങളും ചർച്ച ചെയ്യാറുണ്ട്. ആ അവസരങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ നിലപാട് ഇങ്ങനെയാണ്, ഇമാം മഹ്ദി(അ) യുടെ വീക്ഷണം ഈ രീതിയിലാണ്, മസീഹ് മൗഊദ്(അ) ഇങ്ങനെയാണ് പറഞ്ഞത് എന്നിങ്ങനെ ഞാനറിയാതെ സ്നേഹിതന്മാരോട് പറഞ്ഞു പോകാറുണ്ട്. അവർക്കെല്ലാം ഞാൻ അഹ്മദിയാണെന്നറിയാം. അവരെല്ലാം തന്നെ ജമാഅത്തിന്റെ ശത്രുക്കളുമാണ്.

ഒരിക്കൽ ഒരു ചർച്ചാവേളയിൽ ഇമാം മഹ്ദി(അ) ഈകാര്യ

ത്തെ കുറിച്ച് ഇങ്ങനെയാണ് പറഞ്ഞത് എന്ന് ഞാൻ പറഞ്ഞതേയുള്ളു, എന്റെ സ്നേഹിതരിൽ ഒരാളായ ഇബ്രാഹിം എന്നോട് വളരെ പരുഷമായി സംസാരിക്കാനും അഹ്മദിയ്യാ ജമാഅത്തിനെ അധിക്ഷേപിക്കാനും തുടങ്ങി. പിന്നീടത് ചീത്തവിളിയിലെത്തി. ഞാൻ പറഞ്ഞു, സാരമില്ല. പ്രവാചകന്മാരുടെ അനുയായികൾക്ക് എന്നും ശത്രുക്കളിൽ നിന്ന് ഇത്തരത്തിലുള്ള കടുത്ത പ്രതികരണങ്ങളാണ് നേരിടേണ്ടി വന്നിട്ടുള്ളത്. നിങ്ങൾ പ്രവാചകന്മാരുടെ ചരിത്രം പരിശോധിച്ചാൽ പ്രവാചകരേയോ അവരുടെ അനുയായികളെയോ ആരുംതന്നെ ഒരിക്കലും പെട്ടെന്ന് സ്വീകരിച്ചതായോ അവരെ പൂമാലയിട്ട് ആനയിച്ചതായോ കാണുകയില്ല. അവരെ ശത്രുക്കൾ എപ്പോഴും ചീത്തവിളിക്കുകയും ശാരീരികമായും മാനസികമായും ദ്രോഹിക്കുകയും മാത്രമേ ചെയ്തിട്ടുള്ളൂ. എന്റെ നാവിലൂടെ ഇത് കേൾക്കേണ്ട താമസം ഇബ്രാഹിം പൊട്ടിത്തെറിച്ച് കൊണ്ട് എന്നേയും ഹദ്റത്ത് മസീഹ് മൗഊദ്(അ) നേയും തെറികൊണ്ടഭിഷേകം ചെയ്തു. ഞാനൊന്നും പറഞ്ഞില്ല. അവരോടൊപ്പം ഇനി ഇരിക്കുന്നതു പോലും തെറ്റാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഞാൻ സംസാരം നിർത്തുകയും അവിടെനിന്ന് എഴുന്നേറ്റ് പുറത്തേക്ക് പോവുകയും ചെയ്തു.

പിറ്റേ ദിവസം സാധാരണ പോലെ എല്ലാവരും ഭക്ഷണ സമയത്ത് ഒത്തു ചേർന്നു. ആ അവസരത്തിൽ തലേ ദിവസം എന്നേയും മസീഹ് മൗഊദിനേയും(അ) ചീത്തവിളിച്ച ഇബ്രാഹിം എന്റെ അടുക്കൽ വന്നു നിന്നു. പിന്നീട് കുനിഞ്ഞ്, എനിക്കൊരു കാര്യം പറയാനുണ്ടെന്ന് എന്റെ ചെവിയിൽ പറയുകയും പുറത്തേക്ക് ചെല്ലാൻ ആവശ്യപ്പെടുകയും ചെയ്തു. ഞാനുടനെ അവനോടൊപ്പം പുറത്തേക്ക് പോയി.

ഇബ്രാഹിം എന്നോട് പറയുകയാണ്, ഞാൻ ഇന്നലെ നിന്നേയും നിന്റെ ഇമാം മഹ്ദിയേയും ചീത്തവിളിക്കുകയും അധിക്ഷേപിച്ച് സംസാരിക്കുകയും ചെയ്ത് പിരിഞ്ഞ ശേഷം എനിക്ക് വല്ലാത്തൊരനുഭവമുണ്ടായി. എന്റെ വീട് (ഫ്ളാറ്റ്) ഒരു കെട്ടിടത്തിന്റെ നാലാം നിലയിലാണ് സ്ഥിതി ചെയ്യുന്നത്. അതിന്റെ സമീപത്ത് വേറെ കെട്ടിടങ്ങളൊന്നും തന്നെ ഇല്ല. ഞാൻ ഇന്നലെ രാത്രി ഭാര്യാമക്കളോടൊത്ത് ടൗണിൽ പോയിരുന്നു. തിരിച്ച് വീട്ടിലെത്തിയപ്പോൾ വീടിന്റെ സ്ഥിതി കണ്ട് ഞാനാകെ അന്ധാളിച്ചു പോയി. വീട്ടിലെ മുഴുവൻ ജനലിന്റേയും ചില്ല് (ഗ്ലാസ്) കതകുകൾ ആരോ തകർത്തിരിക്കുന്നു. ഒരു ഗ്ലാസും ബാക്കിയില്ലാത്തവിധം ആരായിരിക്കാം ഇത് ചെയ്തത് എന്നതിന്ന് യാതൊരു തെളിവോ സൂചനയോ ഇല്ല. ഞങ്ങളുടെ കെട്ടിടത്തിന് അധികം അകലത്തിലല്ലാതെ ഒരു സ്കൂളുണ്ട്. അവിടെ പഠിക്കുന്ന വികൃതികളായ കുട്ടികൾ കല്ലെറിഞ്ഞ് ഗ്ലാസുകൾ ഉടച്ചതായിരിക്കാമെന്ന് ഊഹിച്ചെങ്കിലും സാഹചര്യ തെളിവുകൾ അതിനെതിരാണ്. കല്ലെറിഞ്ഞതാണെങ്കിൽ മറ്റ് ഫ്ളാറ്റുകളുടെ ഗ്ലാസുകളും ഉടയേണ്ടതായിരുന്നു. പക്ഷേ അങ്ങനെ ഒന്നും സംഭവിച്ചിട്ടുമില്ല.

ഇബ്രാഹിം തുടർന്ന് പറയുകയാണ്, നിനക്കറിയാമല്ലോ ഇപ്പോഴത്തെ ശൈത്യം. തകർന്ന ജനൽ വാതിലിലൂടെ ശക്തമായ തണുത്ത കാറ്റ് അടിക്കുന്നതു കാരണം ഉടനെ തന്നെ ഏതെങ്കിലും ഒരു മുറിയുടേതെങ്കിലും ജനൽഗ്ലാസ് ശരിയാക്കാതെ രാത്രി കഴിച്ച് കൂട്ടുക അസാദ്ധ്യമാണ്.എങ്കിൽ എനിക്കും ഭാര്യക്കും മക്കൾക്കും ഒരു മുറിയിൽ ഒതുങ്ങി കൂടാമല്ലോ? ഏതായാലും ഞാൻ ടൗണിലേക്ക് ഓടി. അവിടെ കടകൾ അടച്ചു തുടങ്ങിയിരുന്നു. അടക്കാത്ത കടക്കാരാണെങ്കിൽ എത്രതന്നെ അപേക്ഷിച്ചിട്ടും ഇത്ര വലിയ പണി ഈ വൈകിയ നേരത്ത് ചെയ്യാൻ തയ്യാറല്ല. അങ്ങനെ ഞാൻ ഗ്ലാസിന്റെ ഒരു കടയിൽ നിന്ന് മറ്റൊരു കടയിലേക്ക് ഓടി. ജോലി ചെയ്യാൻ തയ്യാറുള്ള ഒരു കടക്കാരനേയും എനിക്ക് കണ്ടെത്താനായില്ല. അവസാനം നിരാശനായി രാത്രി കുറേ വൈകി ഞാൻ വീട്ടിൽ തിരിച്ചു വന്നു. അന്ന് ഞാനും ഭാര്യയും മക്കളും തുറന്ന മൈതാനത്ത് കിടക്കുന്നതു പോലെ കമ്പിളിയും ലിഹാഫും പുതച്ചെങ്കിലും വിറച്ച് വിറച്ച് രാത്രി കഴിച്ചു കൂട്ടി. എന്റെ ജീവിതത്തിലെ ഏറ്റവും ഭാഗ്യം കെട്ടതും മോശപ്പെട്ടതുമായ രാത്രിയായിരുന്നു അത്.


ഇബ്രാഹിം തലേ ദിവസത്തെ കാളരാത്രിയുടെ കഥ വിവരിച്ച ശേഷം എന്നോടു ചോദിച്ചു, മുഹമ്മദ് പറയൂ, ഇത് നിന്നേയും നിന്റെ ഇമാം മഹ്ദിയേയും ചീത്തവിളിക്കുകയും പരിഹസിക്കുകയും ചെയ്തതുകൊണ്ടാണെന്ന് നീ കരുതുന്നുണ്ടോ? ഞാൻ പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദ് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) യോട്, അല്ലാഹു 'ഇന്നീ മുഹീനും മൻ അറാദ ഇഹാനതക' (തീർച്ചയായും നിന്നെ എളിമയിലാക്കാൻ വിചാരിക്കുന്നവനെ ഞാൻ എളിമയിലാക്കും) എന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇങ്ങനെ സംഭവിക്കാൻ സാദ്ധ്യത വളരെ കൂടുതലാണ്. അല്ലാഹുവിന്റെ മുർസലീങ്ങളെ നിന്ദിക്കുന്നത് അല്ലാഹു ഒരിക്കലും തന്നെ ഇഷ്ടപ്പെടുകയില്ല. ഇത്തരത്തിൽ മസീഹ് മൗഊദിനെ നിന്ദിക്കാൻ ശ്രമിച്ചവരെ മുൻകാലങ്ങളിൽ അല്ലാഹു എളിമയിലാക്കിയ എത്രയോ സംഭവങ്ങളുണ്ടെന്നും ഞാൻ ഇബ്രാഹീമിനോട് പറഞ്ഞു. ഈ അനുഭവത്തിന് ശേഷം ഇബ്രാഹിം ആകെ മാറി. എന്നോട് വളരെ മാന്യമായും സ്നേഹത്തോടേയും പെരുമാറാൻ തുടങ്ങി. പിന്നീട്ഇബ്രാഹിം ഒരിക്കലും തന്നെ ഹദ്റത്ത് മസീഹ് മൗഊദി (അ)നെ കുറിച്ച് അപമര്യാദയായി സംസാരിച്ചിട്ടില്ല. (തുടരും)

# സംസം നീരിന്റെ വിശുദ്ധിയുള്ള കവിതകൾ

ഡോ. മുബാറക്കാ മുഹമ്മദ് രചിച്ച **തിരുസന്നിധിയിൽ** –(സമയം പബ്ലിക്കേഷൻസ്– വില 40 രൂപ) എന്ന കവിതാ സമാഹാരത്തെപറ്റി പ്രശസ്ത കവിയും നിരൂപകനുമായ ലേഖകൻ എഴുതുന്നു.

**കെ. ടി രാധാകൃഷ്ണൻ കൂടാളി**

വർത്തമാന കവിതകളുടെ മരുഭൂമിയിൽ നമുക്ക് ലഭിച്ചൊരു സുകൃതമാണ് ഡോ. മുബാറക്കാ മുഹമ്മദിന്റെ തിരുസന്നിധിയിൽ എന്ന കവിതാ സമാഹാരം. വൃത്തനിബദ്ധവും സാരള്യവും ഓജസ്സും നിറഞ്ഞൊരു കവിതാശൈലിയാണ് ഡോക്ടറുടേത്. ഇത്തരം കവിതകൾ ഇന്ന് അന്യമായികൊണ്ടിരിക്കുകയാണ്. പുസ്തകത്തിന് അവതാരിക എഴുതിയിട്ടുള്ളത് സമയം മാസികയുടെ എഡിറ്ററായ പ്രൊഫ. ബി . മഹ്മൂദ് അഹ്മദ് ആണ്. അദ്ദേഹത്തിന്റെ സൂക്ഷ്മ സ്പർശിയായ അവതാരികയിൽ കുറിച്ചത് പോലെ വിശുദ്ധിയുടെ നക്ഷത്രങ്ങളിൽ കോർത്ത പ്രാർഥനയുടെ ജപമാല കൊണ്ട് ഭാസുരമാക്കുന്ന ഈ കവിതകൾ തീർച്ചയായും മലയാള കവിതക്ക് ലഭിച്ച ഒരുപഹാരമാണ്. ഈ വാക്കിന്റെ അന്വർഥത 'തിരുസന്നിധിയിൽ' എന്ന കവിതതൊട്ട് 'അന്ത്യാഭിലാഷം' വരെ നീണ്ടു കിടക്കുന്ന പതിനഞ്ച് കവിതകൾ നമുക്ക് വ്യക്തമാക്കിത്തരും. ഡോക്ടറായ കവയിത്രിയുടെ മനസ്സിലൂടെ ഒഴുകുന്ന കവിതയുടെ വിശുദ്ധജലം വിടർത്തിയ ഈ സ്വർഗീയ പൂക്കളുടെ അനവദ്യ സൗന്ദര്യ സൗരഭ്യധോരണിയിൽ അനുവാചക ഹൃദയം കാവ്യാനുഭൂതിയുടെ നിർവൃതിദായകമായ പ്രതലങ്ങളിലൂടെ സഞ്ചരിക്കുമെന്ന കാര്യത്തിൽ സംശയം ഒട്ടുമില്ല. തിരുസന്നിധിയിൽ എന്ന ഇതിലെ പ്രഥമ കവിത തന്നെയെടുക്കുക. ഇതിലെ ദീർഘമായൊരു കവിത കൂടിയാണിത്. അനശ്വര യശസ്സിന്റെ പ്രഭാപൂരം പരത്തി ഇന്നും വിളങ്ങി നിൽക്കുന്ന മുഹമ്മദ് നബിയെ ക്കുറിച്ചുള്ളൊരു വിജ്ഞാന കാവ്യമാണിത്. അന്നത്തെ ഇരുണ്ട




അറേബ്യൻ സമൂഹത്തിൽ ദുർനടപ്പുകാർക്ക് നല്ല നടപ്പിന്റെ പ്രകാശ പൂർണമായ വഴിത്താര കാണിച്ചുകൊടുത്ത പ്രവാചകനാണദ്ദേഹം.

കവി ഈ വരികളിലൂടെ മുഹമ്മദിന്റെ സാംഗത്യം തെളിയിച്ചു തരുന്നു.

പ്രാർഥനാ നിർഭരങ്ങളായ് നിശാവേളകൾ

അങ്ങയുടെ തിരുമുഖം ദർശിച്ചിടുന്ന മാത്രയിൽ

അവനീശൻ സ്വയം മുന്നിൽ വന്നണഞ്ഞപോൽ

കോമളമീ ഗാത്രത്തിൽ നിന്നുതിർന്നീടും
സുഗന്ധത്താൽ

കോൾമയിർ കൊണ്ടീടുന്നിതാ സപ്ത നാഡിയും

സംപൂജ്യനാമങ്ങയുടെ സവിധത്തിലണഞ്ഞിടാൻ

സർവ്വവും ത്യജിക്കാനവർ സന്നദ്ധരായി

സൗമ്യശീലനല്ലോ ഭവാൻ സത്യസന്ധൻ
സൽഗുണവാൻ

സർവ്വവും ത്യജിക്കാനവൻ സന്നദ്ധരായി

സൗമ്യശീലനല്ലോ ഭവാൻ സത്യസന്ധൻ
സൽഗുണവാൻ

സ്നേഹധനൻ സർവ്വരേക്കാൾ ആദർശ ധീരൻ

കാണുകയില്ലീവിധമൊരു മാനുഷ പ്രതിഭയെ

കാലചക്ര പ്രവാഹത്തിലൊരു കോണിലും

പ്രവാചകശ്രേഷ്ഠന്റെ നല്ലൊരു തൂലികാചിത്രം ഇതിലൂടെ കവയിത്രി നമുക്ക് വരച്ചു കാണിക്കുന്നു. അക്ഷരതെറ്റുകളുടെ കല്ലുകളൊന്നും തടസ്സപ്പെടുത്താതെ വായനക്കാരുടെ വായനാവീഥി സുഗമമാക്കുന്ന ഈ കവിതാ പദവിന്യാസക്രമം മലയാള ഭാഷാ നൈപുണിയുടെ പ്രതിഭാ വിലാസം വിളിച്ചോതുന്നു. ദൈവത്തെയാരാധിക്കുന്ന ആ മഹദ് ഇഛയ്ക്ക് കീഴ്പ്പെട്ടു ജീവിക്കുന്ന ഒരു സാധ്വിയായ മഹിളാ രത്നം കവിയായാലുള്ള ഗുണങ്ങൾ ഈ കാവ്യസമാഹാരത്തിലെങ്ങും ഒളിപരത്തിക്കിടക്കുന്നു. 'എന്റെ ഓമനയോട്' എന്നൊരു ഹൃദയ ദ്രവീകരണ ക്ഷമമായ ഒരു കവിത ഇതിലുണ്ട്. അംഗവൈകല്യത്തോടെ ഭൂമിയിൽ ജനിച്ച ഒരു കുഞ്ഞിനെ ശുശ്രൂഷിക്കുകയെന്ന ഈശ്വര ദൗത്യത്തിനായാണ് തന്നെ അയച്ചതെന്ന കാഴ്ച്ചപാട് നമ്മുടെ വ്യവഹാര തലത്തിലുള്ള ദൈവ ഭക്തിക്ക് ഒരു വ്യതിയാനം കുറിക്കുന്നു.

സ്വർഗ്ഗലോകത്തിലെ മാലഖയായ നീ

സ്വപ്നങ്ങൾ നെയ്യുമെൻ ജീവിതത്തിൽ

ഓർക്കാപുറത്തെന്റെ ശാന്തമാം ഗേഹത്തിൽ

ഓമനയായി പിറന്നു വീണു.

ഈ കുട്ടിയുടെ ജന്മജാത വൈകല്യത്തെ ഇങ്ങനെ കാണുന്നു.

എന്റെ ദുർവ്വിധിയെ പഴിച്ചുപോയെങ്കിലുമോമനെ

വൈകാതെ ഞാനറിഞ്ഞാ

തന്നോമൽ സൃഷ്ടിക്കൊരമ്മയായീയെന്നെ

തമ്പുരാൻ തന്നെ തിരഞ്ഞെടുത്തോ?

ദൈവം തമ്പുരാൻ തരുന്ന ഏത് അനിഷ്ടങ്ങളേയും ഹൃദയപൂർവം സന്തോഷ സമന്വിതം സ്വീകരിക്കുന്ന ഈയൊരു മനോനില ഒരു യഥാർഥ വിശ്വാസിയുടേതാണെന്നതിൽ സംശയമില്ല. മലയാളത്തിലെ പ്രശസ്തരായ പല കവിയിത്രികളോടുമൊപ്പം സമശീർഷയായി നിൽക്കാനുള്ള ഒരു അർഹത ഡോ. മുബാറക്കക്ക് ഉണ്ടെന്ന് ഇതിലെ കവിതകൾ വായിച്ചാലറിയാം.

## നമസ്കാരം

ഹദീസിൽ വന്നിരിക്കുന്നു. മുസീബത്തുകൾ വന്നു ഭവിക്കുന്നതിന് മുമ്പ് ചെയ്യപ്പെടുന്ന ദുആകളാണ് സ്വീകരിക്കപ്പെടുന്നത്. എന്തെന്നാൽ അപായങ്ങളിൽ ഭയപ്പാടുകളിലും നിറഞ്ഞ അവസ്ഥകളിലാണെങ്കിൽ ഏവർക്കും പ്രാർഥിക്കുവാനും ദൈവ ഭക്തിയിലേക്ക് തിരിയുവാനും സാധിക്കുന്നതാണ്. സമാധാനാവസ്ഥയിൽ പ്രാർത്ഥിക്കുക എന്നതാണ് സൗഭാഗ്യകരമായ സംഗതി. ആപത്തിൽ അകപ്പെട്ടു കഴിഞ്ഞിട്ടുള്ള ജനങ്ങളെ കണ്ടുകൊണ്ട് മനുഷ്യൻ പാഠമുൾക്കൊള്ളേണ്ടതാണ്. അത്തരം അപകടങ്ങൾ തങ്ങളിലേക്കും വ്യാപിക്കുന്നതിന് മുമ്പ് അല്ലാഹുവിന്റെ അഭയത്തിന് കീഴിൽ വന്നിടേണ്ടതാണ്. നമസ്കാരം കൃത്യതയോടെ നിത്യം അനുഷ്ഠിക്കുക. ചിലർ ഒരു നേരം മാത്രം നമസ്കരിക്കുന്നു. നമസ്കാരത്തിന്ന് മാപ്പില്ലെന്നുള്ള കാര്യം നാം ഓർക്കേണ്ടതാണ്. പ്രവാചകന്മാർക്ക് പോലും അതിൽ ഇളവ് നൽകപ്പെട്ടിട്ടില്ല. ഒരു പുതിയ കൂട്ടം ജനങ്ങൾ നബി കരീം (സ) തിരുമേനിയുടെ അടുക്കൽ വന്ന് നമസ്കാരം മാപ്പ് ചെയ്ത് തരണമെന്ന് ആവശ്യപ്പെട്ടതായി ഹദീസിൽ കാണാം. *'ഏതൊരു മതത്തിൽ കർമ്മങ്ങളില്ലെയോ ആ മതം തന്നെയെന്തിന്നാണ് എന്നായിരുന്നു'* എന്നായിരുന്നു അവിടുന്ന് അക്കൂട്ടരോട് പ്രതി വചിച്ചത്. അതിനാൽ ഇക്കാര്യം നല്ല വണ്ണം ഓർമിക്കുക. തങ്ങളുടെ എല്ലാ കർമങ്ങളും അല്ലാഹുവിന്റെ ആജ്ഞകൾക്ക് അനുസൃസ്തമാക്കിതീർക്കുവീൻ.

(മൽഫൂസാത്ത് വാ 1 പേ 172)

# പ്രകൃതി ക്ഷോഭവും ശാസ്ത്ര യാഥാർഥ്യങ്ങളും

മുസാഫിർ



### കേരളത്തിലെ മഹാപ്രളയം

നൂഹ് നബി (അ)യുടെ കാലം അനുസ്മരിപ്പിക്കുന്ന അറ്റമില്ലാത്ത ദുരിതങ്ങൾ സമ്മാനിച്ച പ്രളയക്കെടുതിയിൽ കേരളം വിറങ്ങലിച്ചു നിന്നുപോയി. ദിവസങ്ങളോളം പെയ്ത കനത്ത മഴക്ക് പുറമേ ചരിത്രത്തിലാദ്യമായി കേരളത്തിലെ വൈദ്യുതിബോർഡിന്റെയും ജലസേചന വകുപ്പിന്റേയും നിയന്ത്രണത്തിലുള്ള 80 അണക്കെട്ടുകളിൽ 78 എണ്ണവും തുറന്നു വിട്ടപ്പോൾ നാടും നഗരവും പ്രളയ ജലത്തിൽ മുങ്ങിത്താണു. ജീവൻ രക്ഷിക്കാൻ വാവിട്ടു കരയുന്ന മനുഷ്യരുടെ ദുരിത കാഴ്ച്ചകൾ ഭയാനകമായ ഒരു ദുസ്മരണയായി. വീടും കുടിയും ഉപേക്ഷിച്ച് ഉടുതുണിക്ക് മറുതുണിയില്ലാതെ ഏഴര ലക്ഷത്തോളം ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയേണ്ടിവന്നു. ഇതെഴുതുമ്പോഴും മുഴുവൻ ആളുകൾക്ക് അവരുടെ വീട്ടിലേക്ക് പോകാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ പ്രകൃതി ഇത്രമാത്രം ക്ഷോഭിച്ച് കലിതുള്ളിയ അനുഭവം ആധുനിക കേരളത്തിൽ ഇതിന് മുമ്പുണ്ടായിട്ടില്ല. പ്രകൃതിക്ക് മുമ്പിൽ മനുഷ്യന്റെ നിസ്സഹായാവസ്ഥ മലയാളിക്ക് മഹാപ്രളയം ബോദ്ധ്യപ്പെടുത്തിക്കൊടുത്തു. ഗവൺമെന്റിന്റെ 2018 മെയ് 29 മുതൽ ആഗസ്റ്റ് 20 വരെയുള്ള കണക്ക് പ്രകാരം പ്രളയക്കെടുതിയിൽ മരിച്ചവർ 341 ആണ്. ആയിരക്കണക്കിന് വീടുകൾ പൂർണമായും ഭാഗികമായും തകർന്നു. എണ്ണമറ്റ കന്നുകാലികളും താറാവുകളും മറ്റുവീട്ടുമൃഗങ്ങളും കാട്ടുമൃഗങ്ങളും ചത്തൊടുങ്ങി. മറ്റു നാശനഷ്ടങ്ങൾക്ക് കയ്യും കണക്കുമില്ല. ദുരിതാശ്വാസത്തിന് സൈന്യവും സംസ്ഥാന പോലീസും രംഗത്തുണ്ട്. പ്രധാനമന്ത്രി പ്രളയ ബാധിത പ്രദേശങ്ങൾ സന്ദർശിച്ചു മടങ്ങി. ഏറ്റവും ശ്രദ്ധേയമായ കാര്യം പ്രളയക്കെടുതിയിൽ കേരളത്തെ സഹായിക്കാൻ 700 കോടിരൂപ (ആയിരം ലക്ഷം ഡോളർ) വാഗ്ദാനം ചെയ്ത് മഹാമനസ്കത കാണിച്ച അബൂദാബി കിരീടാവകാശി ആദരണീയനായ ശൈഖ് സായിദ് അൽ നഹിയാന്റെ സഹായ വാഗ്ദാനമാണ്. മാത്രമല്ല ആ വാഗ്ദാന വേളയിൽ ആധുനിക യുഎഇ കെട്ടിപ്പടുക്കുന്നതിൽ മലയാളികളുടെ അഭിമാനത്തെ ഉയർത്തുമാറ് അവരുടെ പങ്ക് ശൈഖ് സായിദ് നന്ദിപൂർവം അനുസ്മരിക്കുകയും ചെയ്തു. ആ മഹാമനസ്കതക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ദരിദ്രമായ നമ്മുടെ സംസ്ഥാനത്തിന് ആശ്വാസകരമായി തീരേണ്ട യുഎഇയുടെ 700 കോടി ചില സാങ്കേതിക പ്രശ്നങ്ങൾ പറഞ്ഞുകൊണ്ട് പിന്നീട് നിഷേധിക്കുകയുണ്ടായി. ദുരിതത്തിലും ദുഃഖവേളയിലും നാം ചോദിക്കാതെ തന്നെ സഹായവും സാന്ത്വനവുമായി വരുന്നവരോട് നിഷേധാത്മക നിലപാട് സ്വീകരിക്കുന്നത് ഏത് നിലപാടിന്റെയും നയത്തിന്റെയും കീഴ്‌വഴക്കങ്ങളുടെയും പേരിലായാലും ഉചിതമാണെന്ന് തോന്നുന്നില്ല.

അന്താരാഷ്ട്ര സഹകരണവും സൗഹൃദവും വർധിപ്പിക്കാനുള്ള മാർഗമായി നാം ഈ സഹായത്തെ കാണുകയാണ് വേണ്ടത്. ഏതായാലും കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 500 കോടിയേക്കാൾ വലിയ ഒരു സംഖ്യ കഷ്ടപാടിൽ വലയുന്ന മലയാളികൾക്ക് നിഷേധിക്കുന്നതിനെതിരെ വ്യാപകമായ പ്രതിഷേധങ്ങൾ ഉയരുകയാണ്.

ദുരന്ത വേളയിൽ മലയാളികൾ പ്രത്യേകിച്ച് മത്സ്യതൊഴിലാളികൾ, സന്നദ്ധ സേവന സംഘടനകൾ, സാധാരണക്കാർ, മാധ്യമങ്ങൾ, ജനപ്രതിനിധികൾ ഗവൺമെന്റുദ്യോഗസ്ഥന്മാർ മുതലായവർ കാണിച്ച ത്യാഗനിർഭരമായ രക്ഷാപ്രവർത്തനങ്ങളും ദുരന്തനിവാരണ പ്രവർത്തനങ്ങളും മാനവൈക്യത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഊർജിതമായി നടക്കുന്ന സർക്കാർ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി നാം പരിപൂർണമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതുണ്ട്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഖലീഫാ തിരുമനസ്സ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) കേരളത്തിലെ പ്രളയത്തെ സംബന്ധിച്ച് അറിയുകയും പ്രളയത്തിൽ നിന്ന് കേരളീയരുടെ രക്ഷക്ക് വേണ്ടി ഹുസൂർ തിരുമനസ്സ് അകമഴിഞ്ഞു പ്രാർഥിക്കുകയും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ അടിയന്തിരമായി ഇടപെടാൻ കേരളാ ജമാഅത്തുകളോട് നിർദേശിക്കുകയും ചെയ്തു, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കീഴിലുള്ള യുവാക്കളുടെയും വയോജനങ്ങളുടെയും സ്ത്രീകളുടെയും എല്ലാ ശാഖാ സംഘടനകളും ജമാഅത്തിന്റെ നിയന്ത്രണത്തിലുള്ള ഹ്യുമാനിറ്റി ഫസ്റ്റ് എന്ന സന്നദ്ധ ജീവകാരുണ്യ സംഘടനയും ദുരന്തനിവാരണ പ്രവർത്തനങ്ങളിലും തുടർന്നുള്ള ഭക്ഷണ വിതരണം, ജലവിതരണം, മറ്റു നിർമാണ പ്രവർത്തനങ്ങൾ, ധന സഹായം വീടുകൾ വൃത്തിയാക്കൽ മുതലായ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തുകൊണ്ടിരിക്കയാണ്.

ഒരു നൂറ്റാണ്ടിനുള്ളിൽ കേരളം കണ്ട ഏറ്റവും വലിയ പ്രളയമായാണ് 2018ലെ ഈ പ്രളയം വിശേഷിപ്പിക്കപ്പെടുന്നത്. ഇതിന് മുമ്പ് കേരളം കണ്ട ഏറ്റവും വലിയ പ്രളയം 1924 ജൂലൈ ആഗസ്റ്റ് മാസത്തിലെ വെള്ളപ്പൊക്കമാണ്. '99 ലെ വെള്ളപ്പൊക്കം' എന്നാണ് ഇത് വ്യാപകമായി അറിയപ്പെടുന്നത്. മലയാളത്തിലെ കൊല്ലവർഷം 1099 ലാണ് ആ സംഭവം. അതുകൊണ്ടാണ് '99 ലെ വെള്ളപ്പൊക്കം' എന്ന വിശേഷണം. 1099 കർക്കിടക മാസം ഒന്നിന് തുടങ്ങി മൂന്നാഴ്ച്ചയോളം നീണ്ടു നിന്ന പേമാരിയിലും പ്രളയത്തിലും കേരളത്തിലെ താഴ്ന്ന ഭാഗങ്ങൾ മുഴുവൻ മുങ്ങിപ്പോയി. അന്ന് 3368 mm മഴപെയ്തപ്പോൾ 1000 പേർ മരിച്ചതായാണ് ഒരു ഏകദേശ കണക്ക്. ജീവൻ രക്ഷാപ്രവർത്തനത്തിനുള്ള ആധുനിക സജ്ജീകരണങ്ങളോ വാർത്താവിനിമയ ഉപാധികളോ കണക്കെടുക്കാനുള്ള സംവിധാനങ്ങളോ പ്രത്യേക ഏർപ്പാടുകളോ അന്നുണ്ടായിരുന്നില്ല. തെക്കൻ കേരളത്തിലെയും തെക്കേ മലബാറിലേയും പല പുഴകളിലും തോടുകളിലും മൃതദേഹങ്ങൾ ഒഴുകി നടക്കുന്ന കാഴ്ച്ച ഭയാനകമായിരുന്നു എന്ന് പഴമക്കാർ പറയുന്നു. എന്നാൽ ഇപ്പോഴുണ്ടായ പ്രളയത്തിൽ ആളുകളുടെ സഹകരണവും ആധുനിക വാർത്താവിനിമയ സംവിധാനങ്ങളും രക്ഷാപ്രവർത്ത സജ്ജീകരണങ്ങളും കാരണം മരണ നിരക്ക് വളരെയേറെ കുറക്കുവാൻ നമുക്ക് കഴിഞ്ഞു.

ദൈവാനുഗ്രഹത്താൽ ഇന്ത്യയിലെ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് കേരളത്തിലെ കാലാവസ്ഥ വളരെ ഭിന്നവും സുഖകരവുമാണ്. കേരളത്തിന്റെ ഭൂമിശാസ്ത്ര പ്രത്യേകത കൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഭൂമധ്യരേഖയോടടുത്ത് ഉഷ്ണ മേഖലാ പ്രദേശത്താണ് കേരളം സ്ഥിതിചെയ്യുന്നത്. എങ്കിലും പടിഞ്ഞാറ് 580 കിലോ മീറ്റർ അറബിക്കടലും തെക്കു മുതൽ വടക്കുവരെ ഇടമുറിയാത്ത ഒരു മതിൽ പോലെ നീണ്ടു കിടക്കുന്ന അനുഗൃഹീതമായ പശ്ചിമഘട്ട മലനിരകളുമാണ് കേരളത്തിൽ ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് സുഖപ്രദമായ കലാവസ്ഥ സൃഷ്ടിക്കുന്നത്. മേയ് അവസാനത്തിനും ജൂൺ ആദ്യപകുതിക്കുമിടക്ക് നാം ഇടവപ്പാതി എന്ന് പറയുന്ന തെക്ക് പടിഞ്ഞാറൻ മൺസൂൺ അഥവാ കാലവർഷവും അതുപോലെ ഒക്ടോബർ മദ്ധ്യത്തോടെ ആരംഭിക്കുന്ന തുലാവർഷവും കൊണ്ട് കേരളം ജലസമൃദ്ധമാകുന്നത് പ്രധാനമായും പശ്ചിമഘട്ടം ഉള്ളത്കൊണ്ടാണ്. പശ്ചിമഘട്ടം ഇടക്ക് മുറിയുന്നത് പാലക്കാട്ടെ വാളയാറിലാണ്. വാളയാർ ചുരം എന്ന ഒരു ഇടനാഴിയുള്ളതിനാൽ പാലക്കാട് മാത്രമാണ് കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് വരണ്ട കാലാവസ്ഥയുള്ളത്. അങ്ങനെ സുഖശീതളമായി ഒരു കാലാവസ്ഥയുടെ തണലിലാണ് കേരളം. ആ കേരളാ കാലാവസ്ഥയാണ് ഇപ്പോൾ പ്രക്ഷുബ്ധമായിരിക്കുന്നത്.

ഇപ്പോഴത്തെ പ്രളയത്തിന് ഒരു പരിധിവരെ നമ്മുടെ അശ്രദ്ധയും അവധാനതക്കുറവുമാണ് കാരണം. ഇത് വരെ കേരളം ഭരിച്ച സർക്കാരുകൾക്കും ഇതിൽ പങ്കുണ്ട്. ചരിത്ര പഠനമടക്കം വിശദമായ ഗവേഷപഠനങ്ങളും ഡാം തകർന്നാലുണ്ടാകുന്ന ദുരന്തങ്ങളെ പറ്റിയുള്ള ഡാം ബ്രെക്ക് അനാലിസിസ് പോലെയുള്ള കമ്പ്യൂട്ടർ പഠനങ്ങളും ഇത്വരെ നാം നടത്തിയിട്ടില്ല. സാധാരണ ഗതിയിൽ സാമാന്യം വലിയ അതിവർഷത്തെ തുടർന്നുള്ള പ്രളയം ഇല്ലാതാക്കാൻ കെൽപ്പുള്ള 44 നദികൾ കേരളത്തിൽ ദൈവം നമുക്ക് തന്നനുഗ്രഹിച്ചിട്ടുണ്ട്. പശ്ചിമ ഘട്ടത്തിൽ നിന്നും കിഴക്കോട്ടൊഴുകുന്ന

കബനി, ഭവാനി, പമ്പാർ എന്നീ മൂന്ന് നദികളൊഴികെ ബാക്കിയെല്ലാം വലിയ ജലശേഖരത്തെപ്പോലും പടിഞ്ഞാറോട്ട് അറബിക്കടലിലേക്ക് ഒഴുക്കിവിടുന്നവയാണ്. ആ നദികളിൽ ഡാമുകൾ നിർമ്മിച്ച് നിറയുന്നത് വരെ കാത്തിരുന്ന് പെട്ടെന്ന് ഷട്ടറുകൾ തുറന്ന് വെള്ളം ഒഴുക്കിയതാണ് പ്രളയത്തെ മാരകമാക്കി മാറ്റിയത്. വൈദ്യുതി ആവശ്യത്തിന് തീർച്ചയായും ഡാം ആവശ്യമാണ്. ഭൂമിയിലുണ്ടാക്കുന്ന അണക്കെട്ട് പോലെയുള്ള വൻ നിർമിതികൾക്ക് മുമ്പ് അതിവിപുലവും സൂക്ഷ്മവും ജാഗ്രവത്തുമായ പഠനങ്ങളും പൂർവകാല ചരിത്രപഠനവും ആസൂത്രണങ്ങളും അനിവാര്യമാണ് എന്നാണ് ഈ ദുരന്തം നമ്മെ ഓർമിപ്പിക്കുന്നത്. പല നദികളിലും ഡാം കെട്ടുന്നതിന് മുമ്പ് വെള്ളം കയറിയിരുന്ന പ്രദേശങ്ങളിൽ കുറെക്കാലമായി വെള്ളം കയറാറില്ല. അത് കാരണം ഇപ്പോൾ അവിടങ്ങളിലെല്ലാം ജനവാസ മേഖലകളാണ്. അവിടെയാണ് ഇപ്പോൾ വെള്ളം ഇരച്ചെത്തിയത്. ഒരുവഴിപാട് പോലെ നടത്തുന്ന കാലാവസ്ഥ പ്രവചനം കൂടുതൽ സൂക്ഷ്മവും ശാസ്ത്രീയവും കണിശവുമാക്കണം. അത് ഡാം മാനേജ്മെന്റുമായി സഹകരിച്ച് ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളുമായി ഏകോപിപ്പിച്ച് നിർവഹിക്കണം. ഡാം മാത്രം കേന്ദ്രീകരിച്ചുള്ളതാകരുത് എന്ന സന്ദേശമാണ് ഈ പ്രളയം നൽകുന്നത്. ശക്തമായ മഴപെയ്യുമ്പോൾ അതെല്ലാം വൈദ്യുതിയാക്കി മാറ്റാം എന്ന ലാഭക്കൊതിയോടെ ഡാം നിറയുന്നത് വരെ കാത്തിരുന്ന് പെട്ടെന്ന് വെള്ളം തുറന്ന് വിട്ടതാണ് പ്രളയം ഇത്ര രൂക്ഷമാവാനും 20,000 കോടിയുടെ നഷ്ടമുണ്ടാവാനും കാരണമായത് എന്നാണ് വിദഗ്ധരുടെ വിമർശനം. അതുപോലെ അനിയന്ത്രിതമായി കരിങ്കൽ ക്വോറികളുടെ പ്രവർത്തനം മണ്ണിടിച്ചിലിന് കാരണമാകും. ക്വോറികളിൽ കരിങ്കല്ലിന് വേണ്ടി വെടിപൊട്ടിക്കുമ്പോൾ ദൂരദേശങ്ങളിൽ വരെ എത്തുന്ന ആഘാത തരംഗങ്ങൾ മൂലം പാറക്കെട്ടുകളിൽ ഉണ്ടാവുന്ന വിള്ളലുകളിലൂടെ മഴക്കാലത്ത് വെള്ളം അരിച്ചിറങ്ങിയാണ് മണ്ണിടിച്ചിലും ഉരുൾ പൊട്ടലും ഉണ്ടാകുന്നത്.

## കാലാവസ്ഥാ വിജ്ഞാനീയവും നമ്മുടെ പരിമിതികളും

കാലവസ്ഥ വിജ്ഞാനീയം (Climatology) എന്നത് ചലനാത്മകവും ചഞ്ചലവുമായ നിരവധി ഭൗമ ഘടകങ്ങളുടെ പഠനമാണ്. കാലാവസ്ഥ സംബന്ധമായ കാര്യങ്ങൾ വിശദമാക്കാനാവശ്യമായ മലയാള പദങ്ങളുടെ അപര്യാപ്തത ഈ ശാസ്ത്രശാഖക്ക് സാധാരണക്കാർക്കിടയിൽ ചില അവ്യക്തതകളുണ്ടാക്കുന്നുണ്ട്. ഉദാഹരണത്തിന് ഇംഗ്ലീഷിൽ Climate, Weather എന്നീ പദങ്ങൾ അന്തരീക്ഷത്തിന്റെ ദീർഘവും ഹ്രസ്വവുമായ രണ്ട് അവസ്ഥകളെ സൂചിപ്പിക്കാനാണ് പ്രയോഗിക്കുന്നത്. മലയാളത്തിൽ പലപ്പോഴും രണ്ടവസ്ഥക്കും കാലാവസ്ഥ എന്ന ഒരൊറ്റ പദമാണ് ഉപയോഗിക്കാറ്. വാസ്തവത്തിൽ ഒരു സ്ഥലത്തെ ദീർഘകാലത്തെ സ്ഥിരമായ അന്തരീക്ഷത്തിന്റെ ഭൗതികാവസ്ഥയെ സൂചിപ്പിക്കാനാണ് ക്ലൈമറ്റ് (Climate) എന്ന പദം ഉപയോഗിക്കാറ്. അതായത് ഒരു സ്ഥലത്തെ ശരാശരി ഭൗതികാവസ്ഥ, ഭൂമിയുടെ ചരിവും ചലനവും ആകൃതിയും മൂലമുണ്ടാകുന്ന സൂര്യപ്രകാശത്തിന്റെ അളവ് ഭേദങ്ങൾ, സമുദ്രവുമായുള്ള സാമീപ്യം, സമുദ്രത്തിനകത്തെ ചൂടും തണുപ്പുമുള്ള ജലപ്രവാഹങ്ങൾ, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, ഭൂമദ്ധ്യരേഖയിൽ നിന്നുള്ള അകലം, മലകളും സമതലങ്ങളുമുണ്ടാക്കുന്ന ഭൂതലത്തിലെ ഉയർച്ച താഴ്ചകൾ, പർവതങ്ങളുടെ സാന്നിദ്ധ്യം, കാറ്റിന്റെ ഗതിവേഗങ്ങൾ, മുതലായവയാണ് ക്ലൈമറ്റ് അഥവാ കാലാവസ്ഥ രൂപപ്പെടുത്തുന്ന സ്ഥിരസ്വഭാവമുള്ള ഘടകങ്ങൾ. എന്നാൽ വെതർ (Weather -അന്തരീക്ഷസ്ഥിതി) അസ്ഥിരവും നിരന്തരം മാറിക്കൊണ്ടിരിക്കുന്നതുമാണ്. അത് കുറഞ്ഞ കാലത്തേക്കുള്ള അന്തരീക്ഷാവസ്ഥയെ സൂചിപ്പിക്കുന്നു. മഴ, മഞ്ഞ്, താപനില, അന്തരീക്ഷത്തിലുണ്ടാകുന്ന ന്യൂനമർദം, മേഘാവരണം, കാറ്റ് തുടങ്ങിയ ഘടകങ്ങളെല്ലാം സൃഷ്ടിക്കുന്ന അന്തരീക്ഷാവസ്ഥയാണ് ഇത്. ഏതാനും മിനുട്ട് മുതൽ പരമാവധി ഒരു മാസം വരെയുള്ള വേഗത്തിലുള്ളതും ചലനാത്മകവുമായ അന്തരീക്ഷ വ്യതിയാനങ്ങളെ സൂചിപ്പിക്കാനാണ് വെതർ എന്ന പദം ഉപയോഗിക്കുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ ഈ രണ്ട് അന്തരീക്ഷാവസ്ഥയേയും പ്രതിഭാസത്തെയും സൂചിപ്പിക്കാൻ മലയാളത്തിൽ കാലാവസ്ഥ എന്ന ഒരൊറ്റ പദം മാത്രമേ ഉള്ളൂ. അതുപോലെ വെതർ ഫോർകാസ്റ്റിങ്ങ് Weather Forcasting എന്നതിന് കാലാവസ്ഥ പ്രവചനം എന്ന പദത്തിലെ ചഞ്ചലാവസ്ഥ സൂചിപ്പിക്കാനുതകുന്നതല്ല. സർവോപരി ജനങ്ങളിൽ അവിശ്വാസം ജനിപ്പിക്കുന്ന രീതിയിലുള്ള അധികൃതരുടെ സൂക്ഷ്മരഹിതവും നിരുത്തരവാദപരവുമായ കാലവസ്ഥാ അറിയിപ്പുകൾ പറഞ്ഞ പ്രകാരം നടക്കാത്ത കാര്യങ്ങൾ കാലാവസ്ഥ പ്രവചനം പോലെ എന്ന ഒരു ചൊല്ലു പോലും നമ്മുടെ ഭാഷയിൽ രൂപപ്പെടുത്തിയിരിക്കുന്നു.

## കാലാവസ്ഥ പ്രക്ഷുബ്ധമാവുന്നതെന്ത് കൊണ്ട്?

സ്ഥിരതയുള്ള കാലാവസ്ഥ സന്തുലനാവസ്ഥയിൽ നിന്ന് ഭിന്നമായി പ്രക്ഷുബ്ധമായി പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാവുന്നത് എന്ത് കൊണ്ട്? ഇതിന് മനുഷ്യകരങ്ങളുടെ പങ്ക് നിർണായകമാണ്. ഭൂമിയുടെ കാലവസ്ഥയെ പ്രക്ഷുബ്ധമാക്കുന്ന ഘടകങ്ങളെ രണ്ടായി തരം തിരിക്കാവുന്നതാണ്. ഒന്ന് മനുഷ്യകൃതം (Anthropogenic), രണ്ടാമത്തേത് പ്രകൃതിപരം (Natural). ഭൂമിയിലേക്ക് കടന്നുവരുന്ന

സൂര്യപ്രകാശത്തിന്റെയും ഊർജ ത്തിന്റെയും സ്വാഭാവിക പ്രവർത്തന ത്തെ ബാധിക്കുന്ന രീതിയിൽ അന്തരീക്ഷത്തിന്റെ ഘടന മനുഷ്യ ൻ മാറ്റിമറിക്കുന്നതാണ് മനുഷ്യകൃ ത കാരണങ്ങൾ. ഇപ്പോഴത്തെ നിരന്തരമായ പ്രകൃതിക്ഷോഭങ്ങൾ ക്ക് ഒരു പ്രധാന കാരണം അതാണ്. മനുഷ്യകരങ്ങൾക്ക് അതീതമായ ഭൗമികവും ഗോളാന്തരീയവും പ്രാപഞ്ചികവുമായ പ്രതിഭാസങ്ങ ളും ഭൗമപ്രകൃതിയുടെ നാം അറിയുന്ന സന്തുലനാവസ്ഥയെ ബാധിക്കുകയും പ്രക്ഷുബ്ധമാക്കു കയും ചെയ്യുന്നു. പക്ഷേ അത് പ്രകൃതിയുടെ സ്വാഭാവിക പരിണാമ ത്തിന്റെ ഭാഗമാണ്. ഇങ്ങനെ രണ്ട് വിധത്തിലും പ്രകൃതിക്ഷോഭങ്ങൾ സംഭവിക്കുന്നു. വാസ്തവത്തിൽ ഈ അസന്തുലിതാവസ്ഥ വീണ്ടെ ടുക്കാനുള്ള പ്രകൃതിയുടെ ശ്രമത്തി ന്റെ ഭാഗമാണ് പ്രക്ഷുബ്ധാവസ്ഥ അഥവാ പ്രകൃതിക്ഷോഭങ്ങൾ. 250 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച വ്യവസായവത്ക്കരണത്തിന് ശേഷമുണ്ടായ അന്തരീക്ഷ പഠന ങ്ങൾ ഇത് തെളിയിക്കുന്നു. ദൈവം ബുദ്ധി തന്ന മനുഷ്യൻ പ്രകൃതി യിലുണ്ടാകുന്നതും അല്ലാത്തതു മായ നിയമങ്ങൾ മനസ്സിലാക്കുക യും അതിലുണ്ടാകുന്ന മാറ്റങ്ങൾ നേരത്തെ കണ്ടറിഞ്ഞ് രക്ഷാവഴി കൾ കണ്ടെത്തുകയും വേണം. വാസ്തവത്തിൽ പ്രക്ഷുബ്ധാസ്ഥ യും പ്രയാസങ്ങളും ബുദ്ധിമുട്ടു കളും പ്രതിസന്ധികളും അത് സൃഷ്ടിക്കുന്ന ആവശ്യങ്ങളുമാണ് മനുഷ്യന്റെ പുരോഗതിക്ക് കാരണ മെന്ന് സൂക്ഷ്മമായി നോക്കിയാൽ കാണാം.

ഭൗമ പ്രകൃതിയെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് ഗോളാന്തരീയ മായ ഒരു സംവിധാനത്തിന്റെ ഭാഗമായാണ്. അത് മനുഷ്യൻ വിവേകപൂർവം കൈകാര്യം ചെയ്യ ണമെന്നാണ് വിശുദ്ധ ഖുർആന്റെ കൽപ്പന. അല്ലാഹു പറയുന്നു: ***ആകാശത്തെ അവൻ ഉയർത്തുക യും സന്തുലനം (മീസാൻ) സ്ഥാ പിക്കുകയും ചെയ്തു. നിങ്ങൾ (ആ) സന്തുലനത്തിൽ അതിക്രമം പ്രവർത്തിക്കാതിരിക്കാൻ വേണ്ടി. നിങ്ങൾ നീതിപൂർവം തുലനം നിലനിർത്തുക. അതിൽ കുറവ് വരുത്തരുത്. ഭൂമിയെ എല്ലാജീവ ജാലങ്ങൾക്കും വേണ്ടി സൃഷ്ടിച്ചു. (55: 8-11)***

ഭൂമി മനുഷ്യന് വേണ്ടി മാത്ര മല്ല എല്ലാ ജീവജാലങ്ങൾക്കും വേണ്ടിയാണ് സൃഷ്ടിച്ചത് എന്ന വചനവും വളരെ ശ്രദ്ധേയമാണ്. അന്യജീവജാലങ്ങളുടെ അവകാ ശം അനുവദിച്ച്കൊണ്ടാണ് മനുഷ്യ ൻ ഭൂമിയിൽ ജീവിക്കേണ്ടത് എന്ന പാരിസ്ഥിതിക പ്രാധാന്യമുള്ള വലിയ ഒരു സന്ദേശമാണ് ഖുർആ ൻ ഇവിടെ നൽകുന്നത്. മനുഷ്യന്റെ പ്രവർത്തനം മൂലം അന്തരീക്ഷത്തി ന്റെ സന്തുലന വ്യവസ്ഥ തെറ്റുന്നു എന്നത് വളരെ സ്പഷ്ടമാണ്. ഇതാണ് ഇപ്പോഴുണ്ടാകുന്ന നിരന്ത രമുള്ള പ്രകൃതിയുടെ ക്ഷോഭത്തിന് മുഖ്യകാരണങ്ങളിലൊന്ന് എന്ന കാര്യവും വ്യക്തമാണ്. വാഹന ങ്ങളിൽ ഉപയോഗിക്കുന്ന ഫോസി ൽ ഇന്ധനങ്ങൾ കത്തിക്കുമ്പോൾ വൻതോതിൽ അന്തരീക്ഷത്തിലേക്ക് പുറത്ത് വിടുന്ന കാൺബൺ ഡയോക്സൈഡ്, ഇത് കൂടാതെ മീഥൈൻ നൈട്രസ് ഓക്സൈഡ്, ഓസോൺ, നീരാവി എന്നീ വാതകങ്ങളും അന്തരീക്ഷത്തിന്റെ അനുപാതവും താളക്രമവും തെറ്റിക്കുന്നു. ഭൂമിയിൽ പതിക്കുന്ന പ്രകാശ കിരണങ്ങൾ പ്രതിഫലിച്ച് അന്തരീക്ഷത്തിൽ നിന്ന് പുറത്ത് പോകാതെ അത് ഭൗമാന്തരീ ക്ഷത്തിൽ തന്നെ ആഗിരണം ചെയ്യപ്പെടുകയും ഭൂമിയുടെ അന്തരീക്ഷ താപം വർധിക്കുകയും ചെയ്യുന്നു. ഇതിനെയാണ് ആഗോള താപനം എന്ന് പറയുന്നത്. ഇതിന് കാരണം മേൽപറഞ്ഞ വാതകങ്ങ ളാണ്. ഹരിതഗൃഹ പ്രഭാവം (Greenhouse effect) എന്നാണ് ഈ പ്രതിഭാസം അറിയപ്പെടുന്നത്. തണുപ്പ് രാജ്യങ്ങളിൽ ചൂടുനില നിർത്താൻ കൃഷിയിടങ്ങൾക്ക് മുകളിൽ ഒരു ആവരണമുണ്ടാക്കി ചൂട് നിലനിർത്തുന്ന രീതിയിൽ നിന്നാണ് ഹരിതഗൃഹ പ്രഭാവം എന്ന വിശേഷണം ഉണ്ടായത്. ഇങ്ങനെ ചൂടുകൂടിയ അന്തരീക്ഷം മൂലം ആവശ്യത്തിലധികം ഭൂമിയി ലെ ജലം ബാഷ്പീകരിക്കപ്പെട്ട് മേഘങ്ങൾ രൂപീകരിക്കപ്പെടുന്നു. ചൂട് മൂലമുള്ള വായുപ്രവാഹ ത്തിന്റെ ഫലമായി ന്യൂനമർദത്തിന് കാരണ മാകുകയും ചെയ്യുന്നു. ഇത് കാറ്റിന്റെ ഗതിക്രമം തെറ്റിക്കു കയും അന്തരീക്ഷത്തിന്റെ സന്തുല നം തെറ്റി കാലാവസ്ഥ വ്യതിയാനം അതിവർഷവും, വരൾച്ചയും കാലം തെറ്റിയുള്ള മഴയും ഉണ്ടാക്കുന്നു. അതുപോലെ തന്നെ വൻതോ തിലുള്ള വനനശീകരണവും കാലാ വസ്ഥയെ ബാധിക്കുന്നു. ഭൂമീലെ കാർബൺ ഡയോക്സൈഡ് ചെടി കളും വൃക്ഷങ്ങളും ആഗിരണം ചെയ്ത് കാലവസ്ഥാ സന്തുലനം നിലനിർത്താൻ സഹായിക്കുന്ന ഘടകങ്ങളാണ്. ഭൂമിയിലെ 70 ശതമാനം ജീവികളും വസിക്കുന്ന ത് കാടുകളിലാണ്. വനനശീകര ണത്തിലൂടെ അവയുടെ ആവാസ വ്യവസ്ഥ നഷ്ടപ്പെടുകയും ചെയ്യുന്നു. ഖുർആൻ പറയുന്നു:

***'മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവി പ്പിക്കുന്നു.' (30:42)***

പ്രകൃതിക്ഷോഭത്തിന് തീർച്ചയായും മനുഷ്യകരങ്ങൾ ക്കതീതമായ പ്രകൃതി പരമായ കാരണങ്ങളുമുണ്ട്. സൂര്യനിൽ നിന്നുള്ള ഊർജപ്രവാഹമാണ് ഭൂമിയിലെ എല്ലാ കാലാവസ്ഥാ പ്രവർത്തനങ്ങൾക്കും ജൈവ പ്രവർത്തനങ്ങൾക്കും ആധാരം. അത് ചാക്രികമായി ഏറിയും കുറഞ്ഞുമിരിക്കും. അത് ഭൂമിയിൽ പ്രതിഫലിക്കുകയും ചെയ്യും. സൂര്യൻ ഭൂമിയെ ചുറ്റുമ്പോൾ ദശലക്ഷക്കണക്കിന് വർഷങ്ങൾ

കൊണ്ട് ഭ്രമണ വൃത്തത്തിലുണ്ടാകുന്ന മാറ്റങ്ങൾ മുതൽ സൂര്യനിലുണ്ടാകുന്ന ദൈനം ദിന മാറ്റങ്ങൾ വരെ ഭൂമിയുടെ കാലാവസ്ഥയെ ബാധിക്കുന്നു. സൂര്യനിൽ 11 വർഷങ്ങൾ കൂടുമ്പോൾ പ്രത്യക്ഷമാകുന്ന സൂര്യകളങ്കങ്ങൾ (Sunspots) എന്ന പ്രതിഭാസവും ഭൂമിയിലെ കാലാവസ്ഥയെ ഗണ്യമായി ബാധിക്കുന്നു.

***സൂര്യനും ചന്ദ്രനും ഒരു നിശ്ചിത കണക്കനുസരിച്ച് (സഞ്ചരിക്കുന്നു) ലതകളും വൃക്ഷങ്ങളും (അതിന്) വഴങ്ങുന്നു. (വിശുദ്ധ ഖുർആൻ 55: 6,7)***

ഉദാഹരണത്തിന് 1650നും 1850നും സൂര്യനിൽ നിന്നുമുള്ള ഊർജപ്രവാഹത്തിന്റെ കുറവു മൂലം ഭൂമിയിൽ ഹ്രസ്വകാലം നീണ്ടു നിൽക്കുന്ന ഒരു ഹിമകാലം (Little Ice Age) ആരംഭിച്ചിരുന്നു. വടക്കൻ ധ്രുവത്തോട് തൊട്ടുകിടക്കുന്ന ഗ്രീൻലാന്റിൽ വൻ തോതിൽ ഹിമരൂപീകരണത്തിന് ഇത് കാരണമാകുകയും ആ രാജ്യം ഒറ്റപ്പെട്ടുപോകുകയും ചെയ്തു. ഇതിന് വിപരീതമായി സൂര്യനിൽ നിന്നുള്ള ഊർജ പ്രവാഹം അധികരിക്കുന്നുവെങ്കിൽ ഭൂമിയിൽ ഉഷ്ണകാലവും തീവ്രമാകുന്നു. അത്പോലെ ഭൂമദ്ധ്യരേഖാ പ്രദേശത്ത് സമുദ്രജല പ്രവാഹത്തിന്റെ ചൂട് പൊടുന്നനെ ക്രമാതീതമായി വർധിക്കുകയും ദക്ഷിണേന്ത്യയടക്കം ലോക സ്ഥിരകാലാവസ്ഥയെ തന്നെ തകിടം മറിക്കുന്ന രീതിയിൽ ഗണ്യമായി സ്വാധീനിക്കുകയും ചെയ്യുന്ന പ്രതിഭാസമാണ് എൽനിനോ (El Niño). അതിന് വിപരീതമായി സമുദ്രജലത്തിന്റെ ഊഷ്മാവ് ഗണ്യമായി താഴ്ന്നു തണുത്തു പോകുന്ന പ്രതിഭാസമാണ് ലാനിന (La Niña). ഈ രണ്ട് പ്രതിഭാസങ്ങളും സ്ഥിരമായ ഇടവേളകളിൽ പ്രത്യക്ഷപ്പെടുന്നില്ല. അപ്രവചനീയമായ ഈ രണ്ട് പ്രതിഭാസങ്ങളുടെയും കാരണം പൂർണമായും നിർണയിക്കപ്പെട്ടിട്ടില്ല. കുറഞ്ഞ സമയത്തിനുള്ളിൽ വൻ തോതിലുള്ള കനത്ത മഴക്ക് കാരണമാവുന്ന മേഘസ്ഫോടനമാണ് (Cloudburst) മറ്റൊരു പ്രതിഭാസം. മുകളിലേക്ക് അടരുകളായി നിൽക്കുന്ന ചില പ്രത്യേക തരം മേഘങ്ങളാണ് ദുരന്തങ്ങൾ വിതക്കുന്ന ഇത്തരം മഴയുണ്ടാക്കുന്നത്.

## പ്രകൃതി ദുരന്തങ്ങൾ ദൈവ ശിക്ഷയോ?

അല്ലാഹു സൃഷ്ടിച്ച പ്രകൃതി ഒരു സന്തുലനാത്മക നിയമമനുസരിച്ചാണ് പ്രവർത്തിക്കുന്നത് എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. അത് ലംഘിക്കും വിധം മനുഷ്യൻ ഇടപെടുമ്പോൾ പ്രകൃതി സന്തുലനം നിലനിർത്താൻ പ്രക്ഷുബ്ധമാവുകയും ചെയ്യും. അത് മനുഷ്യന് നാശനഷ്ടങ്ങളുണ്ടാക്കുന്നു. പ്രകൃതി നിയമങ്ങൾ പോലെ ധാർമിക നിയമങ്ങൾക്കും ഇത് ബാധകമാണ്. ധാർമിക ലോകവും ഭൗതികലോകവും സൃഷ്ടിച്ചതും പരിപാലിക്കുന്നതും സ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവാണ്. ദൈവിക ശിക്ഷയെ മനുഷ്യന്റെ രോഗാവസ്ഥയുമായി താരതമ്യം ചെയ്തു കൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നത് കാണുക:

***'രോഗം എന്നാൽ ശരീരം സാധാരണ നിലയിൽ പ്രവർത്തിക്കാത്ത അവസ്ഥയാണ്. ആരോഗ്യം എന്നത് ശരീരത്തിന്റെ സ്വാഭാവിക വ്യവസ്ഥകൾ ഉചിതമായി പ്രവർത്തിക്കുന്ന അവസ്ഥയാണ്. ഒരു മനുഷ്യന്റെ കൈയ്യോ കാലോ മറ്റേതെങ്കിലും ഒരവയവത്തിനോ അതിന്റെ യഥാസ്ഥാനത്ത് നിന്നും വിസ്ഥാപനം സംഭവിക്കുകയാണെങ്കിൽ വേദന അനുഭവപ്പെടുന്നു. ഈയൊരവസ്ഥ ദീർഘനാൾ നിലനിൽക്കുമ്പോൾ അയാളുടെ സ്ഥാനഭംഗം സംഭവിച്ച അവയവം ഉപയോഗശൂന്യമാവുമെന്ന് മാത്രമല്ല മറ്റവയവങ്ങളെയും അത് ബാധിക്കുന്നു. ഇത് തന്നെയണ് ആത്മാവിന്റെ കാര്യത്തിലും സംഭവിക്കുന്നത്. ജീവിതത്തിന്റെ യഥാർഥ സ്റോതസ്സായ ദൈവത്തിൽ നിന്ന് അകലുകയും സത്യസന്ധമായ പ്രകൃതി മതത്തിൽ നിന്ന് ബന്ധം വിഛേദിച്ച് അകലുകയുമാണെങ്കിൽ അയാൾ യാതനകൾ സഹിക്കേണ്ടിവരും. അയാളുടെ ഹൃദയം മരിക്കാതെ അതിന്റെ വേദന നിലനിർത്തുകയാണെങ്കിൽ അയാൾ തീക്ഷ്ണമായ വേദന അനുഭവിക്കുന്നു. ഈയൊരവസ്ഥ പരിഷ്ക്കരണത്തിന് വിധേയമാവുന്നില്ലെങ്കിൽ എല്ലാ ആത്മീയ ഗുണങ്ങളും ക്രമേണ നശിച്ചൊടുങ്ങുമെന്നും കഠിനമായ വേദന അനുഭവിക്കുമെന്നും മനസ്സിലാവുന്നു. അതായത് ഒരു യാതനയും പുറമേനിന്ന് വരുന്നതല്ല. എല്ലാം മനുഷ്യന്റെ ഉള്ളിൽ നിന്നു തന്നെ ഉരുവം കൊള്ളുന്നതാണ്. ദൈവത്തിന്റെ പ്രവർത്തനങ്ങളിൽ അവന്റെ ശിക്ഷയെ ഞങ്ങൾ നിഷേധിക്കുന്നില്ല. പക്ഷേ അത് മനുഷ്യന്റെ കർമങ്ങളുടെ ഫലമായുണ്ടാകുന്നതാണ്. അതായത് ഒരു മനുഷ്യൻ വിഷം കഴിക്കുകയാണെങ്കിൽ അല്ലാഹു അയാളെ കൊല്ലുന്നു. ഇതാണ് അല്ലാഹു വിശുദ്ധ വചനങ്ങളിൽ സൂചിപ്പിക്കുന്നത്.'***

***'അല്ലാഹുവിന്റെ ശിക്ഷ എന്നത് ഒരു അഗ്നിയാണ്. അല്ലാഹു അത് കത്തിക്കുന്നു. അതിന്റെ ജ്വാലകൾ ഉയരുന്നത് മനുഷ്യന്റെ ഹൃദയത്തിൽ നിന്നാണ്.' (04: 7-8)***

***'യഥാർഥത്തിലുള്ള ശിക്ഷയുടെ വിത്ത് ഒരാളുടെ അകൃത്യങ്ങളാണ് എന്നത് വ്യക്തമാണ്. അതാണ് ശിക്ഷയുടെ രൂപമായി മാറുന്നത്.' (മൽഫൂസാത്ത് വാല്യം: 3, പേ:25-30)***

പ്രവാചകന്മാരെ വിശ്വസിക്കാത്തത് കൊണ്ട് മാത്രം ഒരാളെ അല്ലാഹു ശിക്ഷിക്കില്ല. കാരണം സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യം അല്ലാഹു മനുഷ്യന് നൽകിയതാണ്. പക്ഷേ പ്രവാചക നിഷേധത്തോടൊപ്പം അതിക്രമങ്ങൾ പരിധികടക്കുമ്പോൾ അല്ലാഹു ഭൂമിയിൽ തന്നെ

പ്രവാചകന്മാർ മുഖേന മുന്നറിയിപ്പ് നൽകി ശിക്ഷിക്കുക എന്നത് അല്ലാഹുവിന്റെ നിയമത്തിൽ പെട്ടതാണ്, അതായത് പ്രകൃതി നിയമത്തിൽ തന്നെ ഉള്ളടങ്ങിയതാണ് എന്നാണ് വിശുദ്ധ ഖുർആൻ നൽകുന്ന സൂചന. അതേ സമയം എല്ലാ ശിക്ഷകളും ധാർമിക ലംഘനങ്ങളുടെ ഫലമല്ല. ഉദാഹരണത്തിന് ഒരളവിൽ വിഷം കഴിച്ചാൽ മനുഷ്യൻ മരിക്കും എന്നത് ഒരു സാർവത്രിക നിയമമാണ്. അത്കൊണ്ട് എല്ലാ മരണവും വിഷം കഴിച്ചത് കൊണ്ടല്ല ഉണ്ടാകുന്നത് എന്നത്പോലെ അധാർമിക ജീവിതം പരിധി വിടുമ്പോൾ അല്ലാഹു പ്രകൃതി പ്രതിഭാസങ്ങളിലൂടെ ആ മനുഷ്യനെയോ സമൂഹത്തെയോ ശിക്ഷിക്കുന്നതായി മതഗ്രന്ഥങ്ങളും ചരിത്രവും പറയുന്നു. അത്കൊണ്ട് എല്ലാ പ്രകൃതി ദുരന്തങ്ങളും ധാർമിക ലംഘനത്തിന്റെ ഫലമാണെന്ന് പറയുന്നത് ശരിയല്ല. പക്ഷേ എല്ലാ വിധത്തിലുള്ള പ്രകൃതി ദുരന്തങ്ങളും സംഭവിക്കുമ്പോൾ മനുഷ്യന് അതിൽ പാഠമുണ്ട്. അവൻ ആത്മപരിശോധന നടത്താനുള്ള സന്ദർഭമാണിത്. അധാർമിക ജീവിതം നയിക്കുമ്പോൾ അല്ലാഹു ശിക്ഷയിറക്കുന്നു എന്ന ഫോർമുല തങ്ങൾക്ക് ബാധകമാണോ എന്ന ആത്മ പരിശോധന നടത്തണം. നിസ്സഹായനായ മനുഷ്യൻ അല്ലാഹു സൃഷ്ടിച്ച പ്രകൃതിയിലെ നിയമങ്ങളും അല്ലാഹുവിന്റെ യഥാർഥ ധാർമിക നിയമങ്ങളും ലംഘിക്കാതെ ജീവിക്കുകയും അതിൽ പിഴവുണ്ടായോ എന്ന് പരിശോധിക്കാനുള്ള സന്ദേശമാണ് പ്രകൃതി ദുരന്തങ്ങൾ നൽകുന്നത്.

ധാർമിക കുറ്റങ്ങൾക്ക് അദൃശ്യനായ അല്ലാഹു എങ്ങനെ ഇടപെടും എന്നതാണ് നാസ്തികന്മാർ ഉന്നയിക്കുന്ന വാദം. എല്ലാ ഭൗതിക നിയമങ്ങളും നാം അറിഞ്ഞു കഴിഞ്ഞു അല്ലെങ്കിൽ നമുക്ക് അറിയാൻ കഴിയുന്ന നിശ്ചിത നിയമങ്ങൾ പ്രകാരമാണ് സംഭവിക്കുന്നത് എന്നായിരുന്നു ക്ലാസിക്കൽ ഭൗതിക ശാസ്ത്രം ധരിച്ചിരുന്നത്. അതായത് ഒരു വസ്തുവിന്റെ അല്ലെങ്കിൽ ഒരു വ്യൂഹത്തിന്റെ ചലനത്തിന്റെ പ്രാരംഭാവസ്ഥ എത്ര കൃത്യമായി അറിയുന്നുവോ അതേകൃത്യതയോടെ അതിന്റെ ഭാവി അവസ്ഥകളും പ്രവചിക്കാൻ കഴിയുമെന്നാണ് ക്ലാസിക്കൽ ഭൗതിക ശാസ്ത്രം കരുതിയത്. ഈ ശാസ്ത്ര ദർശനത്തിനാണ് നിർണിത തത്ത്വം (Determinism) അഥവാ നിശ്ചിത തത്ത്വം എന്ന് പറയുന്നത്. നിശ്ചിത സിദ്ധാന്തം ക്വാണ്ടം തിയറിയുടെ വരവോടെ ചോദ്യം ചെയ്യപ്പെടുകയുണ്ടായി അതായത് ഒരു ഭൗതിക പിണ്ഡത്തിന്റെ അസ്തിത്വം നിർണയിക്കണമെങ്കിൽ അതിന്റെ സ്ഥാനവും വേഗതയും കൃത്യമായി അറിയേണ്ടതുണ്ട്. എന്നാൽ ഭൗതിക പദാർഥങ്ങളുടെ അതിസൂക്ഷ്മ കണങ്ങളെ ഈ ഭൗതിക മാനദണ്ഡങ്ങൾ ഉപയോഗിച്ച് അളക്കാൻ സാദ്ധ്യമല്ല. ഉദാഹരണത്തിന് ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ഇലക്ട്രോണിന്റെ സ്ഥാനം എത്ര കൂടുതൽ കൃത്യമായി അളക്കാൻ ശ്രമിക്കുന്നുവോ അത്രയും കൂടുതൽ തെറ്റായിരിക്കും അതിന്റെ വേഗത്തെ സംബന്ധിച്ച അറിവ്. അപ്രകാരം വേഗത കൃത്യമായി നിർണയിക്കാൻ ശ്രമിച്ചാൽ സ്ഥാനത്തെ സംബന്ധിച്ച അകൃത്യതായിരിക്കും ഫലം. സ്ഥാനത്തിന്റെയും ചലനത്തിന്റെയും അടിസ്ഥാനത്തിൽ അനിശ്ചിതവും ചലനാത്മകവുമായ നിരവധി ഘടകങ്ങൾ സംയോജിക്കുമ്പോൾ അതിന്റെ ഫലവും ഒരു നിശ്ചിത കാലത്തിൽ സംഭവിക്കുമെന്ന് ഉറപ്പിച്ചു പറയാൻ സാദ്ധ്യമല്ല. ഈ കണ്ടെത്തലോടെ സ്ഥാനത്തിന്റെയും ചലനത്തിന്റെയും അടിസ്ഥാനത്തിലുള്ള പ്രതിഭാസങ്ങൾ പ്രവചിക്കാമെന്ന ഭൗതിക ശാസ്ത്രത്തിന്റെ അവകാശവാദത്തിന് ഇളക്കം തട്ടുകയുണ്ടായി. പദാർഥങ്ങൾ നിർമിച്ചിരിക്കുന്ന അതിസൂക്ഷ്മ കണങ്ങൾ പദാർഥങ്ങളെ സംബന്ധിക്കുന്ന ഭൗതിക നിയമങ്ങൾക്ക് വഴങ്ങുന്നില്ല എന്ന അറിവ് ആധുനിക കാലത്ത് ഭൗതിക ശാസ്ത്രത്തിനേറ്റ മറ്റൊരു പ്രഹരമാണ്. അനിശ്ചിതത്വം, സംഭവ്യത (Probability) അതായയത് സംഭവിക്കുമോ ഇല്ലയോ എന്ന സാധ്യത, സ്ഥാനം നിർണയിക്കാൻ സാധിക്കായ്ക, മുതലായ ശാസ്ത്ര ലോകത്തെ യാഥാർഥ്യങ്ങൾ ഭൗതിക ശാസ്ത്രം അംഗീകരിച്ചു കഴിഞ്ഞു. ഇത്തരം പരികൽപനകളുടെ അടിസ്ഥാനത്തിൽ അനിശ്ചിതത്വം എന്നത് അദൃശ്യങ്ങളിൽ കൂടി വേരുകളുള്ള ഒരു സ്ഥൂല യാഥാർഥ്യമാണെന്ന തിരിച്ചറിവ് ശാസ്ത്രത്തിന് കൈവന്നിട്ടുണ്ട്. ആധുനിക ശാസ്ത്രത്തിൽ ഉടലെടുത്ത കയോസ് സിദ്ധാന്തം അവ്യവസ്ഥാ സിദ്ധാന്തം അതാണ് വ്യക്തമാക്കുന്നത്. എല്ലാം പ്രവചനത്തിന് വിധേയമാണെന്ന നിർണിത ശാസ്ത്രവാദത്തിന്റെ ശവപ്പെട്ടിയിൽ അടിച്ചിറിക്കിയ മറ്റൊരാണിയാണ് കയോസ് (Chaos) സിദ്ധാന്തം. അതായത് ക്രമരഹിതമായ അവസ്ഥയിലെ ക്രമം കണ്ടെത്താനുള്ള ശ്രമമാണ് കയോസ് സിദ്ധാന്തം നടത്തുന്നത്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മീർസാ ത്വാഹിർ അഹ്മദ് (റഹ്) ഈ വിഷയ സംബന്ധമായി പറഞ്ഞ ഉദ്ധരണിയോടെ ഈ കുറിപ്പ് അവസാനിപ്പിക്കാം.

***'ദുരന്തങ്ങളും ദൗർഭാഗ്യങ്ങളും ഭൂകമ്പങ്ങളും ഉണ്ടാകുന്നത് പ്രകൃതിനിയമങ്ങൾ കാരണമാണ് എന്ന കാര്യത്തിൽ അഹ്മദികൾക്ക് ഒരു നിമിഷം പോലും തർക്കിക്കേണ്ടതില്ല. അത് കണിശമായും പ്രകൃതി നിയമങ്ങൾക്കനുസരിച്ചാണ് സംഭവിക്കുന്നത്. അഹ്മദിയ്യാ വിശ്വാസ പ്രകാരം മതത്തിന്റെ ദൈവവും തന്നെയാണ് പ്രകൃതി മാതാവിന്റെയും പ്രപഞ്ചത്തിന്റേയും ദൈവം. പ്രകൃതി നിയമം എന്ന് നാം നിർവചിച്ചിരിക്കുന്ന ദൈവത്തിന്റെ സമ്പൂർണ ഗുണ വിശേഷത്തിനുകീഴിൽ മുൻനിർണി***

*തമായ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് നിർവഹിക്കപ്പെടുന്നത്. മാത്രമല്ല വിശദമായതും ശ്രമകരവുമായ ഗവേഷണങ്ങളിലൂടെ ഇന്ന്വരെ മറഞ്ഞിരിക്കുന്ന നിരവധി രഹസ്യങ്ങൾ മനുഷ്യൻ കണ്ടെത്തുകയുണ്ടായി. ഞങ്ങൾ ഇത്വരെ ഉപരിതലത്തിൽ ഒന്ന് ചുരണ്ടി നോക്കുക മാത്രമാണ് ചെയ്തത് എന്ന് ഈ ഗവേഷകന്മാർ ആദ്യം തന്നെ തുറന്ന് സമ്മതിച്ചിരിക്കയാണ്. കൂടുതൽ കാര്യങ്ങൾ ഇനിയും അറിയാൻ ബാക്കിനിൽക്കുന്നു. ഒന്നാമത്തെ അടിസ്ഥാനത്തെ പറ്റി തന്നെ യാതൊന്നും നിർണയിക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ കാര്യങ്ങളും മറ്റൊരു കാര്യത്തിന്റെ കാരണമായി കാണപ്പെടുന്നു. ഒരു ചൈനാപ്പെട്ടി പോലെ ഒരു കള്ളി തുറക്കുമ്പോൾ അത് മറ്റൊരു കള്ളിയിലേക്ക് നയിക്കുന്നു. മനുഷ്യ ബുദ്ധിയെ സംബന്ധിച്ചിടത്തോളം ഈ കാര്യകാരണ പരമ്പര അനന്തമായി തുരടരുകയാണ്. അത് എവിടെ നിന്നാണ് തുടങ്ങിയത് എവിടെയാണ് അവസാനിക്കുക എന്ന് ആർക്കാണ് അറിയാൻ കഴിയുക.? നാം വിശുദ്ധ ഖുർആന്റെ പാഠങ്ങളെ പറ്റി ചിന്തിക്കുമ്പോൾ ദൈവമാണ് ആദി കാരണത്തിന്റെ പ്രാരംഭകൻ. (അതായത് അവനിലൂടെയാണ് അവന്റെ സൃഷ്ടി പരമ്പര ആരംഭിക്കുന്നത്.) അവനാണ് പര്യവസാനവും (അതായത് അവനിലേക്കാണ് എല്ലാം മടങ്ങുന്നത്) അവനാണ് സ്റോതസ്സ് അവനാണ് അഭയം. ഒരു മുസ്‌ലിം നിരന്തരമായി അനുസ്മരിക്കുന്നത് നാം അല്ലാഹുവിൽ നിന്നുള്ളവരാണ് നാം അവനിലേക്ക് മടങ്ങുന്നവരുമാണ് എന്നാണ്.*

*ഇങ്ങനെ ഉരുവിടുമ്പോൾ നാം മേൽപ്പറഞ്ഞ സങ്കൽപ്പത്തിന്റെ കേന്ദ്രതത്ത്വം ഊട്ടിയുറപ്പിക്കുകയാണ് ചെയ്യുന്നത്. ഈ തത്ത്വങ്ങളുടെ വെളിച്ചത്തിൽ അഹ്മദിയ്യാ സമൂഹം പ്രകൃതി നിയമങ്ങൾ സ്വതന്ത്രമല്ലെന്നും അത് മതനിയമങ്ങളുമായി യാതൊരു ബന്ധമില്ലെന്നും കരുതുന്നില്ല. രണ്ടും അല്ലാഹുവിന്റെ നിയമത്തിന്റെ അവിഭാജ്യ ഭാഗങ്ങളാണ്. ഭൗതിക ലോകത്തുണ്ടാകുന്ന പരിവർത്തനങ്ങൾക്ക് കാരണം പ്രകൃതി നിയമങ്ങളാണെന്ന് സമ്മതിക്കുന്നത് കൊണ്ട് എല്ലാ പ്രകൃതി നിയമങ്ങളും ദൈവത്തിന്റെ ശക്തിയിലും നിയന്ത്രണത്തിലും അത്പോലെ അവന്റെ മുൻ നിർണിതവും മുമ്പേ വിധിക്കപ്പെട്ടതുമായ നിയമത്തിന് കീഴിലാണ് പ്രവർത്തിക്കുന്നത് എന്ന് കരുതുന്നതിൽ യാതൊരു വിധ വൈരുദ്ധ്യവുമില്ല. ദൈവമാണ് എല്ലാ ഊർജത്തിന്റെയും ബലത്തിന്റേയും സ്റോതസ്സ്. ആ ഊർജമാണ് പ്രകൃതിയുടെ എല്ലാ മാറ്റങ്ങൾക്കും പരിവർത്തനങ്ങൾക്കും പിന്നിൽ വ്യാപരിക്കുകയും ഉപയോഗിക്കപ്പെടുകയും ചെയ്യുന്നത്.*

*ദുരന്തങ്ങളും നിർഭാഗ്യങ്ങളും ദൈവത്തിന്റെ പ്രവർത്തിയും അവന്റെ ഇഛയുമാണെന്ന് വിശ്വാസത്തിൽ അഭയം തേടുമ്പോഴും, എല്ലാ ഓരോ പ്രകൃതി ദുരന്തങ്ങളും നാശകരമായ പ്രകൃതി ക്ഷോഭങ്ങളും ദൈവശിക്ഷയുടെയോ താക്കീതിന്റെയോ പ്രതിഫലനമാണെന്ന് അഹ്മദിയ്യാ മുസ്‌ലിം സമൂഹം കരുതുന്നില്ല. അത്തരം നിലപാടുകളുടെ യാഥാർഥ്യം അറിയാതെ നാസ്തികന്മാർ നിരന്തരമായി വിമർശനവും എതിർപ്പും പ്രകടിപ്പിക്കാറുണ്ട്........ഒരു കാര്യം വളരെ വ്യക്തമാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളിൽ നിന്നോ റസൂൽ തിരുമേനി (സ) യുടെ വചനങ്ങളിൽ നിന്നോ വാഗ്ദത്ത മസീഹി(അ) ന്റെ ലിഖിതങ്ങളിൽ നിന്നോ ഇസ്‌ലാം ഒരിടത്തും തന്നെ എല്ലാ പ്രകൃതി ദുരന്തങ്ങളും വിപത്തുകളും ദൈവത്തിന്റെ ആജ്ഞ പ്രകാരമുള്ളതാണെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. (Natural Disasters or Divine Punishment? by Hazrat Mirza Tahir Ahmad, The Review of Religions, December 1993.)*

**അനുസ്മരണം:-**



## അഹ്മദ് താഷ സാഹിബ്

മാത്തോട്ടം ജമാഅത്തിലെ കെ.പി ബശീറുദ്ദീൻ മഹ്മൂദ് സാഹിബിന്റെയും കെ. പി റസീന സാഹിബയുടെയും രണ്ടാമത്തെ മകൻ അഹ്മദ് താഷ (24) 2018 ജൂൺ 19ന് ഒരു കാറപടത്തിൽ വഫാത്തായി (ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ). കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ നിന്ന് BBA LLB പരീക്ഷ പാസ്സായിട്ടുണ്ട്. ശാന്ത സ്വഭാവക്കാരനും മിതഭാഷിയുമായ താഷ കെ. പി മാമുക്കോയ സാഹിബ്, കെ. പി അഹ്മദ് കോയാ സാഹിബ് എന്നിവരുടെ കൊച്ചു മകനാണ്. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

## സംസ്ഥാന ഇജ്തിമ മാറ്റിവെച്ചു

കേരളത്തിലുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് 2018 സെപ്തംബർ 8,9 തീയതികളിൽ പഴയങ്ങാടി ഗാർഡൻസിൽ നടത്താൻ തീരുമാനിച്ച മജ്‌ലിസ് അൻസാറുല്ലാഹ് കേരളാ സംസ്ഥാന ഇജ്തിമ, അൻസറുല്ലാ നാഷണൽ സദറിന്റെ അനുമതിയോടെ നീട്ടിവെച്ചതായി സംസ്ഥാന ഇജ്തിമ കമ്മിറ്റി ചെയർമാൻ അറിയിച്ചു. പുതിയ തീയതി പിന്നീട് അറിയിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

# പ്രളയക്കെടുതിയിൽ സ്നേഹ സാന്ത്വനമായി ഹ്യുമാനിറ്റി ഫസ്റ്റ്

## സി. ശമീം

നാടും നഗരവും പ്രളയ ജലത്തിൽ മുങ്ങിതാണുപോയ കേരളത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സന്നദ്ധ സേവന സംഘടനയായ ഹ്യുമാനിറ്റി ഫസ്റ്റ് (HF) നടത്തിയ ത്യാഗോജ്ജ്വലമായ സേവന പ്രവർത്തനങ്ങൾ ജനമനസ്സുകളിൽ മായാത്ത സ്നേഹ സ്പർശമായി മാറി. പേര് സൂചിപ്പിക്കുന്നത് പോലെ സർവ വിഭാഗീയതകളെയും അവഗണിച്ച് മനുഷ്യത്വത്തിന് പ്രാധമ്യം നൽകികൊണ്ട് ദൈവാനുഗ്രഹത്താൽ മനുഷ്യ സേവനത്തിന്റെ ഉദാത്തമായ ഒരു സേവനമുഖം കേരളത്തിൽ തുറക്കാൻ ഹ്യുമാനിറ്റി ഫസ്റ്റിന് സാധിച്ചു.

അഹ്മദിയ്യാ ഖലീഫ രക്ഷാധികാരിയായുള്ള ഒരു അന്തർദേശീയ സന്നദ്ധസേവന സംഘടനയാണ് ഹ്യുമാനിറ്റി ഫസ്റ്റ്. 1994 ൽ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) സാഹിബ് ആണ് ഈ സംഘടന രൂപീകരിച്ചത്. ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ആണ് HF ന്റെ രക്ഷാധികാരി. 6 ഭൂഖണ്ഡങ്ങളിൽ 52 രാജ്യങ്ങളിൽ ഹ്യുമാനിറ്റി ഫസ്റ്റ് പ്രവർത്തിക്കുന്നു. ഇത് മതപരമായ യാതൊരു നിക്ഷിപ്ത താൽപര്യങ്ങളുമില്ലാത്ത എല്ലാവിഭാഗീയതകൾക്കും അതീതമായി പൂർണമായും നിസ്വാർഥമായ മനുഷ്യ സേവനത്തിനായി സമർപ്പിക്കപ്പെട്ട സംഘടനയാണ്. പ്രകൃതിദുരന്തങ്ങൾ, യുദ്ധ/കലാപ ബാധിത പ്രദേശങ്ങൾ, മുതലായ പ്രദേശങ്ങളിലെ നിസ്സഹായരായ മനുഷ്യരുടെ സേവനവും സംരക്ഷണവും പുനരധിവാസവുമാണ് ലക്ഷ്യമാക്കുന്നത്. സമൂഹത്തിന്റെ പുറമ്പോക്കിൽ കഴിയുന്ന ദരിദ്ര ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങളും HF ന്റെ പരിധിയിൽ വരുന്നു. 2009 ൽ സൊസൈറ്റി ആക്റ്റിന് കീഴിലാണ് HF ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2018 ൽ സംഘടനക്ക് ഒരു നാഷനൽ കമ്മിറ്റിയും നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാന ഘടകവും പ്രവർത്തനക്ഷമമാണ്. തുടർന്ന് ജില്ലകൾ തോറും ഒരാൾക്ക് ചാർജ് നൽകികൊണ്ടുള്ള സംഘടിത രൂപത്തിലാണ് ഹ്യുമാനിറ്റി ഫസ്റ്റ് പ്രവർത്തിച്ചു വരുന്നത്. സമൂഹത്തിൽ സേവന സന്നദ്ധതയുള്ള എല്ലാവരേയും ഏകോപിപ്പിച്ചുകൊണ്ട് എല്ലാവരിൽ നിന്നും ധനസഹായം സ്വീകരിച്ചു കൊണ്ടും നിർദിഷ്ട സേവന രംഗത്ത് നേരിട്ട് ഏറ്റവും ഫലപ്രദമായി ചെലവഴിക്കുക എന്നതാണ് HF രീതി. എല്ലാ ഫണ്ടുകളും കർശനമായ ഓഡിറ്റിംങ്ങിന് വിധേയമാണ്.

കേരളത്തിലെ പ്രളയകാലത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിവിന്റെ പരമാവധി പ്രവർത്തിക്കാൻ ഹ്യുമാനിറ്റി ഫസ്റ്റിന് കഴിഞ്ഞു. ശക്തമായ മഴ ആരംഭിച്ച ജൂലായ് 9 മുതൽ ഹ്യുമാനിറ്റി ഫസ്റ്റ് സേവനരംഗത്ത് കുതിച്ചെത്തുകയുണ്ടായി. വയനാട് കേന്ദ്രീകരിച്ചായിരുന്നു ആദ്യത്തെ പ്രവർത്തനങ്ങൾ. മഴയുടെ ശക്തി കൂടി മഹാപ്രളയമായി മാറിക്കഴിഞ്ഞപ്പോൾ രൂക്ഷമായി പ്രളയം ബാധിച്ച ജില്ലകളിലേക്ക് കൂടി HF ന്റെ സേവനങ്ങൾ വ്യാപിപ്പിക്കുകയായിരുന്നു. 250 ലധികം സന്നദ്ധ സേവകരെ ഏകോപിപ്പിച്ചുകൊണ്ടായിരുന്നു വയനാട്, കോഴിക്കോട്, എറണാകുളം, മലപ്പുറം, തൃശ്ശൂർ, പാലക്കാട്,ആലപ്പുഴ, ചെങ്ങന്നൂർ, തിരുവനന്തപുരം എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. ആ പ്രവർത്തനങ്ങളെല്ലാം ഇപ്പോഴും തുടരുകയാണ്. ഇത്വരെ 1500 ഓളം ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു. പല സ്ഥലങ്ങളിലും സാഹസികമായി വള്ളങ്ങളിലും കാട്ട് വഴികൾ താണ്ടിയുമാണ് നമ്മുടെ വളണ്ടിയർമാർ പാചകം ചെയ്ത ഭക്ഷണമെത്തിച്ചത്. ക്ഷേത്രങ്ങളിലടക്കം 65 കിണറുകൾ ഇതിനകം വൃത്തിയാക്കി. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും ജോലിക്കാരും ആവശ്യമായ നിർദേശങ്ങൾ നൽകി കൂടെയുണ്ടായിരുന്നു.100 വീടുകളും ഒരു ക്രിസ്ത്യൻ ചാപ്പലും പൂർണമായും കഴുകി വൃത്തിയാക്കി അവിടെ വെച്ച് അവരുടെ അനുവാദത്തോടെ വളണ്ടിയർമാർ നമസ്ക്കാരവും നിർവഹിച്ചു. ദുരിതബാധിതർക്ക് താമസസ്ഥലമൊരുക്കിയ സ്കൂളുകളും വൃത്തിയാക്കി. പല പ്രവർത്തനങ്ങളുടെ റിപ്പോർട്ടും പൂർണമായി ലഭ്യമല്ല. നമ്മുടെ ആത്മാർഥമായ പ്രവർത്തനങ്ങളോട് പറഞ്ഞറിയിക്കാൻ കഴിയാത്ത സ്നേഹ വികാരത്തോടെയാണ് പ്രളയ ബാധയിൽ പെട്ടവർ പ്രതികരിച്ചത്. പല സ്ഥലങ്ങളിലും ഗവൺമെന്റ് മിഷനറികളുമായും ഉദ്യോഗസ്ഥന്മാരുമായി സഹകരിച്ചാണ് രക്ഷാ പ്രവർത്തനങ്ങളും മറ്റു ആശ്വാസ പ്രവർത്തനങ്ങളും നടത്തിയത് എന്നു മാത്രമല്ല

ചിലയിടങ്ങളിൽ ദുരിതബാധിതർക്ക് സഹായങ്ങളെത്തിക്കാൻ അവർ നേരിട്ട് കൂടെ വരുകയും ചെയ്തു. പുനരധിവാസ പ്രവർത്തനങ്ങൾ പൂർണമാവുന്നത് വരെ പല പ്രവർത്തനങ്ങളും ചെയ്തുതീർക്കാനുണ്ട്. HF ന് അതിനായി പല പരിപാടികളും ആസൂത്രണം ചെയ്തു വരുന്നു. അതിന്നായി എല്ലാവരുടെ സഹായ സഹകരണങ്ങളും മേലിലും ഉണ്ടാവണമെന്നും വിനീതമായി അഭ്യർഥിക്കുന്നു. ശ്രദ്ധേയമായ കാര്യം അഹ്മദിയ്യാ ജമാഅത്തിലെ പ്രവർത്തകരോടൊപ്പം ഹ്യുമാനിറ്റി ഫസ്റ്റിൽ പ്രവർത്തിക്കാൻ പല സ്ഥലങ്ങളിലും മറ്റു യുവാക്കളും സേവന പ്രവർത്തകരും പൊതു ജനങ്ങളും അണിനിരന്നു എന്നതാണ്. അല്ലാഹു നമ്മുടെ എളിയ പ്രവർത്തനങ്ങളെ സ്വീകരിക്കുമാറാകട്ടെ. ദുരിതമനുഭവിക്കുന്നവർക്ക് ഇനിയും സേവനം ചെയ്യാനുള്ള സൗഭാഗ്യം ഹ്യുമാനിറ്റി ഫസ്റ്റിന് നൽകുമാറാകട്ടെ. ദുരിതബാധിതർക്ക് എത്രയും വേഗം പഴയ ജീവിതത്തിലേക്ക് തിരിച്ചെത്താൻ അല്ലാഹു തുണക്കട്ടെ.

**പ്രളയബാധിത മേഖലകളിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സന്നദ്ധസേവനങ്ങൾ**


















Published on 7.09.2018
Pages 44
Vol: 90 Issue. 9
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment

**The Sathyadoothan Monthly**



MTA INTERNATIONAL

*Muslim Television Ahmadiyya International*



www.mta.tv

www.youtube.com/mtaonline1

www.alislam.org